# മഷിപ്പച്ച

## ജന്മദിനപ്പതിപ്പ്

പുസ്തകം 4 ലക്കം 1 പേജുകൾ 70 ഏപ്രിൽ 2023

ഏപ്രിൽ ഒന്ന്
മാസികയുടെ
അഞ്ചാം
ജന്മദിനം

പെൺക്കരുത്തിന്റെ കടൽപ്പെരുമ'
കവർ സ്റ്റോറി



ഡോ. സാവിത്രി നാരായണൻ



ചിരിത്തമ്പുരാൻ

ഫ്രാങ്കോ ലൂയിസ്, തേജശ്രീ,
ബാലചന്ദ്രൻ എം.ആർ, അജിത രാജൻ,
ശ്രീനന്ദിനി, ദർശന, ഫില്ലീസ് ജോസഫ്,
ശഫീഖ് അബ്ദുല്ല, മനീഷ,
വി.പി.ജോൺസ്,
സുഭാഷ് പോണോളി




ഓഫീസ്:
**മഷിപ്പച്ച മാസിക**
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com
www.varthakerala.com
email:
vyaparakeralam@gmail.com
varthakeralamdaily @gmail.com
Phone: 094471 89032

എഡിറ്റർ:
**സി. ആർ. രാജൻ**

സ്പെഷൽ കറസ്പോണ്ടന്റ്:
**ഫ്രാങ്കോ ലൂയിസ്**

കണ്ടന്റ് അഡ്വൈസർ:
**വി. യു. സുരേന്ദ്രൻ**

കറസ്പോണ്ടന്റ്:
**സി. ജി. അശോകൻ**

ടെക്നിക്കൽ ഡയറക്ടേഴ്സ്:
**ജെഫി മാത്യു ജോസ്**
**മിലു മേരി**
**റയൻ ജോസഫ്**

# എഡിറ്റേഴ്സ് പേജ്



മാസികയ്ക്ക് ഇന്ന് അഞ്ചാം ജന്മദിനം. 'വ്യാപാരകേരളം' എന്ന പേരിൽ മാസികയുടെ ആദ്യലക്കം പിറന്നത് 2019 ഏപ്രിൽ ഒന്നിനായിരുന്നു. ഒരു വർഷത്തിനുശേഷം ഏപ്രിൽ ഒന്നിനുതന്നെ, 'വാർത്താകേരളം' ഓൺലൈൻ ന്യൂസിന്റെ ആദ്യപ്രതിയും പിറന്നു. മൂന്നു പതിറ്റാണ്ടുമുമ്പ് പ്രസിദ്ധീകരണം നിലച്ചുപോയ 'ഈലിയ ബുക്സ്' ഏറ്റെടുത്ത് പുനരുജ്ജീവനം നൽകിയത് പോയ വർഷമാണ്. പുസ്തകപ്രസിദ്ധീകരണരംഗത്തും 'വ്യാപാരകേരളം' അങ്ങനെ ചുവടുറപ്പിച്ചു.

'വാർത്താകേരളം' ഓൺലൈൻ ന്യൂസിന് ഇന്ന് ലക്ഷത്തിലേറെ വായനക്കാരുണ്ട്. മലയാളി നിവസിക്കുന്നിടത്തെല്ലാം വാർത്ത എത്തിക്കുന്നതിന് 'വാർത്താകേരളം' പ്രാപ്തമായി. വാർത്തയ്ക്കൊപ്പം നൽകുന്ന ലിങ്കിൽ തൊട്ട്, 'മഷിപ്പച്ച' മാസികയുടെ വായനക്കാരായവരും ഏറെയാണ്.

വാർത്തയിലെ വിശ്വസനീയത, പക്ഷം ചേരാത്ത എഴുത്ത്, നിരന്തര നിരീക്ഷണം എന്നീ മൂല്യങ്ങളിൽ മുറുകെ പിടിച്ചുള്ള പത്രപ്രവർത്തനമാണ് 'വാർത്താകേരളം' പിന്തുടരുന്നത്. 'മഷിപ്പച്ച' മാസിക ഒരേസമയം സർഗാത്മക രചനക്കുള്ള കളരിയായും പ്രഗത്ഭമതികൾക്ക് ഇരിപ്പിടമൊരുക്കിയും ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ പ്രസക്തി നേടിക്കഴിഞ്ഞു. സൗജന്യ വായനക്ക് സൗകര്യപ്പെടുത്തിയിട്ടുള്ള 'മഷിപ്പച്ച' ഡിജിറ്റൽ സാഹിത്യ മാസികകളിൽ ഒന്നാംസ്ഥാനം അലങ്കരിക്കുന്നു എന്നതിൽ മാസികാപ്രവർത്തകർ കൃതാർത്ഥരാണ്.

'മഷിപ്പച്ച'ക്കും 'വാർത്താകേരള'ത്തിനും 'സഹൃദയസദസ്സ്' നൽകിവരുന്ന വിലമതിക്കാനാവാത്ത പിന്തുണക്ക് നന്ദി. അംഗങ്ങളെല്ലാം എഴുത്തുകാരായ സാംസ്കാരിക സംഘടനയാണ് 'സഹൃദയ സദസ്സ്'. സവിശേഷമാംവിധം സാംസ്കാരിക ഇടപെടലുകൾ നടത്തിവരുന്ന 'സഹൃദയ സദസ്സി'ന്റെ പ്രവർത്തനങ്ങൾ മാസികക്ക് മുതൽക്കൂട്ടാണ്.

എഴുത്തിലെ നവപ്രതിഭകളെ കണ്ടെത്തി ആദരിക്കുന്നതിന്, 'മുണ്ടൂർ കൃഷ്ണൻകുട്ടി സ്മാരക കഥാപുരസ്കാര'വും 'സിആർപി പണിക്കർ സ്മാരക കവിതാ പുരസ്കാര'വും മാസിക ഏർപ്പെടുത്തിയിട്ടുണ്ടെന്നും ഇത്തരുണത്തിൽ സ്മരിക്കുന്നു. അഞ്ചാം ജന്മദിനാഘോഷവേളയിൽ മാസികയുടെ എല്ലാ പ്രിയ വായനക്കാർക്കും എഴുത്തുകാർക്കും ഒപ്പം നിൽക്കുന്ന മിത്രങ്ങൾക്കും ക്ഷേമാശംസകൾ നേരുന്നു. ഒപ്പം നന്ദിയും.

**-സി.ആർ.രാജൻ,**
എഡിറ്റർ

# കാർട്ടൂൺ കേരളം:






എം. ആർ. ബാലചന്ദ്രൻ

## അകത്താളുകളിൽ

### ലേഖനം/പംക്തി


ഫ്രാങ്കോ ലൂയിസ്: പേജ് 4, പേജ് 13
തേജശ്രീ: പേജ് 19
അജിതരാജൻ പേജ് 25
ശ്രീനന്ദിനി സജീവ് പേജ് 37

കുട്ടികളുടെ മഷിപ്പച്ച പേജ് 68


### പുസ്തകപരിചയം


ഡോ. എം. കൃഷ്ണൻ നമ്പൂതിരി പേജ് 40


### കാർട്ടൂൺ


എം. ആർ. ബാലചന്ദ്രൻ പേജ് 3


### കഥ


ദർശന പേജ് 21
അജേഷ് കടന്നപ്പള്ളി പേജ് 42
സജന സന്തോഷ് പേജ് 44
ഗ്രീഷ്മ അമൽ പേജ് 48
ഇന്ദു പി.കെ. പേജ് 51


### കവിത


രാജു കാഞ്ഞിരങ്ങാട് പേജ് 8
ഫില്ലീസ് ജോസഫ് പേജ് 9
മനീഷ പേജ് 10
ശഫീഖ് അബ്ദുള്ള പേജ് 11
നിത്യലക്ഷ്മി പേജ് 12
വി. പി. ജോൺസ് പേജ് 35
സുഭാഷ് പോണോളി പേജ് 36
ബഷീർ മുളിവയൽ പേജ് 41
കെ. ആർ. ജോൺസൺ പേജ് 54
കൃഷ്ണകുമാർ മാപ്രാണം പേജ് 55
ഉണ്ണികൃഷ്ണൻ മുതുകുളം പേജ് 56
ഷബ്ന അബൂബക്കർ പേജ് 57
അശ്വതി വി. വി. പേജ് 58
ശിവൻ തലപ്പുലത്ത് പേജ് 59
ഹണി ഹർഷൻ പേജ് 60
രാജലക്ഷ്മി മഠത്തിൽ പേജ് 61
നിബിൻ കള്ളിക്കാട് പേജ് 62
കയ്യുമ്മു കോട്ടപ്പടി പേജ് 63
അജിത രതീഷ് പേജ് 64
ആന്റണി കൈതാരത്ത് പേജ് 65
ജിഷ മേനോത്തുപറമ്പിൽ പേജ് 66
കുന്നംകുടത്തു ഈനാശു പോൾ പേജ് 67

# ചിരിത്തമ്പുരാൻ

അരനൂറ്റാണ്ടുകാലം ജനലക്ഷങ്ങളെ കുടുകുടാ ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്ത ചിരിയുടെ തമ്പുരാൻ. പേരുപോലെ നിഷ്കളങ്കനായ ഇന്നസെന്റ് ചിരിയരങ്ങൊഴിഞ്ഞു. ഇന്നസെന്റ് ഇനി ചിരിക്കില്ലെങ്കിലും അദ്ദേഹം അഭിനയിച്ച 750 എണ്ണംപറഞ്ഞ സിനിമകളിലൂടെ നമ്മെയെല്ലാം ചിരിപ്പിച്ചുകൊണ്ടേയിരിക്കും.





ഫ്രാങ്കോ ലൂയിസ്

## തലതൊട്ടപ്പൻ

സിനിമയിൽ ഇന്നസെന്റ് നമ്മെ ചിരിപ്പിച്ച വിശേഷങ്ങൾ നമുക്കെല്ലാം അറിയാവുന്നതാണ്. സിനിമാരംഗത്തുള്ളവർക്കു മാത്രം അറിവുള്ള മറ്റൊരു വിശേഷമുണ്ട്; രണ്ടു പതിറ്റാണ്ടായി മലയാളം സിനിമയുടെ ഗോഡ്ഫാദറായിരുന്നു ഇന്നസെന്റ്. സിനിമയുടെ പിന്നാമ്പുറത്ത് അനുദിനമെന്നോണം ഈഗോ ക്ലാഷുകളും കലഹങ്ങളും പോരും ഗ്രൂപ്പിസവുമെല്ലാം പതിവാണ്. ഒരേ സിനിമയുടെ സെറ്റിലുള്ള അഭിനേതാക്കൾ തമ്മിൽ, സംവിധായകനും സൂപ്പർതാരവും തമ്മിൽ, സംവിധായകനും പ്രൊഡ്യൂസറും തമ്മിൽ, പ്രൊഡക്ഷനിലുള്ളവരും താരങ്ങളും തമ്മിൽ.

അഹങ്കാര കൊടുമുടിയിൽ വാഴുന്നവരാണ് സിനിമാ രംഗത്തുള്ള എല്ലാവരും. ഇന്നസെന്റിന്റെ വാക്കുകളിൽ 'മേൽപോട്ടും കീഴ്പോട്ടും ഉഴിയാനാവില്ല'. അങ്ങനെയുള്ളവർക്കിടയിലാണ് ഇന്നസെന്റ് രണ്ടു പതിറ്റാണ്ടിലേറെയായി ഊരുമൂപ്പന്റെ റോൾ പയറ്റിയത്. വ്യക്തി തർക്കങ്ങളുടെ പേരിലുള്ള പോരുകൾ അധികവും അങ്ങാടിപ്പാട്ടാകാറില്ല. അതി

നു മുമ്പേ അനുനയത്തിന്റെ തേൻ പുരട്ടി പരിഹരിച്ചിരിക്കും.

വ്യക്തികൾ തമ്മിലുള്ള പോരുകളാണ് പലപ്പോഴും അവർ പ്രതിനിധാനം ചെയ്യുന്ന സംഘടനകൾ തമ്മിലുള്ള തുറന്ന ഏറ്റുമുട്ടലിൽ കലാശിക്കാറുള്ളത്. കരുത്തുറ്റ സംഘടനകൾ തമ്മിൽ പൊരിഞ്ഞ അടിയുണ്ടായിട്ടുണ്ട്. പലപ്പോഴും സിനിമാ വ്യവസായത്തെ ത്തന്നെ പ്രതിസന്ധിയിലാക്കുകയും ചെയ്തു. അത്തരം പ്രതിസന്ധികൾ പരിഹരിക്കാനും ഇന്നസെന്റിന്റെ ഇടപെടലുകളുണ്ടായി. ആരുടേയും ഈഗോയ്ക്കു ക്ഷീണമുണ്ടാക്കാതേയും കൊട്ടിഘോഷിക്കാതേയുമുള്ള ഒത്തുതീർപ്പു ഫോർമുകളാണ് ഇന്നസെന്റിന്റെ പ്രത്യേകത. അപാരമായ നയതന്ത്രം. അങ്ങനെ സിനിമയുടെ ഗോഡ് ഫാദറായിരുന്നതുകൊണ്ടാണ് താരസംഘടനയായ 'അമ്മ' രൂപീകരിച്ചപ്പോൾ എല്ലാവരും ഇന്നസെന്റിനെ പ്രസിഡന്റാക്കി അവരോധിച്ചത്. 18 വർഷം അമ്മയുടെ പ്രസിഡന്റായി തുടർന്നതും ആ അപ്രമാദിത്വം കൊണ്ടാണ്.



പല പ്രശ്നങ്ങളും ഇന്നസെന്റ് തീർപ്പാക്കിയതിന്റെ വിശേഷങ്ങൾ സത്യൻ അന്തിക്കാടും ഇടവേള ബാബുവുമെല്ലാം ഒതുക്കത്തിൽ പങ്കുവയ്ക്കാറുണ്ട്. ഇന്നസെന്റിന് അന്ത്യാഞ്ജലി അർപ്പിക്കാൻ എത്തിയ സൂപ്പർ താരങ്ങൾ മുതൽ സംവിധായകർവരെ എല്ലാവരും വിതുമ്പിക്കരഞ്ഞുപോയി.

## ലോക്സഭയിൽ

2014 ൽ ചാലക്കുടിയിൽനിന്നു ലോക്സഭാംഗമായി തെരഞ്ഞെടുക്കപ്പെട്ടപ്പോൾ ഇന്നസെന്റ് ഡൽഹിയിൽ പോയി എന്തു ചെയ്യുമെന്നു കരുതിയ ചുരുക്കം ചിലരെങ്കിലും ഉണ്ടാകും. മണ്ഡലത്തിലെ വികസന പദ്ധതികൾക്കായി ഇന്ദ്രപ്രസ്ഥത്തിലെ മന്ത്രി ഓഫീസുകൾ കയറിയിറങ്ങി അറിയാവുന്ന ഭാഷകളെല്ലാം എടുത്തു പയറ്റി. ഒരു പാടു ഡിഗ്രികളൊന്നും ഇല്ലെങ്കിലും മലയാളത്തിനു പുറമേ, തമിഴ്, തെലുങ്ക്, കന്നഡ എന്നിവ നന്നായി കൈകാര്യം ചെയ്യും. ഡൽഹിയിൽ എത്തിയതോടെ ഹിന്ദിയും ശീലിച്ചു. ലോക്സഭയിൽ അച്ചടക്കമുള്ള എംപിയായിരുന്നു. മണ്ഡലത്തിലെ ജനങ്ങൾക്കു വേണ്ടിയുള്ള വിഷയങ്ങൾ സഭയിൽ അവതരിപ്പിക്കുകയും ചെയ്തു.

രാഷ്ട്രീയവും പൊതുപ്രവർത്തനവും ഇന്നസെന്റിനു പുതുമയുള്ള വിഷയമല്ല. സിനിമയിൽ പച്ചപിടിക്കുന്നതിനു വളരെ മുമ്പേ, 1979 ൽ ഇരിങ്ങാലക്കുട നഗരസഭയിലേക്കു സ്വതന്ത്രനായി മൽസരിച്ചു ജയിച്ച മിടുക്കനാണ്. ഡിവിഷനിൽ ജനങ്ങളുടെ കരഘോഷം നേടിയ കൗൺസിലർ തന്നെയായിരു

ന്നു. പക്ഷേ, ബിസിനസും രാഷ്ട്രീയവും അദ്ദേഹം ഉപേക്ഷിച്ചു.

ഒരിക്കൽ പഴയ വിശേഷങ്ങൾ പങ്കുവച്ചപ്പോൾ, രാഷ്ട്രീയത്തിലെ കുതികാൽ വെട്ടലും കൈയിട്ടുവാരലും ഇഷ്ടമല്ലാത്തതുകൊണ്ടാണ് രാഷ്ട്രീയം ഉപേക്ഷിച്ചതെന്നാണ് ഇന്നസെന്റ് പറഞ്ഞത്. ഒരവസരം വന്നാൽ രാഷ്ട്രീയത്തിൽ സ്ഥാനാർഥിയായി മൽസരിക്കുമോയെന്നു ഞാൻ ചോദിച്ചു. മൽസരിക്കുമെന്നു മാത്രമല്ല, വിജയിക്കുമെന്നുമായിരുന്നു മറുപടി. തികഞ്ഞ ആത്മവിശ്വാസം ആ വാക്കുകളിലുണ്ടായിരുന്നു. അഞ്ചു വർഷത്തിനുശേഷം 2014 ൽ ചാലക്കുടി ലോക്സഭാ മണ്ഡലത്തിൽ എൽഡിഎഫ് സ്ഥാനാർത്ഥിയായി മൽസരിച്ചു ജയിക്കുമെന്ന് അന്ന് അദ്ദേഹം കരുതിയിരുന്നില്ല. കോൺഗ്രസിന്റെ കരുത്തനായ നേതാവ് പി.സി. ചാക്കോയെ പരാജയപ്പെടുത്തിയാണ് ഇന്നസെന്റ് ലോക്സഭയിൽ എത്തിയത്. പ്രചാരണത്തിന്റെ ആദ്യ നാളുകൾ മുതലേ, 'പാട്ടും പാടി ജയിക്കു'മെന്നു തന്നെയാണ് ഇന്നസെന്റ് പറഞ്ഞിരുന്നത്.

2019 ൽ വീണ്ടും മൽസരിച്ചെങ്കിലും കോൺഗ്രസിന്റെ ബെന്നി ബഹനാനോടു തോറ്റു. തോൽവിയേയും കൂളായാണ് അദ്ദേഹം കൈകാര്യം ചെയ്തത്.

## ചിരിത്തമ്പുരാൻ

അമ്പതു വർഷത്തിനിടെ അഭിനയിച്ച 750 സിനിമകളിലും ചിരിയുടെ വെടിക്കെട്ടാണ് ഇന്നസെന്റ് ആസ്വാദക ലക്ഷങ്ങൾക്കു സമ്മാനിച്ചത്. കിലുക്കത്തിലെ തിരുമണ്ടനായ വേലക്കാരൻ കിട്ടുണ്ണി. ഭൂതപ്രേതപിശാചുക്കളെ ഭയന്ന് ഓടിയ മണിച്ചിത്രത്താഴിലെ ഉണ്ണിത്താൻ. ഏതു കടമ്പയും ചാടിക്കടക്കുന്ന വിയറ്റ്നാം കോളനിയിലെ കെ കെ ജോസഫ്. നാടകാചാര്യൻ മാന്നാർ മത്തായി. മഴവിൽക്കാവടിയിലെ ദുരഭിമാനിയായ ജന്മി കളരിക്കൽ ശങ്കരൻകുട്ടി മേനോൻ.

അദ്വൈതത്തിലെ നിഷ്ഠൂരനായ ഡിഐജി ശേഷാദ്രി അയ്യർ. ദേവാസുരത്തിലെ കാര്യസ്ഥൻ വാര്യർ... ഇങ്ങനെ അനേകം കഥാപാത്രങ്ങൾ. ഓർത്തോർത്തു ചിരിക്കാനും ചിന്തിക്കാനുമുള്ള അനേകായിരം മുഹൂർത്തങ്ങളാണ് ഇന്നസെന്റ് സമ്മാനിച്ചത്.

1972 ൽ പുറത്തിറക്കിയ നൃത്തശാലയിലാണ് ആദ്യമായി അഭിനയിച്ചത്. സിനിമയിൽ അഭിനയിക്കാനുള്ള അഭിവാഞ്ചയെ ഇച്ഛാശക്തിയോടെ, കഠിനാധ്വാനത്തിലൂടെ സാക്ഷാത്കരിച്ച കഥയാണ് ഇന്നസെന്റിന്റെ സിനിമാ ജീവിതം.

ജീവിതത്തിൽ പല വേഷങ്ങൾ കെട്ടിയിട്ടുണ്ട്. സൈക്കിളിൽ സഞ്ചരിച്ചു ചീപ്പ്, സോപ്പ്, കണ്ണാടി വിറ്റു, തീപ്പെട്ടിക്കമ്പനി മുതലാളിയായി, സിനിമയിൽ തലകാണിക്കാൻ അവസരം തേടി കോടമ്പാക്കത്ത് അലഞ്ഞുനടന്ന ഭാഗ്യാന്വേഷി തുടങ്ങി പല റോളുകളും.

1989 ൽ പുറത്തിറങ്ങിയ റാംജി റാവു സ്പീക്കിംഗിലെ മാന്നാർ മത്തായിയുടെ വേഷമാണ് ഇന്നസെന്റിനെ ചിരിയുടെ സൂപ്പർ താരമാക്കിയത്. ആ സിനിമയെക്കുറിച്ച് ഇന്നസെന്റ് പറഞ്ഞ വാക്കുകൾ ഇങ്ങനെയാണ്: 'ഞാനും ആലീസും മോനും കൂടി തൃശൂ രിൽ സിനിമയ്ക്കു കയറി. സിനിമ കണ്ട് ആളുകൾ കസേരയിൽ കയറിനിന്നു ചിരിക്കുകയാണ്. ചിരിയുടെ തിരമാലകൾക്കു നടുവിൽ ഒരാൾ മാത്രം ചിരിക്കാതെ ഇരിക്കുന്നുണ്ടായിരുന്നു, ഞാൻ. ചിരിക്കു പകരം എന്റെ കണ്ണിൽ നിന്നു കണ്ണീർ ഒഴുകിക്കൊണ്ടേയിരുന്നു. ഇതിനാണല്ലോ ദൈവ



മേ ഞാൻ ഇത്ര നാൾ അലഞ്ഞത്, പട്ടിണി കിടന്നത്, പരിഹസിക്കപ്പെട്ടത്, ഉടുതുണിക്കു മറുതുണിയില്ലാതെ ഒളിച്ചിരുന്നത്, ഭ്രാന്തിന്റെ വക്കോളം ചെന്നെത്തിയത്... അതോർത്തപ്പോൾ ആ ഇരുട്ടിൽ, അട്ടഹാസത്തിനും ചിരികൾക്കും നടുവിൽ ഇരുന്നു ഞാൻ തേങ്ങിക്കരഞ്ഞുപോയി. ആഘോഷത്തിനിടയിൽ പക്ഷേ, ആരും അതു കണ്ടില്ല.'

തുടർന്നങ്ങോട്ട് ഇന്നസെന്റിന്റെ ചിരിയമിട്ടുകളില്ലാതെ സിനിമയില്ലെന്ന നിലയിലായി. സവിശേഷമായ ശരീരഭാഷയും തൃശൂർ ശൈലിയിലുള്ള സംഭാഷണവും ഇന്നസെന്റിന്റെ സവിശേഷതകളായി. 'മണിച്ചിത്രത്താഴ്', 'കിലുക്കം', 'വിയറ്റ്നാം കോളനി', 'ഗജകേസരിയോഗം', 'ഡോക്ടർ പശുപതി', 'മാന്നാർ മത്തായി സ്പീക്കിംഗ്', 'കാബൂളിവാല', 'ദേവാസുരം', 'പത്താംനിലയിലെ തീവണ്ടി', 'അക്കരെ നിന്നൊരു മാരൻ', 'ദൂരെ ദൂരെ ഒരു കൂട് കൂട്ടാം', 'ധീം തരികിട തോം', 'നാടോടിക്കാറ്റ്', 'പൊന്മുട്ടയിടുന്ന താറാവ്', 'പട്ടണപ്രവേശം', 'വടക്കുനോക്കിയന്ത്രം', 'മഴവിൽ കാവടി', 'തലയണമന്ത്രം' തുടങ്ങി നിരവധി ചിത്രങ്ങളിൽ ശ്രദ്ധേയ കഥാപാത്രങ്ങളെ അവതരിപ്പിച്ച് കയ്യടി നേടി. ഇറങ്ങാനിരിക്കുന്ന 'പാച്ചുവും അത്ഭുത വിളക്കും' ആണ് അവസാനചിത്രം.

1989 ൽ മികച്ച രണ്ടാമത്തെ നടനുള്ള സംസ്ഥാന ചലച്ചിത്ര പുരസ്കാരം (ചിത്രം: മഴവിൽക്കാവടി) നേടി. ഏതാനും സിനിമകളുടെ നിർമാതാവുമാണ്. മലയാളത്തിനു പുറമേ ഹിന്ദി, തമിഴ്, കന്നഡ, ഇംഗ്ലിഷ് ഭാഷകളിലും അഭിനയിച്ചിട്ടുണ്ട്.

മഴക്കണ്ണാടി, ഞാൻ ഇന്നസെന്റ്, കാൻസർ വാർഡിലെ ചിരി, എന്നീ ഗ്രന്ഥങ്ങളും ചിരിക്കു പിന്നിൽ എന്ന ആത്മകഥയും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സ്വന്തം പഠനത്തേയും വിദ്യാഭ്യാസത്തേയുമെല്ലാം പരിഹസിച്ചുകൊണ്ടു സരസമായി സംസാരിക്കാറുള്ള ഇന്നസെന്റ് എന്തു പറഞ്ഞാലും ശിലപോലും ചിരിച്ചുപോകും. ഏതാനും വർഷമായി കാൻസർരോഗത്തിനു ചികിൽസയിലായിരുന്നു. രോഗത്തെ ഇച്ഛാശക്തികൊണ്ടു ചിരിമരുന്നുകൊണ്ടുമാണു നേരിട്ടത്. ആ വിശേഷങ്ങളും അദ്ദേഹം സരസമായി പങ്കുവയ്ക്കാറുണ്ട്.

ഇന്നസെന്റിന്റെ വേർപാടു വിവരമറിഞ്ഞ മോഹൻലാൽ കുറിച്ചത് ഇങ്ങനെയാണ്: 'എന്താ പറയേണ്ടത് എന്റെ ഇന്നസെന്റ് ... ആ പേരുപോലെ തന്നെ നിഷ്കളങ്കമായി ലോകത്തിന് മുഴുവൻ നിറഞ്ഞ ചിരിയും സ്നേഹവും സാന്ത്വനവും പകർന്ന്, ഒപ്പമുള്ളവരെ ഒരു സഹോദരനെപ്പോലെ ചേർത്തുപിടിച്ച്, എന്ത് കാര്യത്തിനും കൂടെ നിന്ന്, തണലും തലോടലുമായ നിങ്ങളുടെ വേർപാടിന്റെ സങ്കടം എങ്ങനെ വാക്കുകളിൽ ഒതുക്കും എന്നറിയില്ല. പോയില്ല എന്ന് വിശ്വസിക്കാനാണ് ഇപ്പോഴും മനസ്സ് പറയുന്നത്. ഓരോ നിമിഷവും ആ നിഷ്കളങ്ക ചിരിയും സ്നേഹവും ശാസനയുമായി എന്റെ ഇന്നസെന്റ് എന്നും കൂടെത്തന്നെ ഉണ്ടാവും. എവിടെ ആണെങ്കിലും എന്ത് കാര്യത്തിനും ഓടിവരാൻ ഇനിയും നിങ്ങൾ ഇവിടെത്തന്നെ കാണും...'



അതേ, ഇന്നസെന്റ് നമ്മെയെല്ലാം ചിരിപ്പിച്ചുകൊണ്ട് എന്നും നമ്മോടൊപ്പം ഉണ്ടാകും.

•



# വിഷു വന്നേ....

കൊന്നപ്പൂങ്കുല ഞാന്നു കിടപ്പൂ
കുന്നേ കുന്നോളം
വേനൽക്കണ്ടത്തിൽ
വെയിൽക്കിളി പാടി
വിഷു വന്നേ വന്നേപോയ്

മൂത്തുവിളഞ്ഞ കണിവെള്ളരികൾ
മഞ്ഞക്കുറിതൊട്ടു
ചാഞ്ചക്കം ചാഞ്ചക്കം ചാഞ്ചാടുന്നു
ചക്കര മാമ്പഴവും
മേടം വന്നതു മാടപ്പിറാവുകൾ
പാടി നടക്കുന്നേ
മേലേക്കാവിലും നാടൊട്ടുക്കും
പൂരം പൊടിപൂരം

ലാത്തിരി പൂത്തിരി കമ്പിത്തിരിയും
ഗുണ്ടുമമിട്ടുകളും
ഇല്ലംനിറ വല്ലംനിറ പത്തായം നിറ
പാടും വിഷുക്കിളിയും
മാമല പൂമല മലയാളക്കര
എങ്ങും സന്തോഷം

ഇത്തിരി കൊന്നപ്പൂവൊന്നു കണ്ടാൽ
ഒത്തിരി സന്തോഷം
നല്ലൊരു നാളെ എന്ന പ്രതീക്ഷകൾ
പാടും സംഗീതം
ഉണ്ണികളെല്ലാം ഉത്സാഹത്തിൻ
പൂത്തിരി കത്തിപ്പൂ
ഉത്സവമല്ലോ മണ്ണിനും വിണ്ണിനും
മേടപെൺകൊടിക്കും



രാജു കാഞ്ഞിരങ്ങാട്

കവിത





ഫില്ലീസ് ജോസഫ്

# രാജ്ഞി

തെറ്റിദ്ധരിക്കരുത്
അവളുറങ്ങുകയല്ല
ഉയർത്തെഴുന്നേല്പിന്റെ
പടികളിലിടയ്ക്ക് ശാന്തസമുദ്രത്തെ
ആവാഹിക്കയാണ്....

അതിന്ദ്രിയജ്ഞാനമുദ്രയിൽ മുഴുകി പ്രപഞ്ചത്തെ
പെണ്ണിടത്തിന്റെ സിംഹാസനമാക്കുകയാണ്

പക്ഷേ, താരാട്ടിന്റെ ഒരു വരി കൊണ്ടവൾ
സ്വർഗ്ഗമുണ്ടാക്കുകയല്ല

പീഡകളുടെ ഇരുമ്പുകൂടങ്ങൾ കൊണ്ട്
തകർക്കാനാവാത്ത
ശിലാമന്ദിരങ്ങൾക്ക് തറക്കല്ലിടുകയാണ്

ലൈംഗീകദാരിദ്രത്തിന്റെ
പേക്കോലങ്ങളെ
കരിങ്കൽപ്പാളയത്തിലേയ്ക്ക് ആട്ടിയോടിക്കുകയാണ്

അതെ അവളൊരു രാജ്ഞിയാണ്
പ്രതിരോധപ്പടവുകളുള്ള
സ്വാതന്ത്ര്യസാമ്രാജ്യത്തിലെ
മഹാറാണി!



# തോറ്റുപോയവൾ കവിതയെഴുതുമ്പോൾ



മനീഷ

തോറ്റുപോയവൾ
കവിതയെഴുതുമ്പോൾ
കടലാസ്സിൽ വിഷാദത്തിന്റെ
കരിനീല മഷി പടരും
വരികളിൽ ക്ലാവ് പിടിച്ച
ജീവിതം പറ്റിനില്ക്കും
കല്ലിലുരച്ചിട്ടും
ബാക്കി നില്ക്കുന്ന
വരാൽ ചെതുമ്പൽ കണക്കെ
നിരാസത്തിന്റെ പാടുകൾ
വരികളിലൊട്ടി നില്ക്കും.
അവളുടുക്കാൻ കൊതിച്ച
ചേലകണക്കെ തിളങ്ങുന്ന
ബിംബമൊരെണ്ണം
വരികൾക്കിടയിൽ
ഒളിച്ചിരിക്കും.
അവളുടെ അരിഞ്ഞ
സ്വപ്ന ചിറകുകൾ
കാറ്റിൽ ലിപികളില്ലാ വരികൾ മൂളും.
സ്നേഹം സ്നേഹം
എന്ന വാക്കുമാത്രം
വരികൾക്കിടയിൽ
ഏച്ചു നില്ക്കും.
തോറ്റുപോയത്
പോരാടാനറിയാതെയല്ല
വൈകാരികമായൊരു മനസ്സും
അതിനുള്ളിലെ സ്നേഹവും
കൊണ്ടാണെന്ന്
കടുപ്പിച്ച വരികൾ
ഓർമിപ്പിക്കും.
തോറ്റുപോയതാരും
അറിയാതിരിക്കാൻ
ബലികൊടുത്ത സ്വാഭിമാനം
വരികളെ തീണ്ടാതെ അലയും.
പിടിച്ചുനിൽക്കാൻ ശ്രമിച്ചു
തഴമ്പിച്ച ഹൃദയം
കവിതയിൽ സ്പന്ദിക്കും .
കണ്ണീരിന്റെ ഉപ്പാൽ കവിതയിൽ
കയ്പ്പ് മുന്തി നില്ക്കും.
തോറ്റുപോയവളുടെകവിത
ആസ്വാദകർ നുകരുമ്പോൾ,
അവൾ അക്ഷരങ്ങളെ മറന്നു
പൊട്ടിക്കരയുകയോ,
ചിരിക്കുകയോ ആകും.
അവളുടെ കവിത പോലെ!

കവിത

# ഒളിച്ചു കടത്തുന്നവർ

പങ്കുവെക്കപ്പെടാത്ത
പരിഭവങ്ങളുടെ
പ്രളയത്തിലാണ്
ആരും കാണാത്തൊരു
പുഴയൊഴുകുന്നത്.

മുഖം കറുപ്പിച്ച കാർമേഘം
ഇടിവെട്ടിപ്പെയ്യുമ്പോൾ
തിളച്ചുമറിഞ്ഞ പുഴ
കരകവിഞ്ഞൊഴുകും.

ഉള്ളുരുക്കങ്ങളുടെ
വേലിയേറ്റത്തിൽ,
കരയിലേക്കു ചാടിയ
മീനുപോലെ പിടഞ്ഞ്
ഹൃദയം മരിച്ച ദേഹം
ബാക്കിയാക്കുന്നവർ,

കത്തുന്ന നോവുകൾ
അകത്തിട്ട് വേവിച്ച്
ആരും കാണാതെ
വിശപ്പടക്കി,
വെളിയിൽ വ്യാജമായൊരു
ചിരി സമ്മാനിക്കും.

ഇറക്കിവെക്കാത്ത
കദനഭാരങ്ങളുടെ
ചുമടുപേറി
ദൂരമെത്രയാണവർ
നടന്നു തീർക്കുന്നത്?

ഒടുവിൽ,
ഒരു കുറിപ്പിലെല്ലാ
സങ്കടങ്ങളും
ഒരു കുരുക്കിലാ ദേഹവും
കൊളുത്തിവെച്ച്
ജീവിതത്തെ
മരണത്തിലേക്ക്
ഒളിച്ചു കടത്തുന്നവർ...



**ശഫീഖ് അബ്ദുല്ല**





# വേശ്യയുടെ കാമുകൻ



നിത്യലക്ഷ്മി

ഇവൾ നിന്റെയാരെന്ന്
കാക്കി വേഷങ്ങൾ!
ആരുമല്ല..! പക്ഷേ,
ആരോ ആണെന്ന് മനം.
ആരുമല്ലെങ്കിലെന്ത്?! എങ്കിലും
എന്റെ എല്ലാമല്ലേയെന്ന് ഹൃദയം.
വിരഹം മണി കൊട്ടി വിളിക്കുന്നു..
ഇനി നമ്മൾ കാണില്ലല്ലോ
എന്നോർത്തോർത്ത്
നൊമ്പരപ്പെടുന്നു.!
ഇവനെ മാറ്റി നിർത്തെന്ന്
ലാത്തി കുത്തിയ കാക്കി.
ഞാനൊന്ന്,
മുഖം കണ്ടോട്ടെയെന്ന്,
പിടഞ്ഞ് ചത്ത കണ്ണുകൾ.

അരികിൽ നൂറാളുകൾ,
നിന്നുമിരുന്നും ചിരിക്കുന്നു.
അവളുടെ തൂങ്ങി നിന്ന
കാലുകൾക്ക് കീഴിൽ,
അടിവസ്ത്രമുണ്ടോ സാറേയെന്ന്,
അഴുകിയ ചിരികൾ കുലുങ്ങുന്നു.
പണിയെടുത്ത് പണിയെടുത്ത് പാവം
തൂങ്ങിയതാകും സാറേയെന്ന്
ഒരു അശ്ലീലച്ചിരി മുഴങ്ങുന്നു.
ആരുമെടുക്കാത്ത
നാണയത്തുട്ടായാൽ
ഇതൊക്കെയല്ലേ പറ്റൂവെന്ന്
നിഴലുകളുടെ പരദൂഷണം.

ഒടുവിലവരെന്നെ
വീണ്ടും വിളിക്കുന്നു,
ഇവൾ നിന്റെയാരെന്ന്
വീണ്ടുമൊരു നോട്ടം.
ഞാനോ, വെറുമൊരു
ചായക്കാരൻ പയ്യനെന്ന്
ചിരി കോട്ടിയ ചുണ്ടുകൾ.
ആരുമല്ലെന്ന് നെടുവീർപ്പിട്ട്
നെഞ്ച് തടവുന്നതിനിടയിൽ,
അവളുടെ മരവിച്ച ചുണ്ടുകൾ
ചിരിച്ചു കാട്ടുന്നു,
നീയെന്നെ അലിവോടെ
നോക്കുന്നുവെന്ന് അവൾ,
ചുംബിച്ച് പറഞ്ഞതോർക്കുന്നു.
നീ മാത്രമാണെന്നെയിങ്ങനെ
പുണർന്നുറങ്ങിയതെന്ന്
പറഞ്ഞപ്പോൾ,
അവളുടെ കണ്ണിലൊരു
തിരയിളക്കം കണ്ടതോർക്കുന്നു.
നിന്നെയല്ലാതെയാരെയും ഞാൻ
ഹൃദയത്തോളം ചേർത്തിട്ടില്ലെന്ന്
അവളുടെ നെഞ്ചിടിപ്പ്
പറഞ്ഞതോർക്കുന്നു.
ഒരു ചായ നേരത്തിന് ശേഷം
വീണ്ടും ചായം പൂശിയ ചുണ്ടിൽ
അവൾ, മറ്റൊരാളെ
വലിച്ചുകയറ്റുന്നത് ഓർക്കുന്നു.
അവൾ എന്റെയാരുമല്ലെന്ന്
മനസ്സ് പഠിച്ചു കൊണ്ടിരിക്കുന്നു,
ഒരു ചായ നേരത്തിനപ്പുറം ഒന്നുമില്ലെ
ന്ന്,
ഒരു ചായക്കാരനപ്പുറം ആരുമല്ലെന്ന്,
ഒരു മിഠായിപ്പൊതിയുടെ
മധുരമുള്ള ചിരി മാത്രമെന്ന്,
സ്വയം പഠിച്ച്, പഠിപ്പിക്കുന്നു..!,
എന്നിട്ടും മനസ്സ് പിന്നെയും
'നീ മാത്രമാണെന്നെ'യെന്നതിൽ,
കുരങ്ങുന്നു,
അവളെന്റെയാണെന്ന്
നിലവിളി തെറിക്കുന്നു.
അരികിലൊരാളിൽ
ചിരി പൊട്ടുന്നു.
പിന്നെ,
നൂറാളുകളിൽ ചിരി പടരുന്നു.
'വേശ്യയുടെ കാമുകനെന്ന്'
അവർ ചിരി പൊത്തുന്നു..!



# രാഹുൽ ഒരു ബൂമറാംഗ്; വില, കീശ കീറും



**അപകീർത്തി കേസിൽ രണ്ടു വർഷത്തെ തടവുശിക്ഷ. വിധി പുറത്തുവന്ന് മണിക്കൂറുകൾക്കകം ലോക്സഭാ സെക്രട്ടേറിയറ്റിനെക്കൊണ്ട് പാർലമെന്റ് അംഗത്വം റദ്ദാക്കിക്കുകയും ചെയ്തു.**



ഫ്രാങ്കോ ലൂയിസ്

**രാ**ഹുൽ ഗാന്ധി അടക്കമുള്ള പ്രതിപക്ഷ നേതാക്കളെ ഇതോടെ തീർത്തുകളയാമെന്നാണ് നരേന്ദ്രമോദിയും അമിത് ഷായും കരുതുന്നത്. രാഹുലിനെ മാത്രമല്ല, എതിർശബ്ദങ്ങളെയെല്ലാം ഏതു വിധേനെയും ഇല്ലാതാക്കാനുള്ള പോരാട്ടമാണിത്. ജനാധിപത്യം നിശബ്ദമായി അരുംകൊല ചെയ്യപ്പെടുന്നു. രാജ്യത്തെ ഹൈജാക്ക് ചെയ്യുന്ന പ്രസ്ഥാനത്തിന്റെ മുഖ്യ അജണ്ടയാണത്. കപടദേശീയതയും മതാന്ധതയുമെല്ലാം അതിനുള്ള തന്ത്രങ്ങളിൽ ചിലതു മാത്രമാണ്.

രാഹുൽ ഗാന്ധിക്കെതിരേ ലോക്സഭാ സ്പീക്കർ ഓം ബിർളയെക്കൊണ്ടു വാളുവീശിക്കാനുള്ള ആലോചനകൾ പുരോഗമിച്ചു വരികയായിരുന്നു. അതിനിടയിലാണ് ആവർ ആഗ്രഹിച്ച ഉത്തരവു സൂറത്ത് ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ട് ചാട്ടുളി പോലെ വീശിയെറിഞ്ഞത്. അപകീർത്തി കേസിൽ രണ്ടു വർഷത്തെ തടവുശിക്ഷ. വിധി പുറത്തുവന്ന് മണിക്കൂറുകൾക്കകം ലോക്സഭാ സെക്രട്ടേറിയറ്റിനെക്കൊണ്ട് പാർലമെന്റ് അംഗത്വം റദ്ദാക്കിക്കുകയും ചെയ്തു. ശിക്ഷിച്ച കോടതി അപ്പീൽ നൽകാൻ 30 ദിവസത്തെ സാവകാശം നൽകിയെങ്കിലും മോദി സർക്കാർ ഒരു നിമിഷംപോലും പാഴാക്കാതെ പുറത്താക്കി. എന്തായാലും അ

പ്പീൽ കോടതിയിൽ രാഹുലിന് അനുകൂല വിധി ഉണ്ടാകുമെന്ന പ്രതീക്ഷയിലാണ് കോൺഗ്രസ്.

രാഹുൽഗാന്ധിക്കെതിരേ മോദി സർക്കാർ സ്വീകരിച്ച നടപടിയുടെ പ്രത്യാഘാതം വളരെ വലുതാണ്. രാഹുലിനെ പ്രതിപക്ഷവും ജനവും തിരസ്കരിക്കുമെന്നായിരുന്നു നരേന്ദ്ര മോദിയുടേയും അമിത് ഷായുടേയും കണക്കുകൂട്ടൽ. പക്ഷേ, സംഭവിച്ചതു മറിച്ചാണ്. രാഹുലിന്റെ പ്രതിച്ഛായ ഇന്ത്യയിൽ മാത്രമല്ല, ആഗോള തലത്തിൽതന്നെ കൂടുതൽ തിളക്കമുള്ളതായി. പ്രതിപക്ഷ പാർട്ടികളുടെ ഐക്യത്തിനു വഴിവയ്ക്കുകയും ചെയ്തു. കോൺഗ്രസിനോട് അകലം പാലിച്ചിരുന്ന തൃണമൂൽ കോൺഗ്രസ് അടക്കമുള്ള പല പ്രതിപക്ഷ പാർട്ടികളും കോൺഗ്രസിനേയും രാഹുലിനേയും കൂടുതൽ അംഗീകരിക്കാൻ തുടങ്ങി. പാർലമെന്റിലും പുറത്തും അതിശക്തമായ സമരമുറകളുമായാണ് പ്രതിപക്ഷം മുന്നേറിയത്.

രാജ്യാന്തര തലത്തിൽ വാർത്താ മാധ്യമങ്ങളിൽ രാഹുൽ ഗാന്ധി നിറഞ്ഞു. ഇന്ത്യയിലെ ജനാധിപത്യം വിദ്വേഷ ഏകാധിപത്യമായി മാറുന്നതിന്റെ സൂചനകളാണ് ആ റിപ്പോർട്ടുകളിൽ. ജനാധിപത്യം വെല്ലുവിളികൾ നേരിടുന്നുവെന്നു ലണ്ടനിലെ കേംബ്രിഡ്ജിൽ വിളിച്ചുപറഞ്ഞ രാഹുലിന്റെ വാക്കുകളെ അന്വർത്ഥമാക്കുന്ന നടപടികളാണ് ഈ ദിവസങ്ങളിൽ ഇന്ത്യൻ പാർലമെന്റിലും ലോകം കണ്ടത്.

## വിധിയോടു വിയോജിപ്പ്

കോടതി വിധിയുടെ മെരിറ്റിനെക്കുറിച്ച് ഭിന്നാഭിപ്രായങ്ങൾ ധാരാളമാണ്. രാജ്യത്തെ ബാങ്കുകളിൽനിന്ന് ശതകോടികൾ വായ്പയെടുത്തു വിദേശത്തേക്കു മുങ്ങി ആഡംബര ജീവിതം നയിക്കുന്ന നീരവ് മോദി, ലളിത് മോദി തുടങ്ങിയവരെ തിരിച്ചെത്തിച്ച് നിയമത്തിനു മുന്നിൽ കൊണ്ടുവരാനാകാത്ത സർക്കാരാണു പ്രധാനമന്ത്രി നരേന്ദ്രമോദിയുടേത്. ലളിത് മോദി, നീരവ് മോദി എന്നിങ്ങനെയുള്ള എല്ലാ തട്ടിപ്പുകാരുടെ പേരിനു പിറകിലും ഒരു മോദിയുണ്ടെന്ന രാഷ്ട്രീയ പരിഹാസത്തെ സമുദായനിന്ദയാക്കി ചിത്രീകരിച്ചാണു കേസെടുപ്പിച്ചത്. കേസ് ഒരുതരം മതഭ്രാന്തിന്റെ വകഭേദമാണെന്നു വ്യാഖ്യാനിക്കുന്നവരുണ്ട്. രാജ്യദ്രോഹികളും അഴിമതിക്കാരുമായ മോദിമാർക്കെതിരേ നടപടിയെടുക്കാതെ അതു ചൂണ്ടിക്കാട്ടിയയാൾക്കെതിരേ കേസെടുത്ത് രാജ്യദ്രോഹി എന്നു വിളിക്കുന്നു. നിയമവ്യവസ്ഥയിലും രാഷ്ട്രീയ മുതലെടുപ്പ്.

കർണാടകത്തിൽ രാഹുൽ നടത്തിയ പ്രസംഗത്തിന് സൂറത്തിൽ അപകീർത്തി കേസു കൊടുത്തത് ബിജെപിയുടെ സൂറത്ത് എംഎൽഎ പൂർണേഷ് മോദിയാണ്. ബിജെപിയുടെ ബൂത്തു കമ്മിറ്റി പ്രവർത്തകനായും ഹോട്ടൽ ജീവനക്കാരനായും പണിയെടുത്ത്, പിന്നീടു അഭിഭാഷകനായും രാഷ്ട്രീയ നേതാവായും വളർന്നയാളാണ് പൂർണേഷ്. ബിജെപിയുടേയും പ്രധാനമന്ത്രി നരേന്ദ്ര മോദിയുടേയും മുഖ്യശത്രു രാഹുൽഗാന്ധിയെ 'ശരിപ്പെടുത്തി'യതിന് വൈകാതെതന്നെ ഇയാൾക്ക് ഗുജറാത്തിൽ കൂടുതൽ മികച്ച അംഗീകാരങ്ങൾ പ്രതീക്ഷി





ക്കാം. മന്ത്രിസ്ഥാനമോ അതിലും മികച്ച ചില പദവികളോ ആകാം.

### 'മോദാനി'

ഭാരത് ജോഡോ യാത്ര നയിച്ച് പ്രതിച്ഛായ മെച്ചപ്പെടുത്തിയ രാഹുൽഗാന്ധിയെ ബിജെപി മുഖ്യ പ്രതിയോഗിയാക്കിയെന്നതാണ് രണ്ടു മാസത്തിനിടെയുണ്ടായ ഒരു വിശേഷം. അദാനി കുംഭകോണങ്ങളെക്കുറിച്ചുള്ള ഹിൻഡൻബർഗ് റിപ്പോർട്ടും അദാനിക്കു മോദി സർക്കാർ നൽകിയ വഴിവിട്ട സഹായങ്ങളും പാർലമെന്റിന്റെ സംയുക്ത സമിതിയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന ആവശ്യം പാർലമെന്റിൽ ഉന്നയിക്കാൻ പോലും ഭരണപക്ഷം അനുവദിച്ചില്ല. നന്ദിപ്രമേയ ചർച്ചക്കിടയിൽ രാഹുൽഗാന്ധി മോദി-അദാനി ബന്ധത്തെക്കുറിച്ച് ഉന്നയിച്ച ആരോപണങ്ങളിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയും ബിജെപിയും കിടുങ്ങിപ്പോയിരുന്നു. മോദിയെ കളങ്കിതനാക്കുന്ന ആരോപണങ്ങളെല്ലാം ലോക്സഭയുടെ രേഖകളിൽനിന്നു നീക്കം ചെയ്തു.



അദാനിയുടെ ഷെൽ കമ്പനിയിൽ 20,000 കോടി രൂപ നിക്ഷേപിച്ചതാരാണെന്ന രാഹുൽ ഗാന്ധിയുടെ ചോദ്യത്തിനു മറുപടിയില്ല. സിപിഎമ്മിന്റെ ജോൺ ബ്രിട്ടാസ് രാജ്യസഭയിൽ ഇതേ ചോദ്യം ഉന്നയിച്ചു. അറിയില്ലെന്നാണ് കേന്ദ്ര സർക്കാർ മറുപടി നൽകിയത്. എല്ലാം മറച്ചുവച്ചിരിക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങളായ എൽഐസി, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് തുടങ്ങിയവയിലുള്ള ജനങ്ങളുടെ പണം അദാനി കമ്പനികൾക്കു നൽകിയിരിക്കുന്നു. തിരുവനന്തപുരം അടക്കമുള്ള വിമാനത്താവളങ്ങൾ കൈമാറി. ഇങ്ങനെ രാജ്യത്തെ അദാനിക്കു മോദി വിറ്റുകൊണ്ടിരിക്കുന്ന ബന്ധത്തിന്റെ പേരാണു 'മോദാനി'. വഴിവിട്ട ആനുകൂല്യങ്ങൾ നൽകിയത് അന്വേഷിക്കണമെന്ന പ്രതിപക്ഷ ആവശ്യം പാർലമെന്റിൽ ഉന്നയിക്കാനും മോദി അനുമതി നൽകിയില്ല. ലോകത്തെത്തന്നെ ഏറ്റവും വലിയ അഴിമതിയാണെന്നാണ് മോദി സർക്കാരിനെതിരേ ഉയരുന്ന ആരോപണം.

### മാപ്പില്ല

ഈ ആവശ്യത്തിൽനിന്നു പ്രതിപക്ഷത്തെ ചെറുക്കാനാണ് കേന്ദ്ര സർക്കാർ രാഹുലിനെ ആക്രമിച്ചത്. കേംബ്രിഡ്ജിലെ രാഹുലിന്റെ പ്രസംഗം മോദിക്കുണ്ടാക്കിയ നാണക്കേടു ചെറുതൊന്നുമല്ല. മോദി ഭരണത്തിൽ ഇന്ത്യൻ ജനാധിപത്യം വെല്ലുവിളികൾ നേരിടുകയാണെന്നും ആർഎസ്എസ് ഭരണഘടനാ സ്ഥാപനങ്ങളെ കൈയടക്കിയെന്നുമാണ് രാഹുൽ ആരോപിച്ചത്. ഇതു രാജ്യവിരുദ്ധ പ്രസംഗമാണെന്നു വ്യാഖ്യാനിച്ച ബിജെപി രാഹുൽഗാന്ധി മാപ്പു പറയണമെന്ന് ആവശ്യപ്പെട്ടു പാർലമെന്റിലും ബഹളം വച്ചു.

ഇന്ത്യയിൽ ജനാധിപത്യമുണ്ടെങ്കിൽ പാർലമെന്റിൽ സംസാരിക്കാൻ അനുവദിക്കണമെന്ന് രാഹുൽ സ്പീക്കറോട് രേഖാമൂലം ആവശ്യപ്പെട്ടു. അനുവദിച്ചില്ല. മറിച്ച്, രാജ്യദ്രോഹം ആരോപിച്ച് ലോക്സഭാംഗത്വം റദ്ദാക്കാനിരിക്കുകയായിരുന്നു. മാപ്പു പറയാൻ തന്റെ പേര് സവർക്കർ എന്നല്ലെന്നും ഗാന്ധി എന്നാണെന്നുമാണു രാഹുൽ ഗാന്ധി പ്രതികരിച്ചത്.

പ്രതിപക്ഷത്തെ പാർലമെന്റിൽ നിശബ്ദമാക്കുന്നതിന്റെയും ജനപ്രതിനിധിയെ വ്യാജ ആരോപണങ്ങൾ ചുമത്തി പുറത്താക്കുന്നതിന്റേയും അർത്ഥം എന്താണ്? ജനാധിപത്യത്തെ കശാപ്പു ചെയ്തതെന്നല്ലാതെ മറ്റൊന്നുമല്ല.

### ഭരണഘടനാ സ്ഥാപനങ്ങൾ

പ്രതിയോഗികളെ ഉന്മൂലനം ചെയ്യാൻ സിബിഐ, എൻഫോഴ്സ്മെന്റ്, ആദായ നികുതി വകുപ്പ്, എൻഐഎ, തെരഞ്ഞെടുപ്പു ക

മ്മീഷൻ എന്നിങ്ങനെയുള്ള എല്ലാ ഭരണഘടനാ സ്ഥാപനങ്ങളെയും ദുരുപയോഗിക്കുന്ന സർക്കാരാണിത്. പ്രതിപക്ഷത്തെ എല്ലാ നേതാക്കളുടേയും വീടുകളിൽ റെയ്ഡു നടത്തി. കേന്ദ്ര ഏജൻസികളെ പ്രതിപക്ഷത്തിനെതിരെ ദുരുപയോഗിക്കുകയാണെന്ന് ആരോപിച്ച് കേന്ദ്രസർക്കാരിനെതിരെ കോൺഗ്രസ് ഉൾപ്പടെ 14 പ്രതിപക്ഷ രാഷ്ട്രീയ പാർട്ടികൾ സുപ്രീം കോടതിയെ സമീപിച്ചിരിക്കുകയാണ്. ഏപ്രിൽ അഞ്ചിന് ഹർജി പരിഗണിക്കും. സുപ്രീം കോടതി കൊളീജിയത്തെപ്പോലും സമ്മർദത്തിലാക്കുന്ന സർക്കാർ ജുഡീഷ്യറിയിലും കൈയേറ്റത്തിനുള്ള ശ്രമത്തിലാണ്.

കർണാടകത്തിൽ കൈക്കൂലി വീരനായ ബിജെപി എംഎൽഎ മടൽ വിരൂപാക്ഷപ്പയുടെയും ഐഎഎസ് ഉദ്യോഗസ്ഥനായ മകന്റേയും വീട്ടിൽനിന്ന് കോടികൾ പിടിച്ചെടുത്തത് കർണാടക ലോകായുക്തയായിരുന്നു. സംഭവത്തെക്കുറിച്ച് സിബിഐ, എൻഫോഴ്സ്മെന്റ്, ആദായ നികുതി വകുപ്പ് തുടങ്ങിയവരൊന്നും അറിഞ്ഞ മട്ടില്ല.

## മോദിയുടെ അധിക്ഷേപം

ഭരണഘടനാ സ്ഥാപനങ്ങളെ ദുരുപയോഗിക്കുന്നതിനു പുറമേ, മോദി സർക്കാരിനെതിരേ ആരോപണങ്ങൾ അനവധിയാണ്. പാർലമെന്റിൽ വിമർശനങ്ങൾ വിലക്കുന്നു. വിദ്വേഷം ആളിക്കത്തിച്ച് രാജ്യത്തെ വിഭജിക്കുന്നു. കപട ദേശീയതയെ മറയാക്കി രാജ്യത്തെ അദാനിമാർക്കു വിൽക്കുന്നു. ഇങ്ങനെയുള്ള ആരോപണങ്ങളെ പ്രധാനമന്ത്രി നരേന്ദ്രമോദി ഗൗനിക്കുന്നതേയില്ല.

പകരം ഗാന്ധി കുടുംബത്തെ പാർലമെന്റിൽ അധിക്ഷേപിക്കുകയാണ് മോദി ചെയ്തത്. രാഹുൽഗാന്ധി മുത്തച്ഛനായ ജവഹർലാൽ നെഹ്റുവിന്റെ നെഹ്റു എന്ന കുടുംബപ്പേര് ഉപയോഗിക്കാതെ മഹാത്മാ ഗാന്ധിയുടെ ഗാന്ധി എന്ന പേര് ഉപയോഗിക്കുന്നുവെന്നാണ് മോദിയുടെ പരിഹാസം. ഫിറോസ് ഗാന്ധി എന്ന അച്ഛനു പിറന്നവൻ അച്ഛന്റെ കുടുംബപ്പേര് ഉപയോഗിക്കുമെന്ന സാമാന്യ ബോധം ഇല്ലാത്തതുകൊണ്ടാണോ മോദി അങ്ങനെ പരിഹസിച്ചത്. രാഹുലിന്റെ അച്ഛനേയും മുത്തച്ഛനേയുമെല്ലാം പഴിക്കുന്ന മോദി സ്വന്തം അച്ഛനും മുത്തച്ഛ



നും രാജ്യത്തിനുവേണ്ടി എന്തു ചെയ്തെന്നു കൂടി പറയണം. മോദിയുടെ അധിക്ഷേപത്തിനെതിരേ കോൺഗ്രസ് അവകാശ ലംഘനത്തിനു നോട്ടീസ് നൽകിയിട്ടുണ്ട്. പക്ഷേ, അതെല്ലാം തമസ്കരിക്കുകയേയുള്ളൂ.

## പ്രതിപക്ഷ ഐക്യം

കോൺഗ്രസിനോട് അകലം പാലിച്ചിരുന്ന തൃണമൂൽ കോൺഗ്രസ്, ആം ആദ്മി പാർട്ടി എന്നീ പാർട്ടികൾ കോൺഗ്രസിനോടും രാഹുൽഗാന്ധിയോടും ഐക്യപ്പെട്ടു എന്നതാണ് ഈ ദിവസങ്ങളിലെ പുതിയ വിശേഷം. രാഹുലിനു പൂർണ പിന്തുണ പ്രഖ്യാപിച്ച് മുഖ്യമന്ത്രിമാരായ മമത ബാനർജിയും അരവിന്ദ് കേജരിവാളും രംഗത്തുവന്നു. ഇന്ത്യൻ ജനാധിപത്യം അധപതിച്ചെ

ന്നാണ് ബംഗാൾ മുഖ്യമന്ത്രി മമത ബാനർജി പ്രതികരിച്ചത്.

തകർക്കാൻ എറിഞ്ഞിട്ട രാഹുൽ ഗാന്ധി ഒരു ബൂമറാംഗായി തിരിച്ചടി നൽകുന്ന കാഴ്ചയാണു നാം കാണുന്നത്. തൃണമൂൽ അടക്കമുള്ള കക്ഷികളുടെ ഈ സ്നേഹപ്രകടനം താത്കാലികമാകാം. എങ്കിലും ബിജെപിയും മോദി സർക്കാരും നടത്തുന്ന വേട്ടയ്ക്കെതിരേ പ്രതിപക്ഷ കക്ഷികൾക്കിടയിൽ കൂടുതൽ ഐക്യബോധം പ്രകടമായിട്ടുണ്ട്. തെലുങ്കാന മുഖ്യമന്ത്രി ചന്ദ്രശേഖര റാവുവിന്റെ ഭാരത് രാഷ്ട്ര സമിതിയും മായാവതിയുടെ ബഹുജൻ സമാജ് പാർട്ടിയുമാണ് കോൺഗ്രസ് ഉൾപ്പെട്ട പ്രതിപക്ഷ ഐക്യത്തിൽനിന്ന് ഇപ്പോഴും അകലം പാലിക്കുന്ന പാർട്ടികൾ.

മോദി സർക്കാരിന്റെ നടപടികൾക്കെതിരേ ശക്തമായ പ്രക്ഷോഭങ്ങളുമായി കോൺഗ്രസും പ്രതിപക്ഷ കക്ഷികളും രംഗത്തിറങ്ങുകയാണ്. കർണാടക തെരഞ്ഞെടുപ്പിനു പിറകേ, അടുത്ത ഏപ്രിൽ മാസത്തിൽ നടക്കാനിരിക്കുന്ന ലോക്സഭാ തെരഞ്ഞെടുപ്പിനുള്ള കളമൊരുക്കമാണ് ഇപ്പോൾ നടക്കുന്നത്.

## മുഖ്യശത്രു രാഹുൽ

രാഹുൽ ഒരു ബൂമറാംഗായെന്നു ബോധ്യമായ ബിജെപി രാഹുൽ ഗാന്ധിയെ ദേശദ്രോഹിയെന്നു മുദ്രകുത്തി താറടിക്കാനുള്ള പ്രചാരണത്തിന് ഒരുങ്ങുകയാണ്. ഏപ്രിൽ ആറു മുതൽ 14 വരെ രാജ്യ വ്യാപക പ്രചാരണം നടത്തും. രാഹുൽഗാന്ധിക്കു രക്തസാക്ഷി പരിവേഷം നൽകാനുള്ള ശ്രമം വിജയിക്കില്ലെന്നാണ് ബിജെപി നേതാവ് രവിശങ്കർ പ്രസാദ് പറയുന്നത്. രാഹുലിന്റെ പ്രതിച്ഛായ വർധിച്ചെന്നു പരോക്ഷമായി സമ്മതിക്കുന്ന പ്രതികരണമാണത്. മുഖ്യശത്രു രാഹുലും കോൺഗ്രസുമെന്ന പരസ്യ പ്രഖ്യാപനമാണ് മോദിയും ബിജെപിയും നടത്തിയിരിക്കുന്നത്. രാഹുലിനേയും കോൺഗ്രസിനേയും അവർ ഭയപ്പെടുന്നതു മറ്റു പ്രതിപക്ഷ കക്ഷികളും ജനങ്ങളും തിരിച്ചറിയുന്നുണ്ട്. ജനാധിപത്യം അപകടത്തിലാണ്.

## വില വർധന

ഏപ്രിൽ ഫൂൾ വിഡ്ഢി വിശേഷമല്ലിത്. ഇതു വില വർധനയുടെ മാസം. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ബജറ്റ് പ്രഖ്യാപനങ്ങൾ പ്രാബല്യത്തിലാകുന്ന ഈ മാസത്തോടെ കേരളത്തിൽ ജീവിതച്ചെലവു വർധിക്കും. ഒരു ശരാശരി കുടുംബത്തിനു മാസം രണ്ടായിരം രൂപയുടെ അധികച്ചെലവ്. ഈയർത്ഥത്തിലും ജനങ്ങൾ വിഡ്ഢികളാക്കപ്പെടുന്ന ദിവസംതന്നെ.

സംസ്ഥാന സർക്കാർ നിരക്കു വർധനകളിലൂടെ മൂവായിരം കോടി രൂപയാണ് അധികമായി പിരിച്ചെടുക്കുന്നത്. പെട്രോളിനും ഡീസലിനും ലിറ്ററിനു രണ്ടു രൂപ സെസ്. വൈദ്യുതി നിരക്കിൽ അഞ്ചു ശതമാനം സെസ്. മദ്യത്തിന് 20 രൂപ മുതൽ 40 രൂപവരെ



സെസ് ചുമത്തി. ആയിരം രൂപവരെയുള്ള മദ്യത്തിന് 20 രൂപയും ആയിരം രൂപയിലേറെ വിലയുള്ളവയ്ക്ക് 40 രൂപയുമാണു വർധന.

വെള്ളക്കരം കൂട്ടി. ഒരോ കുടുംബത്തിനും പ്രതിമാസം 50 രൂപ മുതൽ 550 രൂപ വരെ അധികമായി നൽകേണ്ടിവരും. മിനിമം നിരക്ക് 22 രൂപയിൽനിന്ന് 72 രൂപയാക്കി. പാൽവിലയും കൂട്ടി. കർഷകർക്കു ഗുണം കിട്ടുമല്ലോയെന്ന് ആശ്വസിച്ചവർക്കു തെറ്റി. കാലിത്തീറ്റ വില ആനുപാതികമായി വർധിപ്പിച്ചു. ബജറ്റിനു മുമ്പേ വൈദ്യുതി നിരക്കു വർധിപ്പിച്ചിരുന്നു.

മോട്ടോർ വാഹന നികുതി രണ്ടു ശതമാനം വർധിപ്പിച്ചു. മാരുതിയും ടാറ്റയും അടക്കമുള്ള മിക്ക വാഹന നിർമാതാക്കളും ഏപ്രിൽ മുതൽ വാഹനങ്ങളുടെ വില 20,000 രൂപ മുതൽ 50,000 രൂപവരെ വർധിപ്പിച്ചിട്ടുണ്ട്.

ഭൂമിയുടെ ന്യായ വില 20 ശതമാനം വർധിപ്പിച്ചു. ഫ്ളാറ്റുകളുടെ മുദ്ര വില കൂട്ടി. കെട്ടിട നികുതി വർധിപ്പിക്കും. കെട്ടിട നിർമാണത്തിനുള്ള പെർമിറ്റ് അടക്കമുള്ള അപേക്ഷകൾക്കു ഫീസ് കൂട്ടി. കെട്ടിട നികുതി വർധിപ്പിച്ചു. കോടതി ഫീസുകളിലും വർധന. ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങൾക്കും ഒന്നിലധികം വീടുകൾക്കും പ്രത്യേക നികുതി ചുമത്തുമെന്നു പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും നിരക്കു തീരുമാനിച്ചിട്ടില്ല. നാളികേരത്തിന്റ താങ്ങു വില രണ്ടു രൂപ വർധിപ്പിച്ച് 32 രൂപയിൽ നിന്ന് 34 ആക്കിയിട്ടുണ്ട്.

## കേന്ദ്ര ബജറ്റിലും

രണ്ടാം നരേന്ദ്ര മോദി സർക്കാരിന്റെ അവസാന സമ്പൂർണ ബജറ്റിലൂടേയും ഏതാനും ഇനങ്ങൾക്കു വിലവർധന. 84 ഇനം മരുന്നുകൾക്ക് 12 ശതമാനം വില വർധിപ്പിച്ചു. സ്വർണം, വെള്ളി, ഡയമണ്ട്, സിഗരറ്റ്, വസ്ത്രം എന്നിവയ്ക്കെല്ലാം ഈ മാസത്തോടെ വില വർധിക്കും. സിഗരറ്റിന് 16 ശതമാനമാണ് തീരുവ കൂട്ടിയത്. മൊബൈൽ ഫോൺ, ടിവി, ക്യാമറ ലെൻസ്, ലിഥിയം ബാറ്ററി, ഇലക്ട്രിക് വാഹനങ്ങളുടെ ബാറ്ററി, ഹീറ്റിംഗ് കോയിൽ എന്നിവയുടെ വില കുറയും.

ആദായ നികുതി ഒഴിവു പരിധിയിലെ മാറ്റങ്ങൾ അനേകം പേർക്കു ഗുണം ചെയ്യും. ആദായനികുതി വരുമാന പരിധി അഞ്ചു ലക്ഷം രൂപയിൽനിന്ന് ഏഴു ലക്ഷം രൂപയാക്കി ഉയർത്തി. പഴയ നികുതി ഘടനയിൽ മൂന്നു ലക്ഷം രൂപവരെ വരുമാനമുള്ളവർക്കു നികുതിയില്ല. നേരത്തെ ഇതു രണ്ടു ലക്ഷം രൂപയായിരുന്നു. പഴയ സ്കീമിൽനിന്ന് എല്ലാവരും പുതിയ സ്കീമിലേക്കു മാറണമെന്നു നിർബന്ധിക്കാൻ ശ്രമിക്കുന്ന നിർദേശങ്ങളാണു ബജറ്റിലുള്ളത്. പക്ഷേ, പുതിയ സ്കീമിലേക്കു മാറുന്നവർക്കു റിബേറ്റുകൾ ബാധകമല്ല. ആദായ നികുതി സ്ലാബുകൾ അഞ്ചായി കുറച്ചു. മൂന്നു മുതൽ ആറുവരെ ലക്ഷം രൂപ വരുമാനമുള്ളവർക്ക് അഞ്ചു ശതമാനമാണു നികുതി. ആറു മുതൽ ഒമ്പതു വരെ ലക്ഷം വരുമാനക്കാർക്കു പത്തു ശതമാനം. ഒമ്പതു മുതൽ 12 വരെ ലക്ഷത്തിനു 15 ശതമാനവും 12 മുതൽ 15 വരെ ലക്ഷത്തിന് 20 ശതമാനവും 15 ലക്ഷത്തിനു മുകളിൽ 30 ശതമാനവുമാണു ആദായനികുതി. അന്ത്യോദയ ഗുണഭോക്താക്കൾക്കു പിഎം ഗരീബ് കല്യാൺ യോജന ഒരു വർഷം കൂടി തുടരും. രണ്ടു ലക്ഷം കോടി രൂപ ചെലവിട്ട് 81 കോടി ജനങ്ങൾക്ക് അഞ്ചു കിലോ വീതം ഭക്ഷ്യധാന്യം മാസം തോറും നൽകുമെന്നാണു ബജറ്റിൽ പറയുന്നത്.

**കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ബജറ്റ് പ്രഖ്യാപനങ്ങൾ പ്രാബല്യത്തിലാകുന്ന ഈ മാസത്തോടെ കേരളത്തിൽ ജീവിതച്ചെലവു വർധിക്കും. ഒരു ശരാശരി കുടുംബത്തിനു മാസം രണ്ടായിരം രൂപയുടെ അധികച്ചെലവ്. ഈ യർത്ഥത്തിലും ജനങ്ങൾ വിഡ്ഢികളാക്കപ്പെടുന്ന ദിവസംതന്നെ.**

ലോകമെങ്ങും വിലക്കയറ്റവും നാണ്യപ്പെരുപ്പവും സാമ്പത്തിക പ്രതിസന്ധിയുമെല്ലാമാണ്. അമേരിക്ക അടക്കമുള്ള വികസിത രാജ്യങ്ങളിൽ വൻകിട ബാങ്കുകൾപോലും തകർന്നു. സാമ്പത്തിക തകർച്ചയുടെ പ്രത്യാഘാതം ലോകമെങ്ങും വ്യാപിക്കും. ജാഗ്രതയോടെ നേരിടാം. ●



# കൊറോണക്കാലത്തെ പാട്ടോർമകൾ!

**പലയിടത്തുനിന്നും കോവിഡിനെക്കുറിച്ചുള്ള വാർത്തകൾ വീണ്ടും കേട്ടുതുടങ്ങിയിരിക്കുന്നു. ശരീരോഷ്മാവ് പരിശോധിക്കാനുള്ള യന്ത്രങ്ങൾ പൊടിതട്ടിയെടുക്കുന്നുണ്ട്. മാസ്ക് നിർബന്ധമാക്കി എന്നു പലരും പറയുന്നു. കൃത്യം മൂന്നുകൊല്ലം മുമ്പ് ഈ സമയം കൊറോണ കിരീടം ചൂടിനിന്നിരുന്നു. അന്നത്തെ കഥയിലേക്ക്....**

**2020** മാർച്ച് മാസം. ലോകം കൊറോണ എന്ന പേരുകേട്ടു നടുങ്ങിവിറച്ച കാലം. അന്ന് എണ്ണംപിടിക്കാൻപോലും കഴിയാത്ത അത്ര മരണങ്ങൾ ഉലച്ചുകളഞ്ഞിരുന്നു ഇറ്റലിയെ. രാജ്യം മുഴുവൻ പകച്ചുനിന്ന നാളുകൾ. മനസിനെ ഒന്നു പിടിച്ചുനിർത്താൻ, ഭയത്തെ മറികടന്നു മുന്നോട്ടു നടക്കാൻ ആളുകൾ പല മാർഗങ്ങൾ തേടിയിരുന്നു. അതിലൊന്നായിരുന്നു സംഗീതം.




തേജശ്രീ

മുമ്പ് കൊറോണ എന്നു കേൾക്കുമ്പോൾ ഇറ്റലിക്കാരുടെ മനസുകളിൽ തെളിഞ്ഞിരുന്നത് സംഗീതമായിരുന്നു. സന്തോഷത്തിന്റെയും സമാധാനത്തിന്റെയും സംഗീതം. കൊറോണക്കാലത്ത് അവർ തേടിയത് ആശ്വാസ സംഗീതമാണ്.

ഇറ്റാലിയൻ ഭാഷയിൽ കൊറോണയെന്നാൽ കിരീടം എന്നാണ് അർഥം. സ്ഥാനചിഹ്നമായ കിരീടം ഒരു ബഹുമതിയാണ്. എന്നാൽ ഇറ്റലിക്കു മുകളിൽ അന്നുണ്ടായിരുന്നത് മരണകിരീടമായിരുന്നു. കൊറോണ വൈറസ് ബാധ ആദ്യം സ്ഥിരീകരിച്ച ചൈനയേക്കാൾ മരണസംഖ്യ ഇറ്റലിയിൽ കൂടിയിരുന്നു. മൃതദേഹങ്ങൾ നീക്കംചെയ്യാൻ സൈന്യം കഷ്ടപ്പെടുന്ന ദൃശ്യങ്ങൾ പലതവണ അവിടെനിന്നു വന്നുകൊണ്ടിരുന്നു. ആശങ്കകൾക്കിടയിൽ എവിടെയാണ് ഒരാശ്വാസം? ഏതുവിധേനയും ആത്മവിശ്വാസമുണ്ടാക്കുക എന്നതു മാത്രമായിരുന്നു ചെയ്യാനുണ്ടായിരുന്നത്.

എന്തായിരുന്നു കൊറോണ സംഗീതം? ഇറ്റലിയിലെ പ്രശസ്തമായ യൂറോഡാൻസ് ബാൻഡിന്റെ പേരായിരുന്നു കൊറോണ. ബ്രസീലിൽ ജനിച്ച് ഇറ്റലിയിൽ വളർന്ന ഗായികയും മോഡലുമായ ഓൾഗ മരിയ ഡിസൂസയും പ്രൊഡ്യൂസർ ഫ്രാൻസെസ്കോ ബോൺടെംപിയും ചേർന്നു സ്ഥാപിച്ചതാണ് കൊറോണ ബാൻഡ്. ഇറ്റലിയിൽനിന്നു വളർന്ന് ലോകംമുഴുവൻ ആരാധകരെയുണ്ടാക്കി അവർ- ദ റിഥം ഓഫ് ദ നൈറ്റ്, ബേബി ബേബി എന്നീ പാട്ടുകൾകൊണ്ട്!

1993-ലാണ് ദ റിഥം ഓഫ് ദ നൈറ്റ് എ




ന്ന ആദ്യ സിംഗിൾ കൊറോണ പുറത്തിറക്കിയത്. ഇറ്റലിയിൽ അത് ഇൻസ്റ്റന്റ് ഹിറ്റായി. ജെന്നി ബി എന്നറിയപ്പെട്ട ഗായിക ജിയോവന്ന ബെർസോലയുടെ ശബ്ദത്തിലായിരുന്നു ആ പാട്ട്. തുടർച്ചയായി രണ്ടു മാസമാണ് ഇറ്റാലിയൻ മ്യൂസിക് ചാർട്ടിൽ അത് ഒന്നാം സ്ഥാനത്തു തുടർന്നത്. എന്നാൽ മറ്റെവിടെയും ആ പാട്ട് റിലീസ് ചെയ്തിരുന്നില്ല. തൊട്ടടുത്ത വർഷം അതിന്റെ ഒരു റീമിക്സ് പതിപ്പ് യു.കെയിൽ അവതരിപ്പിച്ചു. ഹിറ്റ് ചാർട്ടിൽ അവിടെ രണ്ടാംസ്ഥാനത്തേക്ക് എത്തുകയും ചെയ്തു. പിറ്റേക്കൊല്ലം അമേരിക്കയിലും സൂപ്പർഹിറ്റായി. റേഡിയോ സ്റ്റേഷനുകളിലും ക്ലബുകളിലും നിരന്തരം ഈ പാട്ടു കേട്ടുതുടങ്ങി. ബിൽബോർഡിന്റെ ഹോട്ട് 100 ലിസ്റ്റിൽ പതിനൊന്നാമതായിരുന്നു സ്ഥാനം. പിന്നീട് കൊറോണയുടെ പ്രഥമ ആൽബത്തിലും ഈ ട്രാക്ക് ഇടംപിടിച്ചു. വെൽഷ് ഗായിക സാൻഡി ചേംബേഴ്സിന്റേതായിരുന്നു ശബ്ദം. പാട്ടിന് ഇന്നും ആരാധകരുണ്ട് എന്നതാണ് എടുത്തുപറയേണ്ട കാര്യം.

1995ൽ കൊറോണ പുറത്തിറക്കിയ ബേബി ബേബി, ട്രൈ മി ഔട്ട് എന്നീ സിംഗിളുകളും സമാനമായ വിജയം നേടി.

## ഓൾഗ ഡി സൂസ

ബ്രസീലിലെ റിയോ ഡി ഷാനിറോയിൽ 1968–ലാണ് ഓൾഗ മരിയ ഡി സൂസ ജനിച്ചത്. പിതാവ് സംഗീതജ്ഞനായിരുന്നു. മാതാവ് പാചക വിദഗ്ധയും. ബാങ്ക് ക്ലർക്കായി ഔദ്യോഗിക ജീവിതമാരംഭിച്ച ഓൾഗ ഏതാനും വർഷങ്ങൾക്കുശേഷം ലോകംചുറ്റാൻ തീരുമാനിച്ചു. തൊണ്ണൂറുകളുടെ തുടക്കത്തിൽ ഇറ്റലിയിലെത്തി. 93ൽ കൊറോണ ബാൻഡിനു തുടക്കമിടുകയും ചെയ്തു. 2006ൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പയ്ക്കു സമർപ്പിച്ചു നടത്തിയ ഏയ്ഞ്ചൽ ലൈവ് കൺസെർട്ടിൽ കൊറോണ പങ്കെടുത്തു. ബാൻഡിനൊപ്പം ഒട്ടേറെയിടങ്ങളിൽ ഓൾഗ സഞ്ചരിച്ചു.

ലോകമെമ്പാടുമെന്നപോലെ ഇറ്റലിയുടെ ചരിത്രത്തിലെയും ഒരു നാഴികക്കല്ലാണ് കൊറോണ രോഗബാധ. രാജ്യം നിസ്സഹായമായിപ്പോയ സന്ദർഭം. മുമ്പു കൊറോണ എന്നു കേൾക്കുമ്പോൾ പാട്ടുകളും ഈണങ്ങളും ഓർമയിൽ തെളിഞ്ഞിരുന്ന ഒരു ജനതയുടെ ചിന്തകളെ മാറ്റിമറിച്ച രോഗം!

എന്തായാലും ലോകം കോവിഡ് എന്ന മഹാമാരിയെ അതിജീവിക്കുകതന്നെ ചെയ്തു. ആളുകൾക്ക് ആത്മവിശ്വാസം പകരാൻ പാട്ടിനും വലിയ പങ്കുവഹിക്കാനുണ്ടായിരുന്നു എന്നത് പച്ചപരമാർത്ഥം.

നമ്മൾ ജയിച്ചു എന്നു പ്രഘോഷിക്കാൻ കൊറോണ ബാൻഡിന്റെ പാട്ടുതന്നെ കേൾക്കാം

## ഒരു ഹിന്ദി കൗതുകം

പാസ് നഹി ആയിയേ, ഹാഥ് നാ ലഗായിയേ എന്ന പഴയ പാട്ട് കൊറോണ മുദ്രാഗാനമായി സോഷ്യൽ മീഡിയയിൽ പറന്നു നടന്നിട്ടും കൊല്ലം മൂന്നു കഴിഞ്ഞിരിക്കുന്നു. അടുത്തു വരല്ലേ, തൊടല്ലേ എന്നാണ് വരികളുടെ അർഥം. കോവിഡ് കാലത്തെ ബോധവത്കരണത്തിനു പറ്റിയ വരികൾ. സോ




ഷ്യൽ ഡിസ്റ്റൻസിംഗിന്റെ സുന്ദരരൂപം.

1952ൽ പുറത്തിറങ്ങിയ സാഖി എന്ന ചിത്രത്തിനു വേണ്ടി സി. രാമചന്ദ്ര ഈണമിട്ടതാണ് ഈ ഗാനം. ലതാ മങ്കേഷ്കർ പാടിയ പാട്ട് കൊറോണയുടെ പേരിൽ വീണ്ടും കൂടുതൽപേർ കേട്ടുകൊണ്ടിരുന്നു. പ്രണയത്തിലെ കുറുമ്പിന്റെ വരികൾ കോവിഡിന്റെ പശ്ചാത്തലത്തിൽ കൂട്ടിയിണക്കിയത് കൗതുകമായി.

ഒരിക്കൽക്കൂടി ഒരല്പം സാമൂഹിക അകലം പാലിക്കേണ്ടിവരുമോ എന്ന ആശങ്ക ഇപ്പോൾ ചെറുതല്ല. പാട്ടുകൾ ആത്മവിശ്വാസം കൂട്ടട്ടെ...





ദർശന

# ദിതിയുടെ ആകാശം

'മുത്തശ്ശീ ഒന്ന് പതുക്കെ നടക്കൂട്ടോ . എനിക്ക് വയ്യ'

ദിതി ഇരുകൈകളും മുട്ടിന്മേൽ അമർത്തിപ്പിടിച്ചുകൊണ്ട് പറഞ്ഞു . ഇരുള് വീണ വഴിയിലെ വേരുകളിൽ തട്ടിവീഴാതെ സൂക്ഷിച്ചു നടക്കുകയായിരുന്ന മുത്തശ്ശി പൊടുന്നനെ നിന്നു. മുത്തശ്ശിയുടെ സഞ്ചിയിലെ കോഴികളപ്പോൾ കാര്യമറിയാതെ കലമ്പി. കുന്നിൻപുറത്തേയ്ക്ക് കുത്തനേയുള്ള വെട്ടുവഴിയുടെ അറ്റത്തായിരുന്നു അവരപ്പോൾ. അരികിലുള്ള ചെറിയ വീടുകളുടെ തിണ്ണയിൽ മുനിഞ്ഞു കത്തുന്ന വിളക്കിന്റെ പ്രകാശം അവർക്ക് വഴി കാണിക്കാനാകാതെ തലതാഴ്ത്തി നിന്നു. മരക്കൊമ്പുകൾക്കിടയിലൂടെ ആകാശം നക്ഷത്രവിളക്കുകൾ നീട്ടി. 'നമ്മള് മോളിലെത്തി. ഇനി ഇത്തിരീം കൂടിയെള്ളൂ '

' മുത്തശ്ശി ഇനിയും ഇതുപോലെ കേറ്റണ്ടോ'

'കേറ്റൊക്കെ കഴിഞ്ഞു. ഇനിപ്പോ തേക്കിന്റെ ചെറിയൊരു കാടാ. അതിനിടയിൽ നിറയെ പുല്ല് . സൂക്ഷിച്ചു നടക്കണം. വല്ല ഇഴജന്തുക്കളുണ്ടാകും. വെളിച്ചാണെങ്കില്ല്യ. ഈ കോഴിയോളു പറ്റിച്ച പണി.'

'ആരാ ത് ' കരിമ്പടം പുതച്ചൊരു രൂപം അവർ നിന്നിരുന്നതിന്നരികിലെ കുടിലിന്റെ തിണ്ണയിൽ നിന്ന് പുറത്തേക്ക് വന്നു. അവരുടെ കൈയിലിരുന്ന കുഞ്ഞുമൂട്ടവിളക്കിന്റെ വെളിച്ചത്തിൽ കഴുത്തിലെ കല്ലുമാലകൾ തിളങ്ങി. ഒറ്റക്കാതിലെ കടുക്കനിലെ നിറം മങ്ങിയ ചുവന്ന കല്ലുകൾ ചിരിക്കാൻ മറന്നു. ദിതി ഭയത്തോടെ മുത്തശ്ശിയുടെ പിന്നിലേക്ക് മാറി.

'വീടുവിട്ട് വരുന്ന ദിവസല്ലേ'

മുത്തശ്ശിയുടെ സ്വരം ഇടറി. 'രണ്ടുമൂന്നു കോഴികളുണ്ടായിരുന്നു. മൊളയാൻ വൈകി. അവറ്റോളെ പിടിച്ച് വരുന്ന വരവാന്റെ കാളിയമ്മേ.'

'പാറമടേടെ അപ്പ്രത്തുള്ള വഴിയാണെങ്കില് വിളക്കും കാല് ണ്ടായിരുന്നു. അതിലെ പോവാർന്നില്ലേ. '

'ഇയ്ക്കാ വഴി അറീല്യാ. രണ്ട് തവണ വന്നപ്പോഴും ഇതീക്കൂടി തന്ന്യാപോയത്.'

'ഈ വിളക്ക് കയ്യിൽ വെച്ചോളാ . കുട്ടിള്ളതല്ലേ. ന്നാലും പേടിക്കേണ്ട. മോളിലേക്ക് കേറിക്കഴിഞ്ഞാ നല്ല വെട്ടം ണ്ടാകും . എന്നാലും ഇരുന്നോട്ടെ . '

കാളിയമ്മ വിളക്ക് നീട്ടി.

മുത്തശ്ശി കോഴിസഞ്ചി ഇടം കയ്യിലേക്ക് മാറ്റി വലം കയ്യാൽ മൂട്ടവിളക്ക് വാങ്ങി.

'വല്യ ഉപകാരായിട്ടോ. കാലത്ത് കൊണ്ടെന്ന് തരാം കാളിയമ്മേ'

മൂട്ടവിളക്കിന്റെ മങ്ങിയ വെളിച്ചത്തിൽ അവർ നടന്നു.

കാളിയമ്മയുടെ വീട് കുന്നിൻമുകളിലേക്കുള്ള വഴിയിലെ അവസാന വീടായിരുന്നു .

'സൂക്ഷിച്ചു നടന്നോളോ നിലത്ത് കാലൊരച്ച് നടക്കെന്റെ കുട്ട്യേ. ഇഴജന്തുക്കള് ഭൂമീലെ അനക്കം കേട്ടാ നീങ്ങിപ്പോകും.'

കുന്നിൻ മുകളിലേക്ക് കയറിയതും ദിതി പൊടുന്നനെ നിന്നുപോയി. നിറയെ തേക്കിൻ കൈകൾ . വിത്ത് വീണു മുളച്ച പോലെ നിറഞ്ഞുനിൽക്കുന്ന പുൽമേട് . മങ്ങിയ ഒരുതരം വെളിച്ചം കുന്നിൻപുറമാകെ നിറഞ്ഞിരുന്നു . ആകാശം നിറയെ നക്ഷത്രങ്ങൾ മിന്നാൻ തുടങ്ങുന്നു. ചന്ദ്രനും ഉദിക്കാൻ തുടങ്ങുന്നത് അവൾ നോക്കിനിന്നു

'വേഗം നടക്ക് "

മുത്തശ്ശി തിരക്കുകൂട്ടി. ദൂരെ വീടുകളിലെ മങ്ങിയ വെളിച്ചം കാണുന്നുണ്ട്. പുൽമേട് കഴിഞ്ഞ് അവരൊരു വെട്ടുവഴിയിലെത്തി . ഒരു ലോറിക്ക് പോകാവുന്നത്രയ്ക്കും വീതിയുള്ള വഴി. 'കോളനിയുടെ ഇടയിൽ കൂടിയുള്ള വഴിയെ ചൊല്ലി തർക്കം വന്നപ്പോൾ അടച്ചു കെട്ടീതാ കോളനിക്കാര്. സൗകര്യം ഈ വഴിയായിരുന്നു. പറഞ്ഞിട്ടെന്താ കാര്യം. മനുഷ്യമ്മാര് ആർക്കും ഒരുപകാരം ചെയ്യില്ല. ദ്രോഹല്ലാണ്ട് . '

വീടുകളുടെ അരികിലേക്ക് എത്തിയപ്പോൾ ഇടതുവശത്തുനിന്നും വീതിയേറിയ ഒരു വഴി അവർ നടന്ന വഴിയിലേക്ക് എത്തിനിൽക്കുന്നത് കണ്ടു . ഇതാവും കാളിയമ്മ പറഞ്ഞ വഴി. 'മുത്തശ്ശീ, മുത്തശ്ശിക്ക് കാളിമ്മേനെ നേരത്തെ അറിയോ'

' രണ്ടുതവണ വന്നപ്പോഴും അവരു വീട്ടില്ണ്ടായിര്ന്നില്യാ. പിന്നെ ഈ പറമ്പീക്കൂടി നടന്നപ്പോഴാ കണ്ടത്. അതൊരു പാവം തള്ള. ഒറ്റയ്ക്കാ താമസം. കുന്നിന്റെ മോളിന്ന് കുറുന്തോട്ടിയും കടിക്കണ തുമ്പേടെ വേരും പറിച്ച് കെട്ടാക്കി പച്ചമരുന്ന് കടേല് കൊണ്ടോയി കൊടുക്കും . അവര് നിസ്സാരായി എന്തേലും കൊടുക്കും . അതോണ്ടാ ജീവിതം . അങ്ങനേം കുറെ മനുഷ്യന്മാരുണ്ട് കുട്ട്യേ. '

മുത്തശ്ശി ദീർഘമായി നിശ്വസിച്ചു.

ദിതിയുടെ കാല് ഒരു ഉരുളൻകല്ലിൽ തട്ടി. അവൾ മറിഞ്ഞു വീഴേണ്ടതായിരുന്നു. 'ഇവിടം മുഴുവൻ കല്ലാ. കണ്ണ് തെറ്റിയാൽ തട്ടി വീഴും .' മുത്തശ്ശി മുന്നറിയിപ്പ് നൽകിയപ്പോഴെയ്ക്കും അവർ ലക്ഷ്യസ്ഥാനത്ത് എത്തിയിരുന്നു. ഒരു പുരത്തറയാണ് ആദ്യം കണ്ടത് . അതിന്റെ പുറകിലായി ഓലമേഞ്ഞ ഒരു വീട്. ആ വഴിയിൽ ഓലമേഞ്ഞ വീടുകളൊന്നും കണ്ടില്ലല്ലോയെന്നവൾ സങ്കടത്തോടെ ഓർത്തു. ചാണകം മെഴുകിയ തറയിൽ ഒരു വിളക്ക് കത്തിച്ചു വച്ചിട്ടുണ്ട്. അവൾ ഇറയത്തേക്ക് കയറിച്ചെന്ന് അവിടെയിരുന്നു. ഒരു കുപ്പിയിൽ മണ്ണെണ്ണ നിറച്ചത്. അതിന്റെ മൂടി തുളച്ചു തുണി കൊണ്ടുള്ള ഒരു തിരി മണ്ണെണ്ണയിൽ മുങ്ങി കിടക്കുന്നു . അതാണ് വിളക്ക്.

'എന്താ വൈകീത് . അച്ഛനെ വിടണോന്ന് പേടിച്ചിരിക്ക്യായിരുന്നു ഞാൻ.'

വാതിൽക്കൽ അമ്മയുടെ ഒച്ച . അമ്മയുടെ പിറകിൽ നിന്നും വന്ന അനിയത്തി അവളുടെ അടുത്തിരുന്നു. അവൾ വിളക്കിനരികിൽ ചിറക് കരിഞ്ഞു വീഴുന്ന പ്രാണികളെ നോക്കുകയായിരുന്നു. അവളുടെ പഴയ വീട്ടിൽ കറണ്ടുണ്ടായിരുന്നു. അതിന് നല്ല പാല് പോലത്തെ വെളിച്ചമായിരുന്നു . ഇത് ആകെ മഞ്ഞച്ച , മങ്ങിയ ഒരു വെളിച്ചം .

'അച്ഛനെങ്ങോട്ടാ പോയത്?

' കടേലിക്ക്, സാധനങ്ങൾ വാങ്ങണ്ടേ .

'ഇനിയിപ്പോ ഈ ഇരുട്ടത്ത് കുളിക്കാനൊന്നും നിൽക്കണ്ട . പരിസരം പരിചയല്ല്യ. കാലും മുഖവും കഴുകിയാൽ മതി.'

'ഇവറ്റകളെ ആ കൂട്ടിലേക്കിട്ടോ'

മുത്തശ്ശി കോഴി സഞ്ചി അമ്മയുടെ കയ്യിലേക്ക് കൈമാറി. കൈമാറ്റം ഇഷ്ടപ്പെടാഞ്ഞിട്ടോ, എന്തോ അവറ്റകൾ അതിനുള്ളിൽ ഞെളിപിരി കൊണ്ട് കൊക്കാൻ തുടങ്ങി. അമ്മയുടെ പുറകെ അകത്തേക്ക് നടക്കുമ്പോൾ ദിതിയുടെ നെഞ്ചിടിക്കുന്നുണ്ടായിരുന്നു . ഭാഗ്യം ഇതുവരെ ചോദ്യങ്ങളൊന്നും ഉണ്ടായില്ല . കൂട്ടുകാരിയുടെ വീട്ടിലേക്ക് കറങ്ങാൻ പോയത് അമ്മ മറന്നു കാണും.

നീളത്തിലാണ് പുര . ഓരോ മുറികൾ തിരിച്ചിരിക്കുന്നു . നീണ്ട ഇടനാഴി പോലെ ഒരു ഭാഗം. ഏറ്റവും അറ്റത്താണ് അവരുടെ മുറി . എല്ലാം ഒതുക്കി വെച്ചിട്ടുണ്ട്. എവിടെയാണെങ്കിലും അമ്മയെല്ലാം അടക്കിപ്പെറുക്കി വൃത്തിയായി വയ്ക്കും. സ്ഥാനം തെറ്റിച്ചാൽ ചെവി ചൂടാവുകയും ചെയ്യും.

‘ ഇങ്ങോട്ട് വന്നേടീ, എന്താ നോക്കി നിക്കണെ‘

അവൾ അമ്മയുടെ ശബ്ദം കേട്ടിടത്തേക്ക് ചെന്നു. അടുക്കളയാണ്. അടുപ്പിനരികിൽ കുഞ്ഞമ്മായി ഇരിപ്പുണ്ട്. ചുടു ചോറിന്റെ മണം മൂക്കിലടിച്ചതും അതുവരെയില്ലാതിരുന്ന ഒരു വിശപ്പ് തലപൊക്കാൻ തുടങ്ങി. അടുപ്പത്ത് എന്തോ തിളയ്ക്കുന്നുണ്ട്.

‘പരിപ്പ് കറിയാ. കാച്ച്യേ മുളകോണ്ട് ഒരു പുളിച്ചമ്മന്തി ണ്ടാക്കാം. കടേല് പോയോരോട് പപ്പടോം ഉണക്കമീനും കൊണ്ടു വരാൻ പറഞ്ഞിട്ടുണ്ട് . എപ്പോഴാ വരണേ ആവോ‘

അമ്മായി ഉള്ളിയരിഞ്ഞത് നീക്കിവെച്ചു.

‘ദിത്യെ, വന്നു കാലും മൊഖോം കഴുകണ് ണ്ടാ. എനിക്ക് വേറെ പണിണ്ട്‘

മുറ്റത്ത് നിന്ന് അമ്മയുടെ ഒച്ചപൊന്തി. കോഴികള് സ്വാതന്ത്ര്യം കിട്ടിയതിന്റെ ആഹ്ലാദത്തിൽ കൂട്ടിൽ തലങ്ങും വിലങ്ങും നടക്കുന്നു. ഒരു വലിയ ചെരുവം നിറയെ വെള്ളം. അതിൽ നിന്നും ഒരു കപ്പെടുത്ത് കയ്യും കാലും മുഖവും കഴുകി . എന്തൊരു കുളിര് വേഗം തോർത്തെടുത്ത് തുടച്ചു.

‘നീയിന്ന് എവിടെക്കാ പോയേ? ഇനി മേലിൽ കറങ്ങാൻ പോയാ എന്റെന്ന് നല്ല ചുട്ട പെട കിട്ടും .‘

മങ്ങിയ വെളിച്ചത്തിൽ അമ്മയുടെ മുഖം കണ്ടില്ല. ഭാഗ്യം തല്ല് കിട്ടിയില്ലല്ലോ. അവൾ വേഗം അകത്തേക്ക് നടന്നു. എല്ലാവരും കൂടി ഒന്നിച്ചിരുന്ന് ഭക്ഷണം കഴിച്ചു. പുതിയ സാഹചര്യങ്ങളുമായി എത്ര പെട്ടെന്നാണ് എല്ലാവരും പൊരുത്തപ്പെടുന്നതെന്ന് ദിതി അതിശയിച്ചു. രാത്രി മുത്തശ്ശിയോടൊപ്പം ഉറങ്ങാൻ കിടക്കുമ്പോൾ കുറുനരികളുടെ ഓരിയിടൽ കേട്ടു. എല്ലാ ശാന്തമായപ്പോൾ അകലെ എവിടെയോ നിന്ന് ആനയുടെ നീണ്ട ചിന്നംവിളി .

‘മുത്തശ്ശീ, മുത്തശ്ശീ.‘

അവളുറക്കെ വിളിച്ചു. ശബ്ദം പുറത്തു വന്നതേയില്ല.

മുത്തശ്ശിയെവിടെ?

പതിയെ കണ്ണുകൾ ചിമ്മിത്തുറന്നതും കടുത്ത ഒരു വേദന ഇടതു ചെന്നിയിൽ നിന്നും ഉച്ചിയിലേക്ക് പുളഞ്ഞുകയറി. മരുന്നുകളുടെ രൂക്ഷമായ ഗന്ധം അതൊരു ആശുപത്രി മുറിയെന്നോർമ്മിപ്പിച്ചു. അവളുടെ ഞരക്കം മുറിയുടെ മൂലയിൽ മേശയ്ക്കരുകിലിരുന്ന നഴ്സിനെ മയക്കം വെടിയാൻ മാത്രം പര്യാപ്തമായിരുന്നു.

‘ആന്റീ , ദാഹിക്കുന്നോ?‘

ദീപ്തിയുടെ വരണ്ട ചുണ്ടുകളുടെ ചലനങ്ങൾ ചിരപരിചിതയെപ്പോലെ അവളറിഞ്ഞു. ഇത്തിരി വെള്ളത്താൽ അവരുടെ ചുണ്ട് നനച്ചുകൊടുത്തു.

‘അനങ്ങാതെ കിടന്നോളൂട്ടോ. രണ്ടു ദിവസമായി ആന്റിയ്ക്ക് ഓർമ്മേണ്ടായിരുന്നില്ല. ഞാൻ ഡോക്ടറെ വിളിക്കട്ടെ. ‘

അവൾ പുഞ്ചിരിച്ചുകൊണ്ട് നെറ്റിയിൽ അരുമയായി തലോടി, മേശയ്ക്കരികിലേയ്ക്ക് നീങ്ങുന്നത് പാതിമയക്കത്തിലെന്നോണം ദീപ്തി അറിഞ്ഞു. എ സി യുടെ മുരൾച്ച മാത്രമേ അവൾക്ക് കേൾക്കാനായുള്ളൂ.

എന്താണ് സംഭവിച്ചത്? ഓർക്കാനായി ശ്രമിക്കും തോറും ഞരമ്പുകൾ കൂടിപ്പിണഞ്ഞ് കടുത്ത നോവിന്റെ നീരൊഴുക്കുകൾ സൃഷ്ടിക്കുകയും അതവളുടെ കണ്ണിണകളിൽ നിന്നും താഴേയ്ക്ക് ഒഴുകാൻ തുടങ്ങുകയും ചെയ്തപ്പോഴേയ്ക്കും നഴ്സ് അവൾക്കരികിലേയ്ക്കെത്തി.

‘ആന്റി ഒന്നും ആലോചിക്കണ്ടാട്ടോ. കണ്ണടച്ച് കിടന്നോളൂ. ഡോക്ടർ ഇപ്പോഴെത്തും .‘

‘അമ്മേ, ഇപ്പോഴെങ്ങനെ വേദന കുറവുണ്ടോ?. ‘

അവൾ ഞെട്ടി കണ്ണു തുറന്നു..

ഡോക്ടറെ കണ്ടപ്പോൾ മകനെ ഓർമ്മ വന്നു. പാവം അവൻ വല്ലാതെ വിഷമിച്ചിരിക്കും. ബാംഗ്ലൂര് നിന്നും വന്നു കാണുമോ ?

‘എന്താ ഒന്നും പറയാത്തത്.അമ്മ ഞങ്ങളെ വല്ലാതെ പേടിപ്പിച്ചു. ഒരു ദിവസം ഒരനക്കവും ഇല്ലാതെ കിടന്നു. ഇന്നലെ മയക്കത്തിൽ എന്തൊക്കെയോ കഥകൾ പറയുന്നുണ്ടായിരുന്നു. അപ്പോഴാ സമധാനമായത്. വിശ്രമിച്ചോളൂട്ടോ.‘

ഡോക്ടർ നൽകേണ്ട മരുന്നുകളെ കുറിച്ച് നഴ്സിന് നിർദ്ദേശം നൽകി.

‘എനിക്ക് വീട്ടിലേയ്ക്ക് പോണം‘

ദീപ്തി പതിയെ പറഞ്ഞു. .

ഡോക്ടർ ഒരു നിമിഷം നോക്കി.

‘അമ്മയ്ക്കിപ്പോൾ പോകാൻ പറ്റില്ല. രണ്ടു ദിവസം കഴിയട്ടെ. യാത്ര ചെയ്യാറാവുമ്പോൾ പറയാം ട്ടോ.‘

‘ഡോക്ടർ എനിക്കെന്താ അസുഖം ന്ന് നന്നായറിയാം. എവിടെ കിടന്നാലും ഈ നശിച്ച വേദന എന്നെ വിട്ടു പോവില്ല. ‘

ഡോക്ടർ അമ്പരപ്പോടെ നോക്കി പിന്നെ അടുത്തുകിടന്ന കസേരയിൽ ഇരുന്നു. ദീപ്തിയുടെ വിരലുകളിൽ പിടിച്ചു.

‘എത്രകാലമായി ഇതറിഞ്ഞിട്ട്?‘



‘ആറുമാസം.’

‘വീട്ടിലായാ സമാധാന ണ്ട്. എല്ലാവരെയും കാണാല്ലോ. ഈ നാലു ചുവരുകൾക്കുള്ളിൽ എന്നെ അടച്ചിടല്ലെ. ‘

വേദനയാൽ ചുളിഞ്ഞ മുഖത്തോടെ അവൾ പറഞ്ഞു.

‘വീട്ടിലുള്ളവർക്ക് അറിയുമോ. ?‘

‘ഇല്ല്യ. ഞാനെടയ്ക്ക് തമാശയ്ക്ക് പറയും. .. നിയ്ക്ക് ബ്രെയിൻ ട്യൂമർ ആണെന്ന് തോന്നണ് ന്ന്... അപ്പോ ആവശ്യല്യാത്തത് പറയണ്ടാന്ന് അവരെന്നെ വഴക്കുപറയും. ‘

ദീപ്തി വളരെ ആയാസപ്പെട്ട് പറഞ്ഞു.

അവളുടെ കണ്ണുകൾ നിറഞ്ഞു.

‘എന്റെ മുറിയിൽ കിടന്നാൽ തൊടിയിലെ മരങ്ങൾ മുഴുവൻ കാണാൻ പറ്റും. പിന്നെ വീടിന്റെ മുന്നിലു തൂക്കിയ ടർട്ടിൽ വൈൻ ചട്ടിയിൽ രണ്ട് ചുവന്ന തൊപ്പിക്കിളികൾ കൂട് കൂട്ടിയിട്ടുണ്ടായിരുന്നു. ഞാനും കുഞ്ഞുമക്കളും ആ കിളികളെ നോക്കി ജനലിനരികിൽ ഇരിക്കും. മുട്ടയിട്ട് അടയിരിക്ക്യാ.

കുഞ്ഞുങ്ങളു വിരിഞ്ഞോ ആവോ ? ‘

‘അമ്മ എഴുത്തുകാരിയാണ് ല്ലേ . മകൻ പറഞ്ഞു.

ആരാണ് ദിതി. ?‘

‘ഞാൻ തന്നെ‘

ദീപ്തി നനഞ്ഞ കണ്ണുകൾ ഇറുക്കിയടച്ചു.

ദിതിയപ്പോൾ കുന്നിനുമുകളിലെ കറുത്ത പാറക്കൂട്ടങ്ങളിൽ പൊഴിഞ്ഞു കിടന്ന പാലപ്പൂക്കൾ വാരിയെടുത്തു.

‘ചേച്ചീ, അങ്ങോട്ട് കടക്കണ്ടാട്ടോ. അവിടെ യക്ഷിണ്ട് ന്നാ പറയാ. ‘

കുന്നിൻ പുറത്തെ കുട്ടികൾ ഭയത്തോടെ ഒച്ചവെച്ചു.

‘യക്ഷി ന്റെ കൂട്ടുകാരി യാ.എനിക്ക് കഥകൾ പറഞ്ഞു തരും. ഇങ്ങള് പോക്കോ. ‘

കുട്ടികൾ ഭീതിയോടെ തിരിഞ്ഞു നടന്നു.

ദിതി മാനത്തേയ്ക്ക് നോക്കി . നട്ടുച്ച വെയിൽ കത്തി നിൽക്കുന്ന, തെളിഞ്ഞ നീലാകാശം. നിറയെ പഞ്ഞിമേഘങ്ങൾ. പൊടുന്നനെ

അവിടമാകെ പാലപ്പൂക്കളുടെ മണം നിറഞ്ഞു. കശുമാവിൻ തോപ്പിലെ മുളക്കൂട്ടങ്ങൾ വീശിയടിച്ച കാറ്റിൽ പാട്ടുപാടാൻ തുടങ്ങി . ദിതി കണ്ണുകളടച്ച് യക്ഷിയുടെ വരവും കാത്തിരുന്നു.



# പെൺക്കരുത്തിന്റെ കടൽപ്പെരുമ

വിഖ്യാത സമുദ്ര ശാസ്ത്രജ്ഞ തൃശൂർ കോളങ്ങാട്ടുകരയിലെ ഡോ.സാവിത്രി നാരായണൻ... മുപ്പത്തിയെട്ടു വർഷക്കാലം കടൽ പ്രതിഭാസങ്ങളെ ശാസ്ത്രീയമായി നിരീക്ഷിച്ച് തിരിച്ചറിഞ്ഞ അവർ സമുദ്രത്തിന്റെ ഗതിയും കടലാഴങ്ങളും അളന്ന് രേഖപ്പെടുത്തുന്ന ഹൈഡ്രോഗ്രാഫറായും, സമുദ്രജീവികളെ കുറിച്ചും അവയുടെ ആവാസ വ്യവസ്ഥകളേയും, ഭൂഗർഭശാസ്ത്രത്തെ പറ്റിയും പഠിക്കുന്ന ഓഷ്യാനോഗ്രാഫറായും ജോലി ചെയ്തു. സ്ത്രീകൾ കടന്നുവരാൻ മടിക്കുന്ന മേഖലയിലാണ് അവർ തിളങ്ങിയത്. ഡോ.സാവിത്രി നാരായണന്റെ ജീവിതത്തിലെ നക്ഷത്രതിളക്കങ്ങൾ ഏറെയാണ്. മഷിപ്പച്ച മാസികക്കു വേണ്ടി സമത സാഗർ പുരസ്കാരം നേടിയ സമുദ്രശാസ്ത്രജ്ഞ സാവിത്രി നാരായണനുമായി അജിത രാജൻ നടത്തിയ അഭിമുഖം.

**വിഖ്യാത സമുദ്ര ശാസ്ത്രജ്ഞ ഡോക്ടർ സാവിത്രി നാരായണന്റെ വിശേഷണങ്ങൾ ഏറെയാണ്. കനേഡിയൻ ഫെഡറൽ ഗവൺമെന്റിന്റെ സമുദ്ര വിജ്ഞാന വകുപ്പിൽ ശാസ്ത്രജ്ഞയായി പ്രവേശിച്ച അവർ ഡയറക്ടർ, ഡയറക്ടർ ജനറൽ എന്നീ തസ്തികകളിൽ സേവനമനുഷ്ഠിച്ചു. ഒരു വനിത ആദ്യമായാണ് ഡയറക്ടർ ജനറലായി ചുമതലയേറ്റത്. നിരവധി ഗവേഷണ കപ്പലുകളിൽ മുഖ്യ ശാസ്ത്രജ്ഞയായി പ്രവർത്തിച്ചിട്ടുണ്ട്. സമുദ്ര വിജ്ഞാന ശാഖയിലെ കപ്പൽ യാത്രയുമായി ബന്ധപ്പെട്ട ഗവേഷണങ്ങളുടെ അധ്യക്ഷ, യുനെസ്കോയുടെ ഇന്റർ ഗവൺമെന്റ് ഓഷ്യാനോഗ്രാഫിക് കമ്മീഷന്റെ വൈസ് പ്രസിഡണ്ട്, ജനീവ കേന്ദ്രമായുള്ള ഓഷ്യാനോഗ്രഫി ആൻഡ് മറൈൻ മെറ്റീരിയോളജിയുടെ അധ്യക്ഷ, അന്താരാഷ്ട്ര ഹൈഡ്രോഗ്രാഫിക് ഓർഗനൈസേഷനിലെ കാനഡയുടെ പ്രതിനിധി എന്നിവ പ്രധാനപ്പെട്ട നിയോഗങ്ങൾ. യുനെസ്കോ ഇന്റർനാഷണൽ ഓഷ്യാനോഗ്രാഫിക് കമ്മീഷന് വേണ്ടി 2012 അന്താരാഷ്ട്ര വനിതാ ദിനത്തിൽ പ്രബന്ധം അവതരിപ്പിക്കാൻ തെരഞ്ഞെടുക്കപ്പെട്ട 5 വനിതകളിൽ ഒരാളായിരുന്നു ഡോക്ടർ സാവിത്രി നാരായണൻ.**

**തൃശൂരിലെ വസതിയിൽ, പോയകാലം ഓർത്തെടുക്കുകയാണ് ഡോ.സാവിത്രി.**



**അജിത രാജൻ, ഡോ.സാവിത്രി നാരായണൻ, കണ്ടഞ്ചാതമനക്കൽ നാരായണൻ നമ്പൂതിരി, മോനിച്ചൻ ചാക്കോ, സി ജി അശോകൻ എന്നിവർ.**

---

**ചോദ്യം . 1**
**നമസ്തേ...,**
**മാഡം**
**സമത സാഗർ പുരസ്കാരം നേടിയ താങ്കളുടെ സന്തോഷത്തിൽ ഞങ്ങളും പങ്കു ചേരുന്നു. എന്റെ പേരിലും മഷിപ്പച്ച മാസികയുടെ പേരിലുമുള്ള അഭിനന്ദനങ്ങളറിയിക്കുന്നു....ഈ വേളയിൽ മുൻപു ലഭിച്ച പുരസ്ക്കാരങ്ങൾ ഏതൊക്കെയാണെന്ന്പങ്കുവയ്ക്കാമോ?**

**ഉത്തരം:** ആദ്യം കിട്ടിയ പുരസ്കാരം എട്ടാം ക്ലാസിൽ പഠിക്കുമ്പോൾ ലഭിച്ച സ്കോളർഷിപ്പായിരുന്നു. മൂന്നുരൂപയായിരുന്നു സമ്മാനം. പിന്നെ ബി.എസ്.സി. മാത്തമാറ്റികസിനും, എം എസ് സി മാത്തമാറ്റിക്സിനും ഒന്നാം റാങ്കുണ്ടായിരുന്നു.

മൂന്നു രൂപ കിട്ടിയ ആദ്യത്തെ സ്കോളർഷിപ്പും , പിന്നീട് കിട്ടിയ രണ്ടു സ്വർണ്ണ മെഡലുകളും ഒരുപോലെ പ്രിയപ്പെട്ടതു തന്നെ. ഓരോ പുരസ്കാരവും സമയവും കാ

ലവുമനുസരിച്ച് വ്യത്യസ്ത രീതിയിൽ പ്രാധാന്യമുള്ളവയാണ്. കനഡയിൽ ജോലിയിലിരിക്കെ ഡിപ്പാർട്ട്മെന്റിൽ നിന്നും അന്താരാഷ്ട്രിയ സംഘടനകളിൽ നിന്നും പല അച്ചീവ്മെന്റ് അവാർഡുകളും കിട്ടിയിട്ടുണ്ട്.

**ചോദ്യം . 2 താങ്കൾ ആറാം ക്ലാസ് വരെ വീട്ടിലിരുന്നുള്ള സ്വയം പഠനമായിരുന്നു എന്ന് കേട്ടിട്ടുണ്ട്. 14-ാം വയസ്സിൽ പത്താം ക്ലാസ് പാസ്സായെന്നും..**

ആ കാലഘട്ടത്തിലെ പഠന സമ്പ്രദായത്തെ ക്കുറിച്ചൊന്നു പറയാമോ..?

ഉത്തരം: സ്വയം പഠനമല്ല, ഒരധ്യാപിക ഇല്ലത്തുവന്ന് പഠിപ്പിക്കുകയായിരുന്നു. പിന്നെ അച്ഛനും.

എന്റെ ചെറുപ്പ കാലത്ത് നമ്പൂതിരി ഇല്ലങ്ങളിൽ വിദ്യാഭ്യാസം സാർവത്രികമായിരുന്നില്ല. പ്രത്യേകിച്ച് പെൺകുട്ടികളുടെ കാര്യത്തിൽ. അന്ന് അയിത്തം, ശുദ്ധി ഇവയൊക്കെ ശ്രദ്ധിക്കണമായിരുന്നു.



ചെറിയ കുട്ടികളെ സ്കൂളുകളിലേയ്ക്ക് അയക്കാൻ വൈമനസ്യവും ഉണ്ടായിരുന്നു. അതു കൊണ്ടു തന്നെ ട്യൂഷൻ മാഷെ ഇല്ലത്തേയ്ക്കു വരുത്തി പഠിപ്പിയ്ക്കും. ആറാം ക്ലാസ് മുതലാണ് ഞാൻ സ്കൂളിൽ പോകാൻ തുടങ്ങിയത്.

**ചോദ്യം. 3. ഡൊമിനിയൻ ഹൈഡ്രോഗ്രാഫർ, ഓഷ്യൻ സയൻസ് ഡയറക്ടർ ജനറൽ തുടങ്ങിയ ഉന്നത പദവികളിൽ എത്തിച്ചേർന്ന താങ്കളുടെ വിദ്യാഭ്യാസവും കരിയർ കാലഘട്ടവും സ്ത്രീകൾക്ക് അധികം സ്വാതന്ത്ര്യമില്ലാത്ത ഒരു കാലമായിരുന്നല്ലോ. ഒരു അന്തർജ്ജനമായ അങ്ങയുടെ മുന്നോട്ടുള്ള പ്രയാണത്തിൽ കൂടുംബത്തിലെ രക്ഷിതാക്കളിൽ നിന്നും എത്രത്തോളം പ്രോത്സാഹനം ഉണ്ടായിരുന്നു.?**

ഉത്തരം: കുടുംബത്തിൽ നിന്നും നല്ല പ്രോത്സാഹനമായിരുന്നു ലഭിച്ചിരുന്നത്. ഔദ്യോഗികമായി ഞാൻ ഉയർന്നതലങ്ങളിൽ എത്തിയപ്പോൾ ഏതു പൊസിഷനാണ് എടുക്കേണ്ടത് എന്നതിനെക്കുറിച്ചുള്ള ചർച്ച വീട്ടുകാരുമായിട്ടുണ്ടായിട്ടില്ല. അതേ കുറിച്ച് പറഞ്ഞാൽ അവർക്ക് മനസ്സിലായിക്കൊള്ളണമെന്നുമില്ല. ഏതു വിഷയങ്ങൾ ആയാലും അങ്ങേയറ്റം ചിന്തിച്ച് ഗുണദോഷങ്ങൾ അറിഞ്ഞിട്ടേ ഞാൻ തീരുമാനങ്ങൾ എടുക്കാറുള്ളൂ. എനിക്ക് ലഭിച്ച പൊസിഷൻ ഞാൻ അവരെ അറിയിക്കും. ഗോൾഡ് മെഡലുകൾ കിട്ടിയപ്പോൾ അച്ഛനും അമ്മയും മറ്റുള്ളവരും എന്നേക്കാൾ സന്തോഷത്തിലായിരുന്നു. സ്ഥാനത്തിൽ മേലെയുള്ളവരെ ബഹുമാനിക്കണമെന്നും താഴെയുള്ളവരെ ചേർത്തു പിടിക്കണമെന്നും എന്നെ എന്നും അവരെല്ലാം ഓർമ്മിപ്പിക്കുകയും ചെയ്യാറുണ്ട്.

**ചോദ്യം.4. വിദ്യാഭ്യാസ- കരിയർ രംഗത്ത് ഇതുവരെ ലഭിച്ച നേട്ടങ്ങളെക്കുറിച്ച് പറയാമോ?**

**ഉത്തരം:** ബി.എസ്.സി യും എം.എസ്.സിയും ഒന്നാം റാങ്കോടെ പാസായതിനു ശേഷം 1966ൽ കുറച്ചു കാലം അ

ധ്യാപികയായി ആലുവ യു.സി കോളേജിൽ മാത്തമാറ്റിക്സ് ഡിപ്പാർട്ടുമെന്റിൽ ജോലി ചെയ്തു. അക്കൊല്ലം തന്നെ ബാംഗളൂരിലെ ഇന്ത്യൻ ഇൻസ്ററിററ്യൂട്ട് ഓഫ് സയൻസിൽ അഡ്മിഷൻ കിട്ടിയപ്പോൾ അവിടെ അപ്പ്ലൈഡ് മാത്തമാറ്റിക്സ് പി.എച്ച്.ഡി. പഠനം ആരംഭിച്ചു. അധികം താമസിയാതെ ലോക പ്രസിദ്ധമായ ഹാർവാർഡ് യൂണിവേഴ്സിറ്റിയിൽ നിന്നും ഒരു വിസിറ്റിംഗ് പ്രൊഫസറായി Prof Allan R. റോബിൻസൺ വന്നു. അദ്ദേഹത്തിന്റെ കീഴിൽ ഓഷിയാനോഗ്രാഫി കേന്ദ്രീകരിച്ച് പഠനം ആരംഭിച്ചു. തുടർന്ന് അദ്ദേഹം ഹാർവാർഡ് യൂണിവേഴ്സിറ്റിയിൽ അഡ്മിഷൻ തന്നതു കൊണ്ട് ഇരുപത്തിരണ്ടു വയസ്സുകാരിയായ ഞാൻ അവിടെ ഓഷിയാനോഗ്രാഫിയിൽ പി.എച്ച്.ഡി.പഠനം തുടർന്നു. 1973 ൽ പി.എച്ച്.ഡി ലഭിച്ചു. 74 ൽ കനഡയിലേക്ക് താമസം മാറ്റി.

കരിയർ - 1974- 75 ൽ യൂണിവേഴ്സിറ്റി ഓഫ് ബ്രിട്ടീഷ് കൊളംബിയയിലും Simon Fraser University യിലും ലക്ചറർ ആയി പ്രവൃത്തിച്ചു. 1976 മുതൽ കനഡയിൽ ഓഷ്യൻ സയൻസിൽ സൈന്റിസ്റ്റായി പല പൊസിഷനിലും പ്രവർത്തിച്ചു. സയൻസ് മാനേജർ, ഡയറക്ടർ, ഡയറക്ടർ ജനറൽ എന്നീ നിലകളിലേക്കുയർന്നു വന്നു.

ഞാൻ പഠിച്ച കോളേജുകളിലെ അധ്യാപകരെല്ലാം എനിക്കു നല്ല സപ്പോർട്ടായിരുന്നു. മത്സരബുദ്ധി എനിക്കുണ്ടായിരുന്നില്ല. ക്ലാസിലെ മറ്റു കുട്ടികളെ ഹോം വർക്ക് ചെയ്യാൻ ഞാൻ സഹായിക്കുമായിരുന്നു. സത്യത്തിൽ ഞാൻ എല്ലാം കൊണ്ടും ഭാഗ്യവതിയാണ്.

**ചോദ്യം.5 ഹൈഡ്രോഗ്രാഫിയെ കുറിച്ച് ഒന്ന് വിശദീകരിക്കാമോ?**

**ഉത്തരം:** സമുദ്രം എന്നു വച്ചാൽ വെള്ളം മാത്രമല്ല. ജന്തു ജീവികളുണ്ട്, അലിഞ്ഞു ചേർന്ന കെമിക്കൽസുണ്ട്, പാറകളിൽ നിന്നും മറ്റും വരുന്നവ കൂടാതെ മനുഷ്യർ നിക്ഷേപിക്കുന്ന പൊല്ലൂഷൻസും, കപ്പലുകളിൽ നിന്നും തള്ളുന്ന മാലിന്യങ്ങൾ, മഞ്ഞുമലകൾ ഇങ്ങനെ പലതും നിറഞ്ഞതാണ്.

ഹൈഡ്രോഗ്രാഫി എന്നു പറഞ്ഞാൽ, സമുദ്രങ്ങളുടേയും, ജലാശയങ്ങളുടെയും, ജലാശയങ്ങളോടു ചേർന്നുള്ള പ്രദേശങ്ങളുടെയും ഭൗതിക സവിശേഷതകൾ അളക്കുകയും വിവരിക്കുകയും ചെയ്യുന്ന ശാസ്ത്ര



മാണ്. സമുദ്രാതിർത്തികളോടു ചേർന്നുള്ള ഓരോ രാജ്യങ്ങളിലെ ഹൈഡ്രോഗ്രാഫി ഡിപ്പാർട്ട്മെന്റിന്റെ ചുമതലയാണ് കപ്പലുകൾക്ക് അപകടം വരാതെ സഞ്ചരിക്കാൻ അത്യാവശ്യമായ ചാർട്ടുകളുടേയും, മറ്റ് സാങ്കേതിക വിവരങ്ങളുടേയും, മുന്നറിയിപ്പുകളുടേയും നിർമ്മാണവും വിതരണവും.

മൾട്ടിബീം എക്കോ സൗണ്ടറുകൾ ഉപയോഗിച്ച് സർവേ ചെയ്യുന്നത് ഹൈഡ്രോഗ്രാഫിക് ഡാറ്റ നേടുന്നതിനുള്ള പ്രാഥമിക രീതിയാണ്. ജലത്തിന്റെ ആഴം, കടൽ തീരത്തിന്റെയും തീരപ്രദേശത്തിന്റെയും ആകൃതി, തടസ്സങ്ങളുടെ സ്ഥാനം, ജലാശയങ്ങളുടെ ഭൗതിക സവിശേഷതകൾ എന്നിവ മാപ്പ് ചെയ്യുന്നതിലൂടെ നമ്മുടെ സമുദ്രഗതാഗത സംവിധാനത്തെ സുരക്ഷിതമായി നിലനിർത്താൻ ഹൈഡ്രോഗ്രാഫി സഹായിക്കും. വേറൊരു തരത്തിൽ പറഞ്ഞാൽ കപ്പലുകൾക്കു അപകടമില്ലാതെ സഞ്ചരിക്കാൻ ഉപയോഗിക്കുന്ന സമുദ്രത്തിന്റെ ഗൂഗൾ മാപ്പ് ആണ് ചാർട്ട്.

ഓരോ രാജ്യങ്ങളിലും ഇതിനെല്ലാം ഉത്ത

രവാദിത്തം ഉള്ള ഒരു ഡിപ്പാർട്ടുമെന്റ് ഉണ്ട് . ചാർട്ടിലുള്ള എല്ലാ സിംബൽസും ഇന്റർനാഷണലായിട്ട് അംഗീകരിച്ചവ ആയത് കൊണ്ട് അപകടം വളരെ കുറഞ്ഞിട്ടുണ്ട്. കാനഡയിൽ നിന്നുള്ള എല്ലാ ചാർട്ടുകളിലും ഡൊമിനിയൻ ഹൈഡ്രോഗ്രാഫറുടെ ഒപ്പ് ഉണ്ടായിരിക്കും



**ചോദ്യം 6. സമുദ്ര വിജ്ഞാനീയത്തിലാണല്ലോ താങ്കൾ ഡോക്ട്രേറ്റ് എടുത്തിരിക്കുന്നത്. ഈ വിഷയത്തോട് താല്പര്യമുണ്ടാകാൻ പ്രത്യേകിച്ച് എന്തെങ്കിലും കാരണമുണ്ടോ?**

ഉത്തരം: ജീവിതത്തിൽ എല്ലാം അപ്രതീക്ഷിതമായിട്ടാണ് സംഭവിക്കുന്നത്. എം എസ് സി കഴിഞ്ഞുള്ള വൈവ എക്സാമിൽ എക്സ്റേറണൽ എക്സാമിനറായി വന്നത് ബാംഗ്ലൂരിലുള്ള പ്രൊ: ടിക്കെക്കർ ആയിരുന്നു. അദ്ദേഹമാണ് ബാംഗ്ലൂരിലുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിൽ അപേക്ഷിക്കണമെന്ന് പറഞ്ഞ് വേണ്ട സഹായങ്ങളെല്ലാം ചെയ്തു തന്നത്. ഹാർവാർഡ് യൂണിവേഴ്സിറ്റിയിൽ എത്തിയതും അപ്രതീക്ഷിതമായിട്ടായിരുന്നു.

**ചോദ്യം . 7: യുനസ്കോയുടെ ഇന്റർ ഗവൺമെന്റൽ ഓഷിയാനോഗ്രാഫിക്ക് വേണ്ടി തെരഞ്ഞെടുക്കപ്പെട്ട അഞ്ചു വനിതകളിൽ ഒരാളായിരുന്നല്ലോ താങ്കൾ. അതിന് യോഗ്യത നേടിത്തന്ന പഠനവിഷയം ഏതായിരുന്നു? അന്ന് അവിടെ അവതരിപ്പിച്ച പ്രധാന വിഷയം എന്തായിരുന്നു?ലോകത്തിലെ ഏറ്റവും ഉന്നതമായ ഈ വേദിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത് അറിഞ്ഞപ്പോഴുണ്ടായ മാനസികാവസ്ഥ എന്തായിരുന്നു. ?**

ഉത്തരം: സ്ത്രീകളുടെ ഉന്നമനത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ഞാൻ വർഷങ്ങൾക്കു മുൻപേ തുടങ്ങിയിരുന്നു. പക്ഷെ അന്നൊന്നും ഇത്രയും പ്രാധാന്യമുള്ള രംഗത്ത് പ്രവർത്തിക്കാനുള്ള സന്ദർഭം കിട്ടിയിരുന്നില്ല. എന്നാൽ 2001ൽ ഞാൻ ഇന്റർ ഗവൺമെന്റൽ ഓഫിയാനോഗ്രാഫിയുടെ വൈസ് പ്രസിഡന്റായി 150ഓളം രാജ്യങ്ങളുടെ ഇടയിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടിരുന്നു. അതിനാൽ ഇന്റർ ഗവൺമെന്റൽ ഓഷിയാനോഫിക് കമ്മീഷന്റെ എക്സിക്യൂട്ടീവ് സെക്രട്ടറിക്ക് എന്നെ അറിയാമായിരുന്നു. എന്നോടു പറഞ്ഞു സാവിത്രിക്ക് വളരെ യൂണിക്കായിട്ടുള്ള ഹിസ്റ്ററി ഉണ്ട്. ഇന്റർനാഷണൽ ആയിട്ട് എസ്റ്റാബ്ളീഷ്ഡും ആണല്ലോ അതു കൊണ്ട് സാവിത്രിയുടെ അനുഭവങ്ങൾ ഉയർന്നു വരുന്ന സ്ത്രീകൾക്കു ഉപയോഗ പ്രദമാകുന്ന വിധം സംസാരിക്കു.

അവർക്കു വേണ്ടി ഞാൻ സ്വന്തം അനുഭവമാണ് വിവരിച്ചത്. യുനസ്കോ വെബ് സൈറ്റിൽ അന്നത്തെ എന്റെ ഇംഗ്ലീഷ് ശറലീ ഇപ്പോഴും കാണാവുന്നതാണ്.

മാനസികാവസ്ഥയെക്കുറിച്ച് ചോദിച്ചാൽ ഏറെ സന്തോഷം തോന്നി എന്ന് തന്നെ പറയണം. അത് എന്നെ തെരഞ്ഞെടുത്തതു കൊണ്ടുമാത്രമല്ല. ലിംഗസമത്വത്തിനു വേ

ണ്ടി ഒരുപാട് പ്രവർത്തിച്ച എനിക്ക് ഇങ്ങിനെ ഒരു വേദിയിൽ ഈ വിഷയത്തെ പറ്റി സംസാരിക്കാൻ ഒരു അവസരം ലഭിച്ചല്ലോ, ഒരു സംഭാവന ചെയ്യാനായല്ലോ എന്നുള്ളതും സന്തോഷത്തിന് കാരണമായിരുന്നു.

**ചോദ്യം . 8 മാഡത്തിന്റെ മറ്റു ഔദ്യോഗികമായ പദവികൾ ഏതൊക്കെയായിരുന്നു. ?**

ഉത്തരം: ഞാൻ ഉദ്യോഗം തുടങ്ങിയതു ഓഷിയാനോഗ്രാഫി കൺസൾട്ടന്റായിട്ടാണ്. പല പ്രോജക്റ്റുകളും പ്രൊവൻഷ്യൽ ഗവൺമെന്റിനു വേണ്ടി ആയിരുന്നു- കാനഡയിൽ സ്റേറ്റ് എന്നല്ല പറയുക. പിന്നെ ഫെഡറൽ ഗവൺമെന്റിനു വേണ്ടിയും വേറെ ചിലത് അമേരിക്കൻ ഗവൺമെന്റിനു വേണ്ടിയും. ഒന്നു രണ്ടു പ്രോജക്റ്റ് മറ്റുരാജ്യങ്ങളിലും ചെയ്തിട്ടുണ്ട്.

ഞങ്ങളുടെ കമ്പനിയിൽ ഫിസിക്സിനെ അടിസ്ഥാനമാക്കിയുള്ള ഓഷ്യൻ സയൻസ് കൂടാതെ ബയോളജി, കെമിസ്ട്രി, ജിയോളജി തുടങ്ങിയവും ഉണ്ടായിരുന്നു. ഞാൻ ഫിസിക്സിന്റെ ഹെഡ് ആയിരുന്നു. പിന്നെ കമ്പ്യൂട്ടർഡാറ്റ അനാലിസിസും, അതോടൊപ്പം തന്നെ പല റിസർച്ച് പ്രോജക്കുകളും ചെയ്തിട്ടുണ്ട്. കൺസൾട്ടൻസി വിട്ട് ഫെഡറൽ ഗോവെർമ്മേന്റിൽ സൈന്റിസ്റ്റ് ആയി ചേർന്നപ്പോൾ അവിടെ സെക്ഷൻ ഹെഡ്, ഡയറക്ടർ, ഡയറക്ടർ ജനറൽ ഒക്കെ ആയി.

അന്താരാഷ്ട്രീയ രംഗത്ത് വന്നത് ഡെപ്യൂട്ടി മിനിസ്റ്ററുടെ നിർദേശപ്രകാരമായിരുന്നു. ഒരിക്കൽ എന്റെ കഴിവുകൾ കണ്ട ഡെപ്യൂട്ടി മിനിസ്റ്റർ പറഞ്ഞു ' സാവിത്രിക്ക് സയസിൽ മിടുക്കുണ്ട്. അതോടൊപ്പം തന്നെ വേറെ രണ്ടു ഗുണങ്ങൾ കൂടിയുണ്ട്.

ഒന്ന് ജാതിമത വ്യത്യാസമില്ലാതെ എല്ലാ രാജ്യക്കാരുമായി പെരുമാറാനുള്ള കഴിവ്. ഇങ്ങനെ ഒരാള് കനഡയുടെ പ്രതിനിധി സ്ഥാനം ഏറ്റെടുത്താൽ മറ്റു രാജ്യങ്ങളുമായി നെറ്റ് വർക്ക് ചെയ്യുക എന്നത് കൂടുതൽ എളുപ്പമാവും. രണ്ടാമത്തെ മേന്മ..., ഇന്ത്യയിൽ നിന്നും കനഡയിൽ വന്ന് സൈൻറിസ്റ്റായി ഉയർന്നു വന്ന സാവിത്രി മറ്റു വനിതകൾക്ക് പ്രചോദനമാകുകയും ചെയ്യും.

**ചോദ്യം 9. നമ്പൂതിരി സ്ത്രീകളിൽ ജാതി / മതങ്ങൾ തീർക്കുന്ന അതിർ വരമ്പുകൾ താങ്കളുടെ വ്യക്തി ജീവിതത്തെ ഏതെങ്കിലും വിധത്തിൽ ബാധിച്ചിരുന്നോ?എപ്പോഴെങ്കിലും, ഏതെങ്കിലും ഘട്ടത്തിൽ ഇതൊരു പ്രശ്നമായിട്ടുണ്ടോ?**

ഉത്തരം: എന്റെ അച്ഛൻ പുറക്കുടിഞ്ഞത്ത് ഗംഗാധരൻ ഭട്ടതിരിപ്പാടിന് വിദ്യഭ്യാസത്തിൽ വളരെ വിശ്വാസമുണ്ടായിരുന്നു. അദ്ദേഹത്തിന് ജാതി- മത വ്യത്യാസമുണ്ടായിരുന്നില്ല. ഒരു ഉദാഹരണം പറയാം. എന്റെ അമ്മ കാളി അന്തർജ്ജനത്തിന് സുഖമില്ലാതായപ്പോൾ അമ്മയെ നോക്കാൻ ഒരു നഴ്സ് ഉണ്ടായിരുന്നു. അച്ഛൻ ആ നഴ്സിന്റെ കൂടെ പലപ്പോഴും ഭക്ഷണം കഴിക്കാറുണ്ട്. അന്യജാതിക്കാരിയെ ഒപ്പം ഇരുത്തുന്നതിനെക്കുറിച്ച് ഒരിക്കൽ ആരോ ചോദിച്ചപ്പോൾ അച്ഛൻ പറഞ്ഞത് 'എന്റെ ആത്തേമാരെ നോക്കുന്ന ഈ കുട്ടിയും എന്റെ മകളെ പോലെ ആണ് ' എന്നായിരുന്നു.

**ചോദ്യം . 10 കടൽ കടന്നു പോയാൽ ജാതി ഭ്രഷ്ട് ഉണ്ടാകുമെന്ന് കല്പിച്ചിരുന്ന ഒരു സമുദായത്തിൽ നിന്ന് ലോകത്തിലെ ആദ്യത്തെ സമുദ്രശാസ്ത്രജ്ഞയായപ്പോൾ അന്നത്തെ ആ സമൂഹത്തിൽ നിന്നും പൊതുവെയുള്ളൊരു പ്രതികരണം എങ്ങിനെയായിരുന്നു. ?**

ഉത്തരം: ശരിക്കും പറഞ്ഞാൽ എന്റെ ജീവിതപങ്കാളിയായ കുഞ്ചേട്ടനാണ് ഈ ദേശത്തിലെ നമ്പൂതിരി സമുദായത്തിൽ നിന്ന് ആദ്യമായി സമുദ്രം കടന്ന് പോയത്. 15-ാം വയസ്സിൽ ഇന്ത്യൻ നേവിയിൽ ചേർന്ന ഏട്ടൻ 1960-61ൽ ഇംഗ്ലണ്ടിലും ഫ്രാൻസിലും അയർലൻഡിലും ഒക്കെ പോയിട്ടുണ്ടായിരുന്നു. പക്ഷെ സ്ത്രീകളിൽ ഞാനാണ് ആദ്യം പോയത്. പൊതുവെ എല്ലാവർക്കും സന്തോഷമായിരുന്നു എന്നാണ് തോന്നുന്നത്.

**ചോദ്യം . 11 സ്ത്രീകൾ കടന്നു വരുവാൻ പൊതുവെ മടിക്കുന്ന ഈ മേഖല തന്നെ തിരഞ്ഞെടുക്കുവാൻ എന്തായിരുന്നു കാരണം?**

ഉത്തരം: പ്രത്യേകം തിരഞ്ഞെടുത്തതൊന്നുമായിരുന്നില്ല. ഭാഗ്യമെന്നെ പറയാനാവൂ.

**ചോദ്യം .12 ഒരു ശാസ്ത്രജ്ഞയ്ക്കു വേണ്ട പ്രത്യേക ശ്രദ്ധകൾ, നിരീക്ഷണങ്ങൾ എന്തൊക്കെയാണെന്ന് പറയാമോ?**

ഉത്തരം: നമ്മളെല്ലാവരും ശാസ്ത്രജ്ഞ രാണ്. ഒരു കൃഷിക്കാരൻ പോലും. എപ്പോൾ വിളവിറക്കണം, വളം ചേർക്കണം, മഴയുടെ ലഭ്യത ഇവയെക്കുറിച്ച് നിരീക്ഷണം ചെയ്താണല്ലോ കൃഷിചെയ്യാറുള്ളത്. നമ്മളെല്ലാം അറിയാനും ആ അറിവിനെ ഉപയോഗപ്പെടുത്താനും വേണ്ടി പരിശ്രമിക്കുന്നു. എന്തും നമ്മൾ അദ്ധ്വാനിച്ചാലെ നേടാനാകു എന്നു മാത്രം. താല്പര്യവും സാഹചര്യവും ഉണ്ടാകണം. റിസൾട്ട് പെട്ടെന്ന് കിട്ടിയെന്നു വരില്ല. ക്ഷമയോടെ കാത്തിരിക്കാൻ പഠിക്കണം.

**ചോദ്യം . 13 ഇത്രയും കാലത്തെ പ്രവാസ ജീവിതവും വിദേശത്തെ സർക്കാരിൽ നിന്നും ലഭ്യമായ പുരസ്കാരങ്ങളും മികവുകളും ഒക്കെ ഉണ്ടായിട്ടും 70ലധികം വയസ് കഴിഞ്ഞ ഈ വേളയിലാണ് പിറന്ന നാട്ടിൽ നിന്ന് ആദ്യമായ് ഒരു പുരസ്കാരം ലഭ്യമാകുന്നത് . വൈകി വന്ന അംഗീകാരം ആണെങ്കിലും ഇക്കാര്യത്തിൽ വൈകിപ്പോയി എന്നൊരു വിഷമം മനസ്സിലുണ്ടോ ? താങ്കളുടെ കാര്യത്തിൽ നമ്മുടെ സംസ്ഥാന /കേന്ദ്ര ഗവർമെന്റുകളുടെഭാഗത്തു നിന്നും വേണ്ടത്ര പരിഗണന ലഭിച്ചിട്ടില്ലെന്ന് തോന്നിയിട്ടുണ്ടോ**

ഉത്തരം: ഇത് ശരിക്ക് പറഞ്ഞാൽ ആദ്യത്തെ സ്വീകരണം അല്ല. ജവ. ഉ. കഴിഞ്ഞു തിരിച്ചുവന്നപ്പോൾ കൊളങ്ങാട്ടുകര ദേശക്കാർ എന്നെ ഒരു സഭകൂടി സ്വീകരിച്ചിട്ടുണ്ട്. പിന്നീട് യോഗക്ഷേമസഭയുടെ ലോക്കൽ ബ്രാഞ്ചും ഒരു സ്വീകരണം തന്നിരുന്നു.

സംസ്ഥാന /കേന്ദ്രഗവർമെന്റുകളുടെ ഭാഗത്തു നിന്നും വേണ്ടത്ര പരിഗണന ലഭിച്ചിട്ടില്ലെന്നൊന്നും തോന്നിയിട്ടില്ല. ഞാൻ ഒരു ചാൻസ് കിട്ടിയപ്പോൾ കാനഡയിലേയ്ക്ക് പോയി. പിന്നെ അവിടെ തുടർന്നു. എങ്കിലും ഇന്ത്യയിലെ അന്നത്തെ പല ഉയർന്ന ഉദ്യോഗസ്ഥന്മാരുമായി ഔദ്യോഗിക ബന്ധം ഉണ്ടായിരുന്നു. ഉദാഹരണമായി പറയുകയാണെങ്കിൽ അന്നത്തെ ഹൈഡ്രോഗ്രാഫി ഹെഡ് ആയിരുന്ന അഡ്മിറൽ അതു പോലെ അണ്ടർ സെക്രട്ടറി. ഇവരൊക്കെ എന്നെപ്പോലെയുള്ളവരാണ്. ഞാൻ ക്യാനഡയിലാണെന്നതുകൊണ്ടു മാത്രം ഇന്ത്യാ ഗവൺമെന്റ് പ്രത്യേകമായി എനിക്കു എന്തെങ്കിലും പരിഗണന തരേണ്ട ആവശ്യമില്ല.

**ചോദ്യം . 14: മക്കൾ സമുദ്രശാസ്ത്ര രംഗത്ത് വരണമെന്ന് ആഗ്രഹിച്ചിട്ടുണ്ടായിരുന്നോ? അവരിപ്പോൾ എന്തു ചെയ്യുന്നു?**

ഉത്തരം: ഒരിക്കലുമില്ല. കുട്ടികൾ അവരവർക്ക് ഇഷ്ടമുള്ള മേഖലയാണ് തിരഞ്ഞെടുത്തത്. ഇതോടനുബന്ധിച്ച് ഞാൻ ഒരു കാര്യം പറയാം, കാനഡയിലെ പലസ്കൂളുകളിലേയും 9, 10 ക്ലാസുകളിലെ കുട്ടികൾക്കു വേണ്ടി കരിയർ വീക്ക് നടത്താറുണ്ട്. ആ സമയത്ത് പല പ്രൊഫഷണൽസിനേയും അവരുടെ അനുഭവങ്ങളും മറ്റും കുട്ടികൾക്കു വേണ്ടി പങ്കുവയ്ക്കുന്നതിനായിട്ട് കൊണ്ടുവരും. കരിയർ വീക്കിൽ ഞാനും പലപ്പോഴും പങ്കെടുത്തിട്ടുണ്ട്. ഞാൻ അവരോട് പറയാറുള്ളത് ഇങ്ങിനെയാണ് ശമ്പളത്തിനുവേണ്ടിയാണോ പാഷൻ കൊണ്ടാണോ ഒരു വിഷയം പഠിക്കുന്നത്? പാഷൻ കൊണ്ടാണെങ്കിൽ എട്ടു മണിക്കൂറല്ല ഇരുപത്തിനാല് മണിക്കൂറും ജോലി ചെയ്താലും മടുക്കില്ല എന്നോർക്കണം. ഏതു വിഷയമാണ് നിങ്ങൾക്ക് ജ്വരത്തോടു കൂടി പഠിക്കാൻ കഴിയുക അതെടുക്കണം. ഏത് വിഷയമാണെങ്കിലും കാശ് മാത്രം നോക്കാതെ പാഷൻ കൂടി നോക്കി ചെയ്താൽ കൂടുതൽ സന്തോഷത്തോടെ ജോലി ചെയ്യാൻ സാധിക്കും. ഇതു തന്നെയാണ് ഞാൻ എന്റെ മക്കളോടും പറഞ്ഞിട്ടുള്ളത്.

**ചോദ്യം .15: എന്തുകൊണ്ടാണ് കനഡയിൽ സ്ഥിരതാമസമാക്കാൻ ആഗ്രഹിക്കുന്നത്?**

ഉത്തരം: ഓരോരുത്തർക്കും ഓരോരോ കാരണങ്ങളുണ്ട്. ഇവിടെ ഞങ്ങൾക്ക് സഹായത്തിന് ആളുകൾ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഉള്ള ബന്ധുക്കൾക്ക് അവരുടേതായ പ്രാരാബ്ധങ്ങളുണ്ട്. അടുത്തിരുന്ന് സംസാരിക്കാൻ സമയമുള്ളവർ കുറഞ്ഞു വരികയാണ്, ആവശ്യപ്പെട്ടാൽ സഹായം കിട്ടുമെങ്കിലും. വേറെയും പ്രധാനമായ ചില കാരണങ്ങളുണ്ട്, വയസ്സ് കൂടുന്തോറും ഞങ്ങൾക്ക് ഇവിടെ താമസിക്കാൻ ബുദ്ധിമുട്ട് കൂടി കൂടി വരികയാണ്. ബസ്സിൽ കയറാനും ബാങ്കിലോ മറ്റോപോകുമ്പോൾ മുകളിലേക്ക് കോണിപ്പടികൾ കയറാനും ബുദ്ധിമുട്ടായി തുടങ്ങിയിട്ടുണ്ട്. കാനഡയിലാ

വട്ടെ റോഡുകളിലും ഷോപ്പിംഗ് സെന്ററിലും ഒക്കെ വീൽ ചെയർ, വാക്കർ തുടങ്ങിയവ ഉപയോഗിച്ച് തനിയെ യാത്ര ചെയ്യാനുള്ള എല്ലാ സൗകര്യങ്ങളും ഉണ്ടുതാനും. മാത്രമല്ല ഫുൾ മെഡിക്കൽ ഇൻഷുറൻസ് കവറേജ് എല്ലാവര്ക്കും ഫ്രീ ആയി ലഭിക്കുകയും ചെയ്യും.

കാനഡയിൽ ആവശ്യങ്ങൾക്ക് വരാനും പോകാനും ഒക്കെ പ്രായമായവർക്ക് പ്രത്യകം സൗകര്യങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. അതുകൊണ്ട് ഒറ്റയ്ക്ക് താമസിക്കുവാൻ അത്ര തന്നെ ബുദ്ധിമുട്ട് ഉണ്ടാവില്ല. അങ്ങനെ പ്രായോഗികമായി നോക്കുമ്പോൾ മക്കളും മറ്റു ബന്ധുക്കളും അടുത്തില്ലെങ്കിലും സൗകര്യം കൂടുതൽ കാനഡയിലാണ്.

**ചോദ്യം . 16: കുറച്ചു കാലം അധ്യാപികയായിരുന്നിട്ടുണ്ടല്ലോ .തുടർ പഠനത്തിനു വേണ്ടിയാണോ അത് വേണ്ടെന്ന് വച്ചത്.?**

ഉത്തരം: അത് കരിയർ മാറി വരുമ്പോൾ സംഭവിക്കുന്നതാണ്. ഹാർവാഡിൽ ടീച്ചിംഗ് അസിസ്റ്റന്റ് ആയിട്ട് ജോലി ചെയ്തിരുന്നു. സ്കോളർഷിപ്പ് ഉണ്ടായിരുന്നെങ്കിലും ഇതു കൂടി ചെയ്താൽ കുറച്ചു കൂടി സാമ്പത്തികഭദ്രത ലഭിക്കും എന്നതുകൊണ്ടും കൂടിയാണ്. ഗർഭിണിയായിരുന്നപ്പോഴും വെറുതെ ഇരിക്കാൻ ഇഷ്ടമില്ലാത്തതിനാൽ കോളേജിൽ പഠിപ്പിക്കാൻ പോകുമായിരുന്നു.

ചോദ്യം . 17: നവോത്ഥാനത്തെക്കുറിച്ചൊക്കെ വാതോരാതെ നമ്മൾ പ്രസംഗിക്കുമെങ്കിലും നമ്മുടെ നാട്ടിൽ ഇന്നും സ്ത്രീകൾക്ക് അത്രയൊന്നും മുൻനിര വേദികളിൽ പുരുഷനൊപ്പം ഇടം കിട്ടാത്ത ഒരു അവസ്ഥയുണ്ട് .ഒട്ടേറെ വിദേശ അനുഭവങ്ങളുള്ള താങ്കൾക്ക് സ്വദേശത്തെ ഇത്തരം പ്രവണതകളെ കുറിച്ച് എന്താണ് പറയാനുള്ളത് ?

ഉത്തരം: ലോകത്തിലാകമാനം ചെറിയ തോതിൽ ഈ അവസ്ഥയുണ്ട്. കാനഡയിൽ വനിതകൾക്ക് അവശ്യമായ പ്രോത്സാഹനം കൊടുക്കുന്നുണ്ട്. ഉദാഹരണമായി പറയുകയാണെകിൽ കാനഡയിലെ ഗർഭവതികൾക്കുള്ള ഗവണ്മെന്റ് സപ്പോർട്ട്. ഒരു കൊല്ലം തൊട്ട് അഞ്ച് കൊല്ലം വരെ ഗവണ്മെന്റ് സപ്പോർട്ടിന്റെ ഭാഗമായി പല തരത്തിലുള്ള ലീവ് കിട്ടും. കൂടുതൽ സമയം ലീവിലാണെങ്കിൽ വരുമാനം കുറയുമെങ്കിലും ജോലി പോകുകയുമില്ല.

എന്തിലും ഉയർച്ച ഉണ്ടാകാൻ വീട്ടുകാരുടെയും ഗവൺമെന്റിന്റെയും പിന്തുണ വേണം. സ്ത്രീകൾ ഉയർന്നു വരുന്നതിന് അവരെ അവഗണിക്കാതെ ഇരിക്കണം. പെൺകുട്ടികൾ അധികം പഠിക്കേണ്ടതില്ലെന്ന രക്ഷിതാക്കളുടെ തെറ്റിദ്ധാരണയാണ് ആദ്യം നീക്കേണ്ടത്. പെൺകുട്ടികൾ കൂടുതൽ പഠിച്ചാൽ അവരുടെ മക്കൾ പഠിക്കും, അവരുടെ ചുറ്റുവട്ടത്തുള്ളവരും പഠിക്കും എന്നതാണ് യാഥാർഥ്യം.

**ചോദ്യം . 18: കേരളത്തിലെ പുതുതലമുറ താങ്കളെ വായിക്കുമ്പോൾ ഒരു പുതുസന്ദേശത്തിനു വേണ്ടി , നേർദിശക്കുവേണ്ടി താങ്കൾക്ക് നേരെപ്രതീക്ഷയോടെ ഉറ്റു നോക്കുന്നുണ്ട് . അവർക്ക് കൈമാറാനുള്ള സന്ദേശം എന്താണ് ?**

ഉത്തരം: ഏതൊരു ഉപകരണം കിട്ടിയാലും അത് എങ്ങനെ ഉപയോഗിക്കണം എന്ന് മനസ്സിലാക്കണം. മൊബൈൽ ഒരു ഉപകരണമാണ്. അത് എങ്ങനെ എത്ര ഉപയോഗിക്കണമെന്നത് ശ്രദ്ധിക്കണം. എല്ലാ സമയവും അതിൽ നോക്കിയിരുന്ന് അതൊരു അഡിക് ഷനാക്കി മാറ്റരുത്.

പിന്നെ വായനാശീലം ഉണ്ടായാലേ നല്ല ഭാഷ ഉണ്ടാകൂ, പൊതു വിജ്ഞാനം ഉണ്ടാകൂ. മാത്രവുമല്ല നാലാളോട് സംസാരിക്കാനുള്ള ആത്മവിശ്വാസം ഉണ്ടാകുന്നതിനും വായനാശീലം വളർത്തേണ്ടതുണ്ട്. നിങ്ങൾക്ക് അറിയാത്ത കാര്യങ്ങൾ അന്വേഷിച്ച് കണ്ടെത്തണം. ഇതൊക്കെയാണ് പ്രധാനമായും ശ്രദ്ധിക്കേണ്ടത്.

കൂടാതെ അതാതു തലമുറക്കാർ തമ്മിൽ മാത്രം കൂട്ടുകൂടിയാൽ പോര, വിവിധ തലമുറക്കാർ ഒരുമിച്ചിരുന്നു സംഭാഷണം ചെയ്താലേ അറിവ് പകരുവാൻ കഴിയുകയുള്ളു. അതായത് പത്ത് വയസ്സുകാർ തമ്മിൽ മാത്രം കൂടിയാൽ അവർക്ക് പുതിയതായിട്ട് ഒന്നും പഠിക്കാനാവില്ല.

നല്ല കൂട്ടുകെട്ടുകൾ ഉണ്ടാകണം. കൂട്ടുകൂടുമ്പോൾ വയസ്സ്, ജാതി, മതം, ലിംഗം രാഷ്ട്രീയം ഇവ പരിഗണിക്കാതെ ആർക്കാണോ അറിവു പകരാൻ കഴിയുക അവരുമായി സംസാരിക്കുക. അവരിൽ നിന്നും പഠിക്കാൻ ശ്രമിക്കുക.

പ്രകൃതിയിൽ നിന്നുപോലും നമുക്ക് ധാരാളം പഠിക്കാനുണ്ട്.

**ചോദ്യം . 19: സമുദ്രശാസ്ത്ര പഠനത്തിനും സമുദ്ര പരിസ്ഥിതി സംരക്ഷണത്തിനുമായി പുതു തലമുറയിലെ**

**വനിതകൾ ധാരാളായി വരുന്നുണ്ടോ?**

ഉത്തരം : ഞാൻ കാനഡയിലാണല്ലോ . ഇന്ത്യയിൽ എങ്ങിനെയാണെന്ന് എനിക്കറിയില്ല. കാനഡയിൽ വനിതകൾക്ക് ആഗ്രഹമുണ്ടെങ്കിൽ, ഈ മേഖലയിൽ പഠിക്കുവാനും ട്രെയിനിങ്ങിനും ധാരാളം അവസരങ്ങളും സാമ്പത്തിക സഹായങ്ങളും ലഭിക്കാൻ കഴിയും, അതിനുള്ള സംവിധാനമുണ്ട്. അടുത്തകാലത്ത് കനഡയിൽ സാമുദ്രശാസ്ത്രത്തിൽ മാത്രമല്ല എൻവിറോണ്മെന്റല് സയൻസിലും കൂടുതൽ യുവതികൾ വരുന്നുമുണ്ട്.

**ചോദ്യം . 20: വിരമിച്ചതിനുശേഷം സമയം ചെലവഴിക്കുന്നത് എങ്ങിനെയാണ്? എന്തെങ്കിലും സാമൂഹിക പ്രവർത്തനങ്ങൾ ചെയ്യുന്നുണ്ടോ?**

ഉത്തരം: എന്നോട് പലരും പറഞ്ഞു കൺസൾട്ടന്റായിട്ട് തുടരണമെന്ന്. എന്നാൽ എനിക്ക് ഒന്ന് ഏറ്റെടുത്താൽ അത് നൂറ് ശതമാനവും ഉത്തരവാദിത്വത്തോടെ ചെയ്യണമെന്ന് നിർബന്ധമാണ്. പതിനെട്ട് വയസ്സിൽ തൃശൂർ വിട്ടതാണ് ഞാൻ. എന്റെ ഭർത്താവിന്റെ നല്ല സപ്പോർട്ട് ഉണ്ടായിരുന്നതിനാൽ സന്തോഷത്തോടെ ജോലിയിൽ മുഴുകുവാൻ പറ്റിയിരുന്നു. ഇനിയുള്ള കാലം അദ്ദേഹത്തോടൊപ്പം എല്ലാ സമയവും ഒന്നിച്ചിരിക്കാനും രണ്ടുപേർക്കും ഒരുമിച്ച് ചെയ്യാൻ പറ്റുന്ന കാര്യങ്ങൾ ചെയ്യാനും ആണ് ആഗ്രഹിക്കുന്നത്. എനിക്ക് മാത്രം ഇന്റെറെസ്റ്റ് ഉള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്താൽ അതിനു ഒരു തടസ്സമാവില്ലേ?

**ചോദ്യം 21: മേഡത്തിന്റെ ഭർത്താവ് നാരായണൻ സാറിനെ ക്കുറിച്ച് പറയാമോ?**

ഉത്തരം: ഒരു വൈദികപണ്ഡിത കുടുംബത്തിലാണ് ഏട്ടന്റെ ജനനം. ബാല്യകാലത്ത് ഇല്ലത്തിരുന്നു സംസ്കൃതം പഠിച്ചതിനുശേഷം സ്കൂൾ വിദ്യാഭ്യാസം തുടങ്ങി. പ്രീയൂണിവേഴ്സിറ്റിയിൽ പഠിക്കുന്ന സമയത്ത്, പതിനഞ്ചാം വയസ്സിൽ ഇന്ത്യൻ നേവിയിൽ ചേർന്ന്, ഏവിയേഷൻ ഇലക്ട്രോണിക്സ് ഫീൽഡിൽ 13 കൊല്ലം ചിലവഴിച്ചു. നേവിയിൽ നിന്നും വിരമിച്ചതിനു ശേഷം ബറോഡയിൽ ഇന്ത്യൻ ഓയിൽ കോർപ്പറേഷനിൽ ജോലി കിട്ടി. ഞങ്ങളുടെ കുടുംബങ്ങൾ അയൽവാസികൾ ആയിരുന്നതിനാൽ ചെറുപ്പകാലം മുതലേ തമ്മിൽ നല്ല പരിചയം ഉണ്ടായിരുന്നു. എങ്കിലും ഈ കാലത്താണ് ഞങ്ങൾ അടുക്കാൻ തുടങ്ങിയതും ജീവിതപങ്കാളികളാകാൻ തിരുമാനമെടുത്തതും. ഞാൻ അമേരിക്കയിൽ പോയി ഒരു കൊല്ലം കഴിഞ്ഞപ്പോൾ ഏട്ടന് അവിടെ വരാൻ പറ്റുകയും ബോസ്റ്റണിലെ നോർത്ത് ഈസ്റ്റേൺ യൂണിവേഴ്സിയിൽ ചേർന്ന് എഞ്ചിനീയറിംഗ് ഡിഗ്രി നേടുകയും ചെയ്തു. തുടർന്ന് കാനഡയിലെ പല എയർലൈൻസിലും പിന്നീട് ഫെഡറൽ ഗോവെർന്മെന്റിലെ സിവിൽ ഏവിയേഷൻ ഡിപ്പാർട്മെന്റിലും ജോലി ചെയ്ത് റിട്ടയർ ചെയ്തു.

**ചോദ്യം 22: അവിടുത്തെ ഭരണ സമ്പ്രദായങ്ങളെ കുറിച്ചൊന്നു പറയാമോ ?**

ഉത്തരം: കനഡയിൽ പതിനൊന്ന് പ്രൊവിൻസും ഒരു ടെറിട്ടറിയും ഉണ്ട്. പക്ഷെ നമ്മുടെ അത്രയൊന്നും രാഷ്ട്രീയമില്ല. കനഡയിൽ. പല കാര്യങ്ങളിലും കോമൺ എഗ്രിമെൻറുണ്ട്. മൾട്ടി കൾച്ചറൽ സൊസൈറ്റി. അതായത് അവിടെ ഇമിഗ്രേഷനായി വന്നവർ കനേഡിയൻ പൗരത്വം സ്വീകരിക്കുമെങ്കിലും അവരവരുടേതായ കൾച്ചർ നിലനിറുത്തുവാനുള്ള സ്വാതന്ത്ര്യമുണ്ട്. ഉദാഹരണമായി, ദീപാവലി ആഘോഷം നടക്കുമ്പോൾ പ്രൈം മിനിസ്റ്റർ തന്നെ ആ ആഘോഷത്തിൽ പങ്കെടുക്കുവാനെത്തും.

കനഡ കുറച്ചു കൂടി സോഷ്യലിസ്റ്റ് രാജ്യമാണ്. അതായത് സാമ്പത്തിക ശേഷി കുറഞ്ഞവരെ സഹായിക്കുന്ന ഭരണകൂടമാണ് അവിടെയുള്ളത്. ഹെൽത്ത് ഇൻഷുറൻസ് പോലുള്ള പല സഹായങ്ങളും എല്ലാവർക്കും നൽകുന്നുണ്ട്. ഒരു സ്ത്രീയ്ക്ക് ഉദ്യോഗവും കുടുംബവും ഒരുമിച്ച് കൊണ്ടുപോകാനുതകുന്ന പലപിന്തുണകളും കനഡ ഗവൺമെന്റ് നൽകി വരുന്നുണ്ട്.

**ചോദ്യം . 23: മലയാളി പുതുതലമുറ പ്രത്യേകിച്ചും ഇളം തലമുറയിലെ പ്രതിഭകൾ വിദേശത്ത് പ്രത്യേകിച്ചും യൂറോപ്യൻ രാജ്യങ്ങളിൽ ചേക്കേറാൻ കൊതിച്ചു കൊണ്ടിരിക്കുകയാണ് . കേരളത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത് ഇപ്പോൾ അതാണ് . ഇക്കാര്യത്തിൽ താങ്കളുടെ അഭിപ്രായം?**

ഉത്തരം: പ്ലസ്ടു കഴിയുമ്പോഴേക്കും വിദേശത്ത്പ്രത്യേകിച്ച് കനഡ അടക്കമുള്ള പാശ്ചാത്യ രാജ്യങ്ങളിൽ ചേക്കേറാനുള്ള ഒരു പ്രവണത യുവതലമുറയിൽ ഇന്ന് സാ

ധാരണമായിരിക്കുകയാണ്. പലർക്കും ഒരു തെറ്റിദ്ധാരണയുണ്ട്. അമേരിക്കയിൽ ചെന്നാൽ മുറ്റത്താകെ പണം പരന്നു കിടക്കുന്നുണ്ട് അതങ്ങ് പെറുക്കിയെടുത്താൽ മതിയെന്ന്. ഏത് രാജ്യത്ത് ചെന്നാലും അതിന്റേതായ ബുദ്ധിമുട്ടുണ്ട്,നിയമങ്ങളുണ്ട്. അധ്വാനിക്കാൻ തയ്യാറാകണം. കേരളത്തിലെ പോലെ കോച്ചിങ്ങിന്റെ സഹായത്തോടുകൂടി ഉയർന്ന മാർക്ക് കരസ്ഥമാക്കിയാൽ മാത്രം വിദേശത്ത് ശോഭിക്കാനാവില്ല. ജോലി കിട്ടിയാൽ തന്നെ സ്വയം ആലോചിച്ച് പ്രോബ്ളം സോൾവ് ചെയ്യാനുള്ള കഴിവില്ലെങ്കിൽ അവിടെ ജോലികളിൽ ഉയർന്ന് വരുവാൻ വിഷമമാവും. നല്ല കമ്മ്യൂണിക്കേഷൻ സ്കിൽസും അത്യാവശ്യമാണ്.

**ചോദ്യം . 24: താങ്കളുടെ ഇതുവരെയുള്ള ജീവിതം, കൈവരിച്ച നേട്ടങ്ങൾ , ഒരുപാട് പേർക്ക് പ്രചോദനമാണ്.അതുകൊണ്ടുതന്നെ ഇതൊരു അനുഭവക്കുറിപ്പായി ആത്മകഥയായി താങ്കളിൽ നിന്ന് പ്രതീക്ഷിക്കാമോ?**

ഉത്തരം: നിങ്ങളുടെ നിർദേശം തീർച്ചയായും പരിഗണിക്കാം.

**ചോദ്യം . 25: താങ്കൾ നല്ലൊരു വായനക്കാരിയാണെന്ന് അറിയാം .ഇതുവരെ വായിച്ച പുസ്തകങ്ങളിൽ അത് വിദേശിയാകട്ടെ സ്വദേശിയാകട്ടെ ഇഷ്ടപ്പെട്ട കൃതി ഏതാണ്? ഗ്രന്ഥകർത്താവ് ആരാണ് ? ഏത് മലയാളി എഴുത്തുകാരനാണ് അങ്ങയെ സ്വാധീനിച്ചത് ?**

ഉത്തരം: അതെ, ഒരു കാലത്ത് ഞാൻ നല്ലൊരു വായനക്കാരിയായിരുന്നു. 1966വരെ. എത്ര നല്ല പുസ്തകങ്ങൾ എത്ര നല്ല എഴുത്തുകാർ. അവരിൽ നിന്ന് ഞാനെങ്ങനെ ഒരാളെ മാത്രം എടുത്ത് പറയും? പഴയ കവികളെയെല്ലാം ഇഷ്ടമാണ്. 'കണ്ണുനീർതുള്ളി', അതുപോലെ 'ചിന്താവിഷ്ടയായ സീത". ഇങ്ങിനെ പല കവിതകളും. ഇവയുടെ ചില ഭാഗങ്ങൾ ശരിക്കും കണ്ണുകൾ നനയിക്കും.

വിദേശ എഴുത്തുകാരിൽ Arthur Conan Doyle എഴുതിയ ഷെർലക് ഹോൽമസ് കഥകൾ എനിക്ക് വളരെ ഇഷ്ടമാണ്. അതിന്റെ ഒരു ശേഖരം തന്നെയുണ്ട് എന്റെ കൈയ്യിൽ. പുതിയ എഴുത്തുകാരെ അധികം അറിയില്ല. ജീവിതത്തിന്റെ ഒരു ഘട്ടത്തിൽ എത്തിയപ്പോൾ എന്റെ വായന പുറകിലേക്കായി.

**ചോദ്യം . 26: താങ്കളുടെ കുടുംബം, ഭർത്താവ്, മക്കൾ... വായനക്കാർക്ക് അറിയുന്നതിന് വേണ്ടി പങ്കുവെക്കാമോ?**

ഉത്തരം: കണ്ടഞ്ചാത നാരായണൻ നമ്പൂതിരി ആണ് എന്റെ ജീവിതപങ്കാളി. അദ്ദേഹത്തെ കുറിച്ച് പറയുകയാണെങ്കിൽ, അദ്ദേഹം, എന്റെ കുഞ്ചേട്ടൻ, ഇല്ലെങ്കിൽ ഞാനുമില്ല. എന്റെ ജീവിത യാത്രയിൽ എന്റെ തോളോടൊപ്പം ചേർന്ന് അദ്ദേഹവും എന്നും ഉണ്ടായിരുന്നു.

എനിക്ക് രണ്ട് ആൺകുട്ടികളാണ്. മൂത്ത മകൻ Dinesh എം.ബി.എ. കഴിഞ്ഞ് നല്ലൊരു വ്യവസായ സംഘാടകനും മാർക്കറ്റിംഗ് സ്പെഷ്യലിസ്റ്റും ആയി കാനഡയിൽ ബിസ്നസ്സ് ചെയ്യുന്നു. രണ്ടാമത്തെ മകൻ Arun എക്കണോമിക്സിൽ Ph, D. യാണ്. സുപ്രസിദ്ധമായ Price Waterhouse Cooper (PwC) എന്ന സ്ഥാപനത്തിൽ ആണ് ജോലി. USA യിൽ താമസം. രണ്ടുപേരും കുടുംബ സമേതം സുഖമായി കഴിയുന്നു.

മക്കളെ പറ്റി പറയുമ്പോൾ പ്രത്യകം പറയേണ്ട വേറൊരു വ്യക്തിയുണ്ട് - ഞാൻ മാത്രമല്ല കുഞ്ചേട്ടനും മകനേ പോലെ സ്നേഹിക്കുന്നവൻ, എന്റെ അനിയൻ പിജി നാരായണൻ. പത്താം ക്ലാസിനു ശേഷം അമേരിക്കയിലെത്തി അവിടെ പഠിച്ച് ഉയര്ന്നു വന്നവൻ. പല കമ്പനികളിലും CEO യും VP യും ഒക്കെ ആയി ജോലി ചെയ്തതിനു ശേഷം ഇപ്പോൾ സ്വന്തമായി തുടങ്ങിയ ഒരു ടെക്നോളജി കമ്പനി USA ലെ Mineosstta എന്ന State ൽ നടത്തിവരുന്നു. ഒപ്പം തന്നെ പല സാമൂഹ്യ സേവനങ്ങളും.

ഇത്രയും നേരം ഞങ്ങളുമായി അനുഭവങ്ങൾ പങ്കുവെക്കുകയും ഒട്ടേറെ കാര്യങ്ങളിൽ പുതുഅറിവുകൾ ഞങ്ങൾക്ക് പകർന്നു നൽകുകയും ചെയ്ത സമത സാഗർ പുരസ്കാര ജേതാവ് സാവിത്രി നാരായണന് സ്നേഹാശംസകൾ ... തുടർ ജീവിതത്തിലും എല്ലാവിധ നന്മകളും നേരുന്നു....





വി പി ജോൺസ്

# അമ്മയുടെ തണൽ

കവിത

ഇക്കിളിപ്പെടുത്തുമോർമ്മകൾ
സീൽക്കാരാധിക്യ ശബ്ദങ്ങൾ
കാതിൽ വന്നു പതിക്കുന്നു
കുസൃതിച്ചിരി കുറുകുന്നു.
നേർത്ത വിഷാദച്ചെരിവുകൾ
ചിത്തത്തിലൂർന്നിറങ്ങും നോവ്
വിശാലാകാശച്ചുറ്റുകൾ
ചുറ്റമ്പലം ചുറ്റിയടിക്കുമിളം കാറ്റ്
തുടുക്കുന്നു മനം, തുളുമ്പുന്നു കരൾ
ബാല്യ കൗമാര യൗവനം
തളിർ പൂത്തുലയും ദാമ്പത്യം അപൂർണ്ണമെരിയുമുദരം
ആമോദ പുളകം പട്ടിണി
പാടി കേൾക്കാത്ത പാട്ടുകൾ
പാടലം ഭംഗി പാരിടം
ജീവനേകുന്ന ജീവിതം
പാതിയിൽ തീർത്തു നീ സഖീ
ആകാംക്ഷയാൽ പ്രാണൻ
പ്രാണനായ് നിന്നു പ്രിയതമ.
കാലാതിവർത്തി നീ സഖീ
കാത്തിരിപ്പൂ പുണരുവാൻ
സിരകളിൽ സീമാതീതം
അലിഞ്ഞു ചേർന്ന പൂന്തിങ്കൾ
ഇച്ഛാശക്തി തൻ നികുഞ്ജമേ
പരിഭവിക്കാനറിയാത്ത
പാവം പനിനീരലരു നീ
ഭൂമി തൻ കൈകാലുകൾ
ആകാശം തൊട്ടു നിൽക്കവേ
ആരാമ സദൃശം പുഷ്പ
ശയ്യ ഏകുക സൗമ്യതേ!

കവിത

# മുളകുപാടങ്ങൾ.



സുഭാഷ് പോണോളി

നാം മിണ്ടിയും പറഞ്ഞുമിരിക്കുമ്പോൾ നിന്റെ അധരത്തിനു
ചുറ്റും തേൻവണ്ടുകൾ മൂളി വട്ടമിട്ടു പറക്കും,

മിഴികളിൽ ചെറിയ പൂന്തോട്ടം പൂത്തുനിൽക്കും.

കാതുകളിൽ ദേവരാജൻ മാഷുടെ സംഗീതമലയടിക്കും.

കവിളുകളിൽ രതിപരാഗങ്ങൾ പടർന്നു പരക്കും.

മൂക്കിൻ തുമ്പിലൊരു കുഞ്ഞു മൈന
കൂടുകൂട്ടി തൂവൽ പൊഴിയ്ക്കും.

നെറ്റിയിലെ  മുടിയിഴകൾ മൂളിപ്പാട്ടിൽ
നൃത്തം ചെയ്യുന്നതായും തോന്നും.

വികാരങ്ങളുടെ വിശപ്പടക്കാൻ എന്റെ വിരലുകൾ
നിന്റെ കുതിരകളുടെ കടിഞ്ഞാണുകൾ അഴിച്ചുവിടും.

അവയങ്ങനെ സമതലങ്ങളിലൂടെയും, കുന്നുകളിലൂടെയും
ഓടിക്കയറി  കിതച്ചു തിരികെയെത്തും.

ജനലിലൂടെ നിള തഴുകിയൊരു കുളിർകാറ്റു
വിളിക്കുന്നതായും,

ആത്മാവിൻ നിറയെ പച്ചത്തത്തകൾ
കൊക്കുരുമ്മുന്നതായും തോന്നും.

ചെറുതെന്നലൊരു  മഴക്കിളിയെ കൊത്തി ആകാശത്തിന്റെ
തുഞ്ചത്തിലേയ്ക്കു പറക്കുന്നതായും തോന്നും

പിന്നീട്, തേരോട്ടങ്ങളവസാനിച്ചു നാം കിടപ്പറയിലെ
അതിർത്തി കെട്ടിയ മുൾവേലികളാൽ മുറിഞ്ഞ്
പരസ്പരം വേലിയേറ്റവും, വേലിയിറക്കവുമായി
സമനില പാലിച്ച ശേഷം

ജീവിതത്തിന്റെ മുളകുപാടങ്ങളുടെ
എരിച്ചിലിലേക്ക്
ഇറങ്ങിനടക്കുന്നു ......

ലേഖനം

# വിജയത്തിളക്കത്തിലൊരു ശാസ്ത്ര പ്രതിഭ



ശ്രീനന്ദിനി സജീവ്

**പേ**ര് പോലെ തന്നെ ന്യൂറോ സയൻസിന്റെ മോഹിപ്പിക്കുന്ന വിജയ വീഥികളിൽ എത്തിനിൽക്കുകയാണ് മലയാളിയായ വിജയ് മോഹൻ. മനുഷ്യന്റെ ചിന്തയുമായി ബന്ധപ്പെട്ട് എഴുപതുകളിൽ പുറത്തിറങ്ങിയ സിദ്ധാന്തത്തിന് നേർവിപരീതമായ കണ്ടുപിടിത്തവുമായി ശാസ്ത്രലോകത്തെ ആകെ അമ്പരപ്പിച്ചിരിക്കുകയാണ് വിജയ് ഉൾപ്പെടുന്ന ശാസ്ത്രസംഘം.

ശബ്ദത്തെയും കാഴ്ചയെയും വിശകലനം ചെയ്ത് അതിന്റെ തുടർച്ചയായി ഉണ്ടാകുന്ന ഫലം തലച്ചോറ് എങ്ങിനെ പ്രവചിക്കുന്നു എന്നത് സംബന്ധിച്ചാണ് പുതിയ കണ്ടുപിടുത്തം.

പഠനത്തെക്കുറിച്ചുള്ള സിദ്ധാന്തങ്ങൾക്കും(learning theories ) പഠനങ്ങൾക്കും നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. എങ്കിലും മനുഷ്യന്റെ ചിന്തയുമായി ബന്ധപ്പെട്ട ആദ്യ കണ്ടുപിടിത്തങ്ങളിൽ ഒന്നായിരുന്നു ഇവാൻ പാവലോവിന്റെ അസോസിയേറ്റീവ് അഥവാ റീഇൻഫോർ സ്മെന്റ് ലേണിംഗ്. നായയെ ഉപയോഗിച്ചുള്ള തന്റെ പരീക്ഷണത്തിൽ അതിനദ്ദേഹം മെട്രോനോം എന്ന മ്യൂസിക്കൽ ഉപകരണം ഉത്തേജനമായി (stimulus) ഉപയോഗിച്ചു. ഉപകരണം ശബ്ദം ഉണ്ടാക്കിയ ഉടനെ നായക്ക് ഭക്ഷണം നൽകി. ഇത് ആവർത്തിച്ചു. പിന്നീട് നായ ഉപകരണത്തിന്റെ ശബ്ദം കേട്ടാൽ തന്നെ വായിൽ ഉമിനീർ ഉത്പാദിപ്പിക്കാൻ തുടങ്ങി.

പാവലോവിന്റെ ഈ പരീക്ഷണത്തിനു ശേഷം 1970കളിൽ ട്രയൽ ആൻഡ് എറർ സിദ്ധാന്തം ആണ് ചിന്തയെ രൂപപ്പെടുത്തുന്നത് എന്ന് ശാസ്ത്രലോകം വിശ്വസിച്ചു. അതിനുള്ള പരീക്ഷണങ്ങളിൽ ഒരു ഉത്തേജനം അഥവാ സ്റ്റിമുലസും (മെട്രോനോം ) ആഹാരവും (റിവാർഡ്) കരുതി. ബെല്ലടിച്ച ഉടൻ ആഹാരം നൽകി ഇത് ആവർത്തിച്ചപ്പോൾ പരീക്ഷണത്തിലുള്ള ജീവികൾ ബെൽ ശബ്ദം കേൾക്കുമ്പോഴേ അവർക്കുള്ള ആഹാരത്തെക്കുറിച്ച് ചിന്തിക്കാൻ തുടങ്ങി. ഈ പ്രഡിക്ഷനിൽ എന്തെങ്കിലും വ്യത്യാസം വരുത്തുമ്പോൾ അതിൽ നിന്ന് പാഠം ഉൾക്കൊണ്ട് ജീവികൾ തങ്ങളുടെ തലച്ചോറിനെ ഭാവിയിൽ കൂടുതൽ നല്ല പ്രഡി ക്ഷന് വേണ്ടി തയ്യാറാക്കാൻ പഠിപ്പിക്കു



**2004 ലെ കേരള എഞ്ചിനീയറിംഗ് എക്സാമിനേഷനിൽ ഒമ്പതാം റാങ്കും ആയിരുന്നു. ഓൾ ഇന്ത്യ എഞ്ചിനീയറിംഗ് എക്സാമിനേഷനിൽ കേരളത്തിലെ അഞ്ചാം റാങ്ക് കരസ്ഥമാക്കി. പിന്നീട് ബിടെക് എൻജിനീയറിങ് ഫിസിക്സിന് മുംബൈ കകഠ യിൽ പഠനം.**
**ഇറ്റലിയിലെ സിസ്സ യൂണിവേഴ്സിറ്റിയിൽ ആയിരുന്നു പഠനം. പിന്നീട് പ്രശസ്ത സയൻസ് ജേർണൽ ആയ ന്യൂ ജേർണൽ ഓഫ് ഫിസിക്സിൽ ബയോളജിയും ഫിസിക്സും റിലേറ്റഡ് ആയിട്ടുള്ള ഒരു പ്രോജക്ട് പബ്ലിഷ് ചെയ്തു. അതൊരു വലിയ നേട്ടം ആയിരുന്നു.**



ന്നു എന്ന് മനസ്സിലായി. ന്യൂറോണുകൾ അവയുടെ പ്രവചനത്തിൽ വരുത്തുന്ന തെറ്റുകൾ കുറയ്ക്കാൻ

ഉപയോഗിക്കുന്ന ഈ രീതി ഇരുപതാം നൂറ്റാണ്ടിൽ രംഗത്ത് വന്ന ആർട്ടിഫിഷ്യൽ ഇന്റലിജൻസ് കൂടുതൽ പ്രയോജനപ്പെടുത്തി.

പിന്നീട് വന്ന ശ്രദ്ധേയമായ പ്രബന്ധം 1997 ഇൽ സയൻസ് ജർണൽ പ്രസിദ്ധീകരിച്ചത് ആയിരുന്നു. അത് തലച്ചോറിലെ ഡോപമിന്റെ ( തലച്ചോറിലെ ആശയവിനിമയത്തിന് സഹായിക്കുന്ന അമിനോ രാസവസ്തുവാണ് ഡോപമിൻ )അളവിൽ ഉണ്ടാകുന്ന ഏറ്റക്കുറച്ചിലുകളെ ക്കു റിച്ചായിരുന്നു. നാഡികൾക്കിടയിൽ സിഗ്നൽ വാഹകരായി പ്രവർത്തിക്കുന്ന ഈ കെമിക്കൽ,റിവാർഡ് ലഭിക്കുമ്പോൾ (ഉദാഹരണത്തിന് ബെല്ലടിക്കുമ്പോൾ ആഹാരം ലഭിക്കുന്നു ഇവിടെ ആഹാരമാണ് റിവാർഡ് ) കൂടുതൽ പ്രവർത്തിക്കുന്നതായി കാണുന്നു. അത് നേരെ തിരിച്ചാണെങ്കിൽ ഡോപ്പമിൻ ഉത്പാദിപ്പിക്കപ്പെടുന്നുമില്ല. എങ്കിലും ട്രയൽ ആൻഡ് എറർ പ്രിൻസിപ്പിളിൽ ഡോപ്പമിൻ ഉത്പാദനവുമായി ബന്ധപ്പെട്ട് അസ്ഥിരതകൾ നിലനിൽക്കുന്നതായി ഗവേഷകരുടെ ശ്രദ്ധയിൽപ്പെട്ടിരുന്നു. നിർമ്മിത ബുദ്ധി രം

ഗത്ത് നന്നായി തന്നെ ഈ സിദ്ധാന്തം പ്രവർത്തിക്കുന്നതിനാൽ അത് കണക്കിലെടുത്തിരുന്നില്ല. എന്നാൽ അമേരിക്കയിലെ സാൻ ഫ്രാൻസിസ്കോയിലെ കാലിഫോർണിയ സർവ്വകലാശാലയിൽ രൂപവൽക്കരിച്ച നാം ലാബിൽ വിജയ്മോഹൻ നമ്പൂതിരിയുടെ നേതൃത്വത്തിൽ ദക്ഷിണകൊറിയൻ സ്വദേശി ഹിജോങ് യോങ്ങും ഉൾപ്പെട്ട സംഘം നടത്തിയ പരീക്ഷണങ്ങൾ ന്യൂറോ സയൻസിൽ ഇതുവരെയുള്ള സിദ്ധാന്തങ്ങളുടെ നേർവിപരീതമായ കണ്ടുപിടിത്തമാണ് അവതരിപ്പിച്ചിരിക്കുന്നത്. പഴയ മോഡൽ കാരണവും ഫലവുമായി ബന്ധപ്പെട്ടതാണെങ്കിൽ പുതിയ സിദ്ധാന്തം സംഭവങ്ങളെ കാരണവുമായി ബന്ധപ്പെടുത്തുന്നു. അവരുടെ അഭിപ്രായത്തിൽ, ഒരു ജീവി ഒരു റിവാർഡ് അല്ലെങ്കിൽ ശിക്ഷ സ്വീകരിക്കുമ്പോൾ മെമ്മറിയിലൂടെ ഇതിനു പ്രേരിപ്പിക്കുന്നത് എന്താകാം എന്ന കാരണം അന്വേഷിക്കുമത്രേ ഡോപ്പമിന്റെ റോൾ ഈ സിദ്ധാന്തത്തിൽഗുണപരമായോ ദോഷകരമായോ ഉള്ള ഫലം ഉണ്ടാക്കാൻ കാരണങ്ങളായ സംഭവങ്ങളെ ഉയർത്തിക്കാട്ടുക മാത്രമാണ്. പത്തിലധികം തവണ എലികളിലും മറ്റും നടത്തിയ പരീക്ഷണങ്ങൾ അനുകൂലമായി ഫലം നൽകിയത് സിദ്ധാന്തത്തിന് കൂടുതൽ ഉറപ്പു നൽകി. ഈ സിദ്ധാന്തത്തിൻ പ്രകാരം കാര്യങ്ങൾ മുന്നോട്ടു പോവുകയാണെങ്കിൽ നിർമിത ബുദ്ധിരംഗത്ത് ഇതുവരെയുണ്ടായിരുന്ന അൽഗോരിതം മാറ്റി എഴുതേണ്ടതായി വരും. മാത്രമല്ല ആർട്ടിഫിഷ്യൽ ഇന്റലിജൻസിനെ കൂടുതൽ കരുത്തുറ്റ ഒരു ഭാവിയിലേക്ക് നയിക്കുകയും ചെയ്യും.

## ശാസ്ത്രജ്ഞനിലേക്കുള്ള വളർച്ച

പന്ത്രണ്ടാം ക്ലാസ് വരെ പുറനാട്ടുകര കേന്ദ്രീയ വിദ്യാലയത്തിൽ ആയിരുന്നു വിജയ് പഠിച്ചത്. പിന്നീട് അങ്ങോട്ട് നേട്ടങ്ങളുടെ ഒരു വലിയ പട്ടിക തന്നെയാണ് ജീവിതത്തിൽ സംഭവിച്ചത്. 2004 ലെ കേരള എഞ്ചിനീയറിംഗ് എക്സാമിനേഷനിൽ ഒമ്പതാം റാങ്കും ആയിരുന്നു. ഓൾ ഇന്ത്യ എഞ്ചിനീയറിംഗ് എക്സാമിനേഷനിൽ കേരളത്തിലെ അഞ്ചാം റാങ്ക് കരസ്ഥമാക്കി. പിന്നീട് ബിടെക് എൻജിനീയറിങ് ഫിസിക്സിന് മുംബൈ IIT യിൽ പഠനം. എൻജിനീയറിങ് ഫിസിക്സ് പ്രധാന വിഷയം ആയി എടുത്ത വിജയ് പക്ഷേ പ്രോജക്റ്റിനു വേണ്ടി ന്യൂറോ സയൻസ് തിരഞ്ഞെടുത്തത് വഴിത്തിരിവായി മാറി. ഇറ്റലിയിലെ സിസ്സ യൂണിവേഴ്സിറ്റിയിൽ ആയിരുന്നു പഠനം. പിന്നീട് പ്രശസ്ത സയൻസ് ജേർണൽ ആയ ന്യൂ ജേർണൽ ഓഫ് ഫിസിക്സിൽ ബയോളജിയും ഫിസിക്സും റിലേറ്റഡ് ആയിട്ടുള്ള ഒരു പ്രോജക്ട് പബ്ലിഷ് ചെയ്തു. അതൊരു വലിയ നേട്ടം ആയിരുന്നു. അതിനുശേഷം ന്യൂറോ സയൻസിൽ ഫെലോഷിപ്പോടുകൂടി ജോൺസ് ഹോപ് കിൻസ് യൂണിവേഴ്സിറ്റിയിൽ നിന്നും PHD കരസ്ഥമാക്കി. നോർത്ത് കരോലീന യൂണിവേഴ്സിറ്റിയിൽ നിന്നും പോസ്റ്റ് ഡോക്ടറൽ റിസർച്ച് ഫെല്ലോഷിപോടെ നിർവഹിച്ചു.. University of California at San Fransisco (UCSF) യിൽ അസിസ്റ്റന്റ് പ്രൊഫസർ ആയി ജോലി ചെയ്തു വരുന്നു...


കുട്ടിയായിരിക്കുമ്പോഴേ മ്യൂസിക്കിലും പെയിന്റിംഗ്ഗിലും താല്പര്യമുണ്ടായിരുന്നു.കൂട്ടുകാരുമായും കുടുംബാംഗങ്ങളുമായും ഇഴുകിച്ചേർന്ന് ജീവിക്കുമ്പോഴും അമ്മയിൽ നിന്നും അച്ഛനിൽ നിന്നും കിട്ടിയ ഓരോ അറിവുകളും ഹൃദയത്തിൽ കൂട്ടിവെച്ചു... സ്കൂളിൽപഠിക്കുമ്പോൾ പുറത്തു പോയി സയൻസ് olimpiad, maths olimpiad തുടങ്ങിയ മത്സരങ്ങളിൽ പങ്കെടുത്ത് വിജയം കൈവരിച്ച കാര്യങ്ങൾ സ്കൂൾ അസംബ്ലിയിൽ പ്രഖ്യാപിക്കുമ്പോൾ അതു കേട്ട്അഭിമാനിക്കുന്ന ചെറിയ ക്ലാസുകാരിയായ അനിയത്തിക്കുട്ടി ഇന്ദു.

ഹിന്ദു ന്യൂസ് പേപ്പറിൽ സയൻസ് റിലേറ്റഡ് ആയ വാർത്തകൾ അടയാളപ്പെടുത്തിക്കൊടുക്കുമായിരുന്ന അച്ഛൻ സെൻട്രൽ എക്സ്സൈസ് ഡിപ്പാർട്മെന്റിൽ നിന്നും വിരമിച്ച കുളങ്ങര കരങ്ങാട്ടില്ലത്ത് കേശവൻ നമ്പൂതിരിയും, ഫിസിക്സിന്റെ ആദ്യറിവുകൾ പകർന്ന അമ്മ കേരളവർമ്മ കോളേജ് മുൻ ഫിസിക്സ് അധ്യാപിക പി ബി ശ്രീദേവിയുമാണ് (കോളങ്ങാട്ടുകര പൊറക്കുടിഞ്ഞത്ത് മന അംഗം). വിജയുടെ വിജയമന്ത്രങ്ങൾ എന്നതിൽ സംശയമില്ല... Dr. ദേവികയാണ് ഭാര്യ. മകൾ ജിയ.

●

# സർവ്വം കാലകൃതം

ആധുനിക കാലഘട്ടത്തിൽ പാരിണാമികമായ ജീവിതാവസ്ഥക ളെയും കാലസന്ധികളെയും വ്യാ ഖ്യാനിക്കുന്നതിനുള്ള ആദിപ്രരൂപ മാതൃകകളെന്ന നിലയിൽ ഇതിഹാ സ കഥാസന്ദർഭങ്ങളും കഥാപാത്ര ങ്ങളും സ്വീകരിക്കപ്പെടുന്നു. കുമാ രനാശാന്റെ 'ചിന്താവിഷ്ടയായ സീ ത', ഉള്ളൂരിന്റെ 'കർണ്ണഭൂഷണം', വ ള്ളത്തോളിന്റെ 'ശിഷ്യനും മകനും' 'അച്ഛനും മകളും' 'ബന്ധനസ്ഥനാ യ അനിരുദ്ധൻ, കുട്ടികൃഷ്ണമാരാ രുടെ 'ഭാരതപര്യടനം', സി.എൻ.ശ്രീ കണ്ഠൻ നായരുടെ നാടക ത്രയം (സാകേതം,ലങ്കാലക്ഷ്മി,കാഞ്ചന സീത), പി.കെ. ബാലകൃഷ്ണന്റെ 'ഇനി ഞാൻ ഉറങ്ങട്ടെ' എം.ടി.വാ സുദേവൻ നായരുടെ 'രണ്ടാമൂഴം' എന്നിങ്ങനെ വ്യത്യസ്ത രചനാരൂ പങ്ങളിലായി എത്രയെത്ര കൃതി കൾ ആധുനിക കാലഘട്ടത്തിൽ പി റവികൊണ്ടു. അക്കൂട്ടത്തിൽ ചേർ ത്തു വായിക്കാവുന്ന ചില നോവ ലുകൾ സംഭാവന ചെയ്ത ഭാവനാ സമ്പന്നനായ എഴുത്തുകാരനാണ് ശ്രീ.സുരേന്ദ്രൻ മങ്ങാട്ട്.




സുരേന്ദ്രൻ മങ്ങാട്ടിന്റെ 'സർവ്വം കാലകൃതം'എന്ന നോവൽ ഭീഷ്മ പിതാമഹനെ കേന്ദ്ര കഥാപാത്രമായി മഹാ ഭാരത കഥാസന്ദർഭങ്ങൾ പുനരാഖ്യാനം ചെയ്യുന്ന അതിവിശിഷ്ട രചനയാണ്. വ്യാ സന്റെ കഥാപാത്രസൃഷ്ടിയുടെ ഗിരിപ്രഭാവ മാതൃകകളിൽ ഒന്നായ ഭീഷ്മരെ നായക നാക്കി ഒരു ബൃഹത് നോവൽ രചിക്കുക എന്നത് നിസ്സാര കാര്യമല്ല. കാലത്തിന്റെ സാക്ഷിയോ കാലം തന്നെയോ ആയി മാ റുന്ന കഥാപാത്ര പ്രതിനിധാനമാണ് സർ വ്വം കാലകൃത ത്തിൽ ഭീഷ്മാചാര്യന് നോ വലിസ്റ്റ് ചാർത്തി കൊടുക്കുന്നത്. കാലത്തെ യും ലോകത്തെയും മനുഷ്യമനസ്സിനെയും ദാർശനിക മാനങ്ങളിലേക്ക് ഉയർത്തി വ്യാ ഖ്യാനിക്കുന്ന സങ്കീർണഘടനയുള്ള നോ വലാണ് സർവ്വംകാലകൃതം.

പി.കെ.ബാലകൃഷ്ണനും എം.ടി. വാസു ദേവൻ നായർക്കും ശേഷം സമകാലിക മ ലയാളത്തിന് ലഭിക്കു ന്ന ഒരു ഉത്തമമായ ഇതിഹാസ പുനർ വായനയാണ് 'സർ വ്വംകാലകൃതം'



എന്ന് ഈ കൃതി യെ ആലങ്കോട് ലീ ലാകൃഷ്ണൻ വിശേ ഷിപ്പിച്ചിട്ടുള്ളത് ഒട്ടും അതിശയോക്തിയല്ല.

**ഡോ.എം. കൃഷ്ണൻ നമ്പൂതിരി**

കവിത

# ആറ് കവിതകൾ





ബഷീർ മുളിവയൽ

## 1 സൗന്ദര്യം

========
ഭൂമിയെ നോക്കി കത്തിജ്വലിക്കുന്ന ഉച്ചസൂ
ര്യനെക്കാൾ
എത്രയോ മനോഹരമാണ്
കടലിനെ ഉമ്മ വെക്കുന്ന അസ്തമയസൂ
ര്യൻ

## 2 സ്വന്തം

=======
ചെടിയിലെ മുള്ളുകൾ
പൂവിന്റെ ചിരികെടുത്താറില്ല

## 3 പൈതൃകം

===========
മുൻപേ പോയവരുടെ
വഴി പിന്തുടർന്നാൽ
ഉത്തുംഗതയിൽ എളുപ്പമെത്താം

## 4 ബാല്യം

========
യാത്ര ചെയ്ത വിമാനവും, തോണിയുമല്ല
യാത്ര ചെയ്യാനാകാത്ത
കടലാസ് തോണിയും,
കടലാസ് വിമാനവുമാണ് ഓർമയിൽ കു
ളിരു കോരുന്നത്

## 5 പരിശ്രമം


=========

മരുഭൂമിയിലെ മരം തണലിടുന്നതും,പൂ
ക്കുന്നതും, കായ് ക്കുന്നതും
മരുഭൂമിയെ മരുഭൂമിയല്ലാതാക്കാനുള്ള
എളിയശ്രമം മാത്രമാണ്

കൂടുതൽ മരങ്ങളുണ്ടായിരുന്നെങ്കിൽ
മരുഭൂമിയെ ഉണ്ടാകുമായിരുന്നില്ല.

## 6 ആത്മ വിശ്വാസം

===============
പാടാൻ കഴിവില്ല
ആടാനറിയില്ല
കാണാൻ സൗന്ദര്യമില്ല
എന്നിട്ടും
സ്വന്തം പേര് ആരുടെ മുന്നിലും ഉറക്കെപ
റയാനുള്ള ആർജ്ജവമാണ് കാക്കയുടെ
കീർത്തി.





# കാവൽ



അജേഷ് കടന്നപ്പള്ളി

പ്രസവമുറിയുടെ പുറത്ത് അസ്വസ്ഥതകളുടെയും പിരിമുറുക്കങ്ങളുടെയും ഹൃദയമിടിപ്പുകൾ, പുറത്തറിയുംവിധം രൂപപ്പെട്ടില്ലെങ്കിലും ഉച്ചത്തിലുള്ള മുഴക്കങ്ങളായി അത് ഓരോരുത്തരിലും പടരുന്നത് പരസ്പരം തിരിച്ചറിയാനാകുമായിരുന്നു.

പുറത്തു കാണുന്ന ബെൽ സ്വിച്ചുകളുടെ ഉയർച്ചതാഴ്ചപ്പെരുക്കങ്ങൾ പ്രസവമുറിക്കകത്തുള്ളവർക്ക്, പുറത്തെ വേവലാതികളുടെ അടയാളങ്ങളായി.

ഉടലടയാളങ്ങൾ തെളിയുംവിധം ലെന സിസ്റ്റർ തുള്ളിത്തുളുമ്പി മുറിക്കകത്തേക്ക് ഇടയ്ക്കെപ്പോഴോ ആരുടെയും ശ്രദ്ധയാകർഷിക്കാതെ കയറിപ്പോയി. അറ്റന്റർമാർ എന്തോ അത്യാഹിതം നടക്കാൻ പോകുന്നു എന്ന് ഇരിപ്പുറച്ചവരിൽ ശ്വാസോച്ഛ്വാസഗതി ഉച്ചസ്ഥായിയിലാക്കും വിധം ഓക്സിജൻ സിലിണ്ടർ പ്രസവമുറിയിലേക്ക് കൈമാറി.ഏതോ പ്രസവം അടുത്തിരിക്കുന്നു എന്നതിന്റെ സൂചനയായി ഡോക്ടർ പ്രസവമുറിയിലേക്ക് വേഗത്തിൽ നടന്നു കയറി. പുറത്ത് കാത്തിരുന്നവരുടെ ശ്വാസഗതികൾ ഉച്ചസ്ഥായിയിലായി.

കരച്ചിലുകളൊന്നും പുറത്തു കേൾക്കില്ലെ

ങ്കിലും, പ്രസവമുറിയുടെ വാതിൽ തുറന്ന് പുറത്തേക്ക് തെറിച്ചു നിന്ന മുഖത്തു നിന്ന് ആഹ്ലാദം പ്രകടമായി.

'സൈനബേടെ ആളുകളുണ്ടോ?'

പേരുകൾ കേൾക്കാനായി ആൾക്കൂട്ടം കൂടിനിന്ന് ശ്രദ്ധാലുക്കളായി.

'പെൺകുഞ്ഞാണ്.'

സൈനബയുടെ ബന്ധുക്കൾ ഒഴികെയുള്ള മറ്റെല്ലാവരും ഇരിപ്പിടങ്ങളിലേക്ക് പിൻവാങ്ങി.

പ്രസവമുറിയുടെ ഓരോ ഇടവും സൂക്ഷ്മതയോടെ ലെന സിസ്റ്റർ നോക്കിക്കണ്ടു. ഇത്രമേൽ മതേതരമായ മറ്റൊരിടമില്ലെന്ന് തനിക്കെപ്പോഴും തോന്നിയിട്ടുണ്ട്.

വേദനയുടെ ഉച്ചസ്ഥായിയിൽ ഓരോരുത്തരും അവരവരുടെ ദൈവങ്ങളെ ചേർത്തു പിടിക്കുകയും ഉച്ചത്തിലുച്ചത്തിൽ പരിസരം മറന്ന് നിലവിളിക്കു സമാനമായി കരഞ്ഞു വിളിക്കുകയും ചെയ്തു കൊണ്ടിരിക്കുന്ന ഇടം.. ഇതിനിടയിൽ ചിലരെങ്കിലും ആലസ്യത്തിലേക്ക് വഴി മാറാനൊരുങ്ങുകയും ചെയ്യുന്നുണ്ടായിരുന്നു.അപകടം വന്നടുത്തേക്കാവുന്ന നിമിഷത്തെ തിരിച്ചറിഞ്ഞ് ലെന ജാഗ്രത്തായി. മയക്കത്തിലേക്ക് വീണു പോവുന്നവരെ നിമിഷനേരം കൊണ്ട് തട്ടി വിളിച്ചുണർത്തി.

'ഉറങ്ങരുത്. ജീവന്റെ കുരുന്നാണ്. ശ്വാസത്തിന്റെ ഗതിവിഗതികൾ അത്ര സൂക്ഷ്മമാണ്. കാത്തിരിക്കൂ.. ' മുലപ്പാലുചുരത്താൻ ഒരുങ്ങി നിൽക്കുന്ന മാറിടത്തിൽത്തട്ടി ലെന സിസ്റ്റർ ഓർമിപ്പിച്ചു.

കുഞ്ഞിന്റെ പുറത്തേക്കുള്ള തുഴച്ചിൽ ആരംഭിച്ചിട്ടേയുള്ളൂ ചിലരിൽ.

നാട്ടിൻ പുറത്തെ തോടുകളിൽ ഒരിടത്ത് മുങ്ങാംകുഴിയിട്ട് മറ്റൊരറ്റത്ത് പൊങ്ങി ഉയർന്ന് വരുന്ന നീന്തൽകാരനെ പോലെ കുഞ്ഞ് വെളിച്ചത്തിലേക്ക് വരാനായി ശിരസ്സ് മുന്നോട്ടാഞ്ഞ് കൈകാലുകൾ പിറകിലേക്ക് ഒതുക്കി കുതിക്കുകയാണ്.

വേദനയുടെ ലഹരിയിൽ അടിപതറാതെ, മനസ്സിടറാതെ, വിവിധ പ്രസവമേശകളിൽ മലർന്ന് കിടക്കുന്ന പത്ത് ഉടലുകൾ!

ആദ്യ സംഭോഗത്തിന്റെ തീവ്രതയിൽ ഇരുകാലുകളും കുത്തി നിർത്തി തുടകൾ വിടർത്തിമാറ്റിയുള്ള കിടപ്പിന്റെ, അതേ വന്യമായ അലർച്ചയോടു കൂടിയുള്ള ആവർത്തനം.

കുഞ്ഞിനെ തള്ളി നീക്കാനാവാത്തതിൽ പരാജിതയായിത്തീർന്ന ഒരുടലിന്റെ നെഞ്ചത്ത് കയറിയിരുന്ന് സിസ്റ്റർ വയറിനെ മെല്ലെ തള്ളി.

' ഹരിതാ .. മുക്ക് മോളേ.. കാത്തിരുന്നാ കുഞ്ഞിന് ശ്വാസം മുട്ടും.. ശ്രമിക്ക് .. '

വേവലാതിക്കും വേദനയ്ക്കുമിടയിൽ പുറത്തേക്ക് തെറിച്ചു വന്ന മലവും വെള്ളവും സിസ്റ്റർ പഞ്ഞി കൊണ്ട് തുടച്ചു മാറ്റി. കൈയിലിരുന്ന ചായ ഗ്ലാസും തിന്നുകൊണ്ടിരുന്ന പലഹാരവും മേശമേലുള്ള പ്ലേറ്റിലേക്ക് തിരികെ വെച്ചാണ് ലെന സിസ്റ്റർ വന്നതെന്നത് ഹരിതയിൽ കൂടുതൽ ജാള്യത പകർന്നു.

ഹരിത ലജ്ജയോടെ സിസ്റ്ററിന്റെ കൈ പിടിച്ചു.

'സാരമില്ല മോളേ.. തുടച്ചില്ലെങ്കിൽ കുഞ്ഞിന് ഇൻഫക്ഷനാകും.. സാരമില്ല.'ലെന സ്വകാര്യം പോലെ മൊഴിഞ്ഞു.

തന്റെ കവിളിൽ മെല്ലെത്തട്ടി ആശ്വസിപ്പിക്കുന്ന കൈകൾ ദൈവത്തിന്റേതു തന്നെയെന്ന് ഹരിതയ്ക്ക് അല്പനേരത്തേക്ക് തോന്നിപ്പോയി.

'മോള് വീട്ടിൽ നിന്ന് ഇറങ്ങുമ്പോ ചോറെടുത്തിട്ടുണ്ടാവുമോ! ഇഡലി ഉണ്ടാക്കി വെച്ചിരുന്നതിൽ നിന്ന് ആരെങ്കിലും തിന്നിട്ടുണ്ടാവുമോ! '

ലെനയുടെ വീട്ടോർമ്മകളെ മുറിയുടെ ഒരു മൂലയിൽ നിന്നുള്ള ചീത്തവിളി പ്രസവമുറിയിലേക്കുണർത്തി.

ഭർത്താവിനെ സ്മിത ജോർജ് ശകാരിക്കുകയാണ്. നീണ്ട തെറി വാക്കുകൾക്കിടയിൽ അഞ്ചാമത്തെ പ്രസവത്തിലേക്ക് അവളെ കുരുക്കിയിട്ടതിലുള്ള പ്രതിഷേധമാണ് നുരഞ്ഞുയരുന്നതെന്ന് ലെനയ്ക്കറിയാതെയില്ല. എങ്കിലും അവളുടെ കവിളിൽ മൃദുവായി തലോടി ആശ്വസിപ്പിച്ചു.

പ്രസവമുറിയിലേക്ക് തന്റെ വീട്ടോർമകളൊന്നും കയറിവരാതിരിക്കാൻ എന്നും ശ്രദ്ധിച്ചിട്ടും തന്നെയിങ്ങനെ കീഴ്പ്പെടുത്തും വിധം ഓർമകൾ വരിഞ്ഞുമുറുക്കുന്നതെന്താണ്.!. നീണ്ട മണിക്കൂറുകളുടെ ഡ്യൂട്ടി ആഹ്ലാദത്തോടെ മാത്രമേ താൻ എന്നും ഏറ്റെടുത്തിട്ടുള്ളൂ .. അതിനിടയിലെ മുനിഞ്ഞു കത്തുന്ന വെളിച്ചത്തിലേക്ക് , പുതുപിറവിയിലേക്ക് ശിരസ്സുകാട്ടി അലറി വിളിച്ച് മുഷ്ടി ചുരുട്ടുന്ന എത്രയേറെ കുഞ്ഞുങ്ങളെയാണ് തന്റെ കൈകൾ ചേർത്തു പിടിച്ചത്.

തന്നെ അത്രമേൽ കരുതലോടെ ആരെങ്കിലും ഏപ്പോഴെങ്കിലും ചേർത്തു പിടിച്ചിട്ടുണ്ടോ? ലെന സിസ്റ്റർ ഓർത്തെടുക്കാൻ ഒരു വൃഥാ ശ്രമം നടത്തി.

●

# ജന്മാന്തര ബന്ധങ്ങൾ



സജന സന്തോഷ്

കഥ

**ഉ**ള്ളിന്റെ ഉള്ളിൽ ഒരു ചിറകടിയൊച്ച .. ആത്മാവിന്റെ സംഗീതമാണോ അത്? അറിയില്ല. എന്തായാലും ഒരു വീർപ്പുമുട്ടൽ. എന്തിനാണ് അവൾ എന്നെയിങ്ങനെ സ്നേഹിക്കുന്നത്. ഇത്രമേൽ സ്നേഹിക്കാൻ ഞാനവൾക്ക് ആരാണ്? പലവട്ടം മനസ്സേ ഞാൻ നിന്നോടു ചോദിക്കുന്നു. അവൾ എനിക്കാരാണ്? കൂട്ടുകാരി, അമ്മ, മകൾ... ഇതിലേതാണവൾ. മൂന്നും ചേർന്നതല്ലേ അവൾ. കൂട്ടുകാരിയെപ്പോലെ എന്റെ എല്ലാ മണ്ടത്തരങ്ങൾക്കും ഒപ്പം നില്ക്കുന്ന , അമ്മയെപ്പോലെ സ്നേഹവും കരുതലുമുള്ള, മകളെപ്പോലെ സ്നേഹാധികാരം കാണിക്കുന്ന എന്റെ മകൾ.

മിത്ര. അതാണവളുടെ പേര്. പേര് പോലെത്തന്നെ എല്ലാവരോടും കൂട്ടുകൂടുന്നവൾ. സങ്കടങ്ങളിലും പുഞ്ചിരിക്കുന്നവൾ. അക്കാദമിയിലെ മുത്തശ്ശി മരത്തിനടുത്ത് വെച്ചാണ് ഞാനവളെ പരിചയപ്പെടുന്നത്. സാഹിത്യ ഗ്രൂപ്പിന്റെ വാർഷികത്തിന് വന്ന എഴുത്തുകൂട്ടത്തിൽ വെച്ച് വാതോരാതെ സംസാരിക്കുന്ന യുവതി.

? 'എന്താ ഉണ്ണിയേട്ടാ മൊബൈലും പിടിച്ച് ഒരു ആലോചന?' റിയാസാണ്, തൊട്ടടുത്ത ഫ്ലാറ്റിലെ.



? ഓ.... ഞാനിത്രേം നേരം ഏതു ലോകത്തായിരുന്നു. സമയം പോയതറിഞ്ഞില്ലല്ലോ.

? 'ഏയ് ഒന്നൂല്യ റിയാസെ . ഞാൻ വെറുതെ പഴയ കാര്യങ്ങളൊക്കെ ആലോചിക്കുകയായിരുന്നു.'

? ' ഈ ഉണ്ണിയേട്ടന്റെ ഒരു കാര്യം? ഞാൻ പറഞ്ഞിട്ടില്ലേ ഇങ്ങനെ വെറുതെ ആധി പിടിച്ചിരിക്കരുതെന്ന്. വാ. നമുക്ക് നടക്കാൻ പോകാം. സമയം എത്രയായീന്നാ വിചാരം?'

? ഇന്ന് ഒന്നിനും ഒരു സന്തോഷം തോന്നുന്നില്ല. വിനി പോയതിൽപ്പിന്നെ എനിക്കെന്തോ ഒരു ഒറ്റപ്പെടൽ പോലെ. ആൾക്കൂട്ടത്തിനിടയിലും തനിച്ചാവുന്നതു പോലെ.ചിലപ്പോൾ എന്റെ തോന്നലായിരിക്കാം. അല്ലെങ്കിലും ജീവിതം തന്നെ ഒരു മായക്കാഴ്ച്ചയാണെന്നാണല്ലോ ഈ എഴുത്തുകാരൊക്കെ പറയുന്നത്.അങ്ങനെയെങ്കിൽ എന്റെ ഈ തോന്നലും ശരിയല്ലേ?

? 'എന്താ ഉണ്ണിയേട്ടാ .... ഒന്നും മിണ്ടാതിരിക്കുന്നത്? ഇന്നും ആരെങ്കിലുമൊക്കെ വിളിച്ചു കാണും,

സങ്കടങ്ങൾ പറഞ്ഞ്. അതല്ലേ ഇന്നത്തെ മൗനത്തിന് കാരണം '. റിയാസ് വിടാനുള്ള ഉദ്ദേശമില്ല.

? ' ശരി. ഞാൻ വരാം. നീയിനി ഓരോന്ന് ചിന്തിച്ച് തല പുണ്ണാക്കണ്ട.'

? റിയാസിനോടൊപ്പം വാതിലടച്ച് പുറത്തിറങ്ങുമ്പോൾ സൂര്യന്റെ വിളി .' ഉണ്ണിയേട്ടാ.. തിരക്കാണോ. മറ്റന്നാൾ പുസ്തകോത്സവത്തിന് ഒന്ന് പോകണമെന്നുണ്ട്.കൂടെ വരാൻ പറ്റുമോ? കുറച്ചു സാഹിത്യകാരൻമാരെയൊക്കെ പരിചയപ്പെടാലോ? .ഒറ്റയ്ക്ക് പോകാനൊരു മടി '.

? കനകക്കുന്നിൽ നടക്കുന്ന മാതൃഭൂമി അന്താരാഷ്ട്ര പുസ്തകോത്സവത്തെക്കുറിച്ചാണ് സൂര്യൻ പറയുന്നത്. പറ്റില്ലെന്ന് എങ്ങനെ പറയും.?

? ' ശരി സൂര്യാ, ഞാൻ വരാം.'

? 'ആരാ ഉണ്ണിയേട്ടാ... എങ്ങോട്ടോ പോകാനുള്ള പരിപാടിയാണല്ലോ? '. നടത്തത്തിന്റെ വേഗത കുറച്ചു കൊണ്ട് റിയാസ് ചോദിച്ചു. തേക്കിൻക്കാട് മൈതാനിയിലേയ്ക്ക് ഇനി അധിക ദൂരമില്ല .സന്ധ്യ അവളുടെ ചന്തം മുഴുവൻ വിതറി വടക്കുംനാഥന്റെ തിരുനടയെ സ്വർണ്ണ പ്രഭയിൽ കുളിപ്പിച്ചു നിർത്തിയിരിക്കുകയാണ്.

? 'ഓ.... അതു നമ്മുടെ സൂര്യനാ. 'ക'യിൽ പങ്കെടുക്കാൻ വരാൻ പറ്റുമോന്ന്?'

? 'അല്ല ഉണ്ണിയേട്ടാ.... അത് തിരുവനന്തപുരത്തല്ലേ കനകക്കുന്നിൽ? ഇത്രേം ദൂരം പോകാനോ? ' റിയാസിന് എന്റെ യാത്ര അത്ര താല്പര്യമില്ലെന്നു തോന്നുന്നു. പാവം. എന്റെ കാര്യത്തിൽ എത്ര ശ്രദ്ധയാ.

? ' ട്രെയിനിൽ പോകാലോ റിയാസെ .പിന്നെന്താ പ്രശ്നം? നീ പേടിക്കേണ്ട. എനിക്കിപ്പോൾ യാതൊരു പ്രശ്നവുമില്ല.'

? റിയാസ് ഒന്നും മിണ്ടിയില്ല. തേക്കിൻക്കാട്ടിലെ സന്ധ്യ ആൾക്കൂട്ടത്താൽ ശബ്ദമുഖരിതമായിരിക്കുന്നു. മനസ്സിനെ ശാന്തമാക്കാൻ തിരക്കുകളെ അവഗണിച്ച് ഒത്തുകൂടാൻ പറ്റിയ ഇടം. പല തരക്കാരായ മനുഷ്യർ.ഇവിടെയിരിക്കുമ്പോൾ മനസ്സിനെന്തൊരു ശാന്തതയാണ് അനുഭവപ്പെടുക. ഇവിടത്തെ കാറ്റിനു പോലും എന്തോ പ്രത്യേകതയുണ്ട്. പക്ഷെ , ഇന്ന് മാത്രം എന്താ എനിക്കിങ്ങനെയൊരു അസ്വസ്ഥത.മുത്തശ്ശി മരത്തിനു ചുവട്ടിലിരുന്ന് ഞാൻ വീണ്ടും മൊബൈലിലേയ്ക്ക് പാളി നോക്കി. 'അവളെന്തായിരിക്കും വിളിക്കാത്തത്? എന്നും വിളിക്കുന്നതാണല്ലോ? വിളിച്ചിട്ടും കിട്ടുന്നില്ല. എന്തു പറ്റി?'. മനസ്സിന്റെ പിരിമുറുക്കം കൂടുകയാണല്ലോ? റിയാസ് പറയുന്നതാ ശരി ഞാൻ വെറുതെ ഓരോന്ന് തലയിൽ കയറ്റി വെക്കും. അവസാനം വെറുതെ വിഷമിക്കും.എത്ര കിട്ടിയാലും പഠിക്കില്ല.

? 'റിയാസെ, ആ ഗോപൻ വിളിച്ചിരുന്നു. പാലക്കാട് ഒരു ഏഴേക്കർ ഭൂമി ഇത്തിരി ലാഭത്തിന് കിട്ടാനുണ്ടെന്ന്..' നാരായണനാണ്. റിയാസിന് പറ്റിയ കൂട്ടുകാരൻ.രണ്ടാളും സംസാരം നിർത്തുന്ന ലക്ഷണമില്ല.അവർ സംസാരിക്കട്ടെ.

? ദാ .... ലക്ഷ്മി വിളിക്കുന്നുണ്ടല്ലോ? വേണ്ട. എടുക്കണ്ട. അവളും അവളുടെ ഒരു കവിതയും. കൊണ്ടു പോകാൻ പറ. മനുഷ്യന് തലയ്ക്ക് പിരി പിടിച്ചിരിക്കുമ്പഴാ .എല്ലാവരും കണക്കാ. മനുഷ്യനെ കോമാളിയാക്കുകയാ.

? ഉണ്ണിക്കൃഷ്ണൻ മിത്രയെക്കുറിച്ചോർത്തു.മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തമായി , മുഖപുസ്തക സൗഹൃദങ്ങളിലെ ദോഷവശങ്ങളെക്കുറിച്ച് പറഞ്ഞപ്പോഴായിരുന്നു അയാൾ മിത്രയെ ശ്രദ്ധിക്കുന്നത്. അന്ന് താനും ഒരു പാട് കാര്യങ്ങൾ പറയാതെ പറഞ്ഞു, മനസ്സിലാണെന്നു മാത്രം. പിരിഞ്ഞു പോകുമ്പോൾ എല്ലാവരുടെയും നമ്പർ ചോദിക്കലും, സൗഹൃദം സ്ഥാപിക്കലും കണ്ടപ്പോൾ തോന്നി ഇവൾ മൊത്തം ജാടയാണോന്ന്. പറഞ്ഞില്ലെന്നു മാത്രം.

? വൈകീട്ട് ഉണ്ണിയേട്ടാ എന്നു വിളിച്ച് അവൾ വാട്സ്ആപ്പിൽ വന്നപ്പോൾ അല്പം ഗൗരവക്കാരിയല്ലേ എന്ന് തോന്നാതിരുന്നില്ല. എങ്കിലും സംസാരിച്ചു. പതുക്കെപ്പതുക്കെ അവൾ അച്ഛാ എന്നു വിളിക്കാൻ തുടങ്ങിയപ്പോൾ മനസ്സിനൊരു ആളൽ .ദൈവമേ... വേണ്ട .

? ദാ.. വീണ്ടും ലക്ഷ്മി. മനുഷ്യനെ മെനക്കെടുത്താൻ. ഞാനെന്തായാലും ഇന്ന് സംസാരിക്കാൻ ഉദ്ദേശിക്കുന്നില്ല.

? ' ഉണ്ണിയേട്ടാ... നമുക്ക് പോയാലോ?' റിയാസാണ് .രണ്ടാളും പറഞ്ഞ് പറഞ്ഞ് കച്ചവടത്തിന്റെ കാര്യം തീരുമാനമായെന്നാ തോന്നുന്നത്.

? ' ഉം. ശരി. പോകാം റിയാസെ ' .

? ഞങ്ങൾ പതുക്കെ നടക്കാൻ തുടങ്ങി.

? ' ഉണ്ണിയേട്ടാ, നാളെ മച്ചാട് മാമാങ്കമാണ്. നമുക്ക് അവിടെ വരെ പോയാലോ?'

? ' നോക്കട്ടെ. എനിക്കെന്തോ ഒരു സുഖമില്ല.'

? ' ഡോക്ടറെ കാണണോ ഉണ്ണിയേട്ടാ. ഞാൻ കുറെ നേരായി ശ്രദ്ധിക്കുന്നു. മുഖത്ത് തീരെ പ്രസാദമില്ല.'

? ' വേണ്ട. മനസ്സിനൊരു ഭാരം പോലെ. അതാ.അല്ലാതെ വേറെ പ്രശ്നമൊന്നുമില്ലെ

ടോ.'

? നഗരത്തിരക്കിനിടയിലൂടെ നടന്ന് ഫ്ലാറ്റിലെത്തി വാതിൽ തുറക്കുമ്പോൾ റിയാസ് പറഞ്ഞു.

? ' ഉണ്ണിയേട്ടാ, ഭക്ഷണം ഉണ്ടാക്കണ്ടാട്ടോ. പാത്തു നല്ല ചൂട് പത്തിരിയും, കോഴിക്കറിയും ഉണ്ടാക്കിയിട്ടുണ്ട്. ഉണ്ണിയേട്ടന്റെ സ്പെഷ്യൽ ബീഫുകറിയും ഉണ്ട്.ഞാനിപ്പൊ വരാം.അപ്പോഴേക്കും കുളിച്ചു റെഡിയായി ഇരുന്നോളൂ.'

? റിയാസ് വിടാനുള്ള ലക്ഷണമില്ല .എന്റെ സങ്കടം ഞാനാരോട് പറയും. ഒന്ന് ഒറ്റയ്ക്കിരിക്കണം. ഒന്നും മിണ്ടാതെ നേരെ കട്ടിലിൽ കയറിക്കിടന്നു. മൊബൈലെടുത്ത് വീണ്ടും നോക്കി. വീണ്ടും ലക്ഷ്മി. വളരെയധികംദേഷ്യത്തിലാണ്.

? ' നിങ്ങളെന്താ ഫോണെടുക്കാത്തത്?

? ഞാനെത്ര തവണ വിളിച്ചു?

? നിങ്ങളെപ്പോഴും തിരക്കിൽ!

? എനിക്കു മാത്രം തിരക്കില്ല.'

? ഒരു അറുപതുകാരി സുഹൃത്തിന്റെ വേദന. പ്രായം സൗഹൃദത്തിനും, ആരാധനയ്ക്കും തടസ്സം നില്ക്കില്ലല്ലോ. എന്തായാലും എനിക്കിപ്പോൾ മിണ്ടാൻ മനസ്സില്ല. മിത്രയുണ്ടെങ്കിൽ എന്തെങ്കിലും കുസൃതിയൊപ്പിച്ച് കൂടെ നിന്നേനെ! അവളെ പരിചയപ്പെട്ടതു മുതലാണ് ഒരു മകളില്ലാത്തതിന്റെ സങ്കടം എന്നെ അലട്ടാൻ തുടങ്ങിയത്. അച്ഛാ.... എന്നുള്ള അവളുടെ വിളി.

? ' വിനീ.... നിന്റെ സ്നേഹത്തിനു മുന്നിൽ മാത്രമേ ഞാൻ തോറ്റു തന്നിട്ടുള്ളു.നീയെന്നും സ്നേഹം കൊണ്ട് എന്നെ തോല്പിക്കുകയായിരുന്നല്ലോ? നമ്മുടെ സ്നേഹം മറ്റാർക്കും പകുത്തു നൽകാൻ മനസ്സില്ലാത്ത ഞാൻ ഒരു കുഞ്ഞിനെക്കുറിച്ചു പോലും ചിന്തിച്ചിരുന്നില്ല. എന്നിട്ടും .... വിനീ.... നീ ....'

? ചിന്തകൾ കാടു കയറുമ്പോഴാണ് റിയാസിന്റെ വിളി .'ഉണ്ണിയേട്ടാ വേഗം വരൂ, നല്ല ചൂടൻ പത്തിരി റെഡി' .മനസ്സില്ലാ മനസ്സോടെ ഭക്ഷണം കഴിച്ചെഴുന്നേല്ക്കുമ്പോൾ മൊബൈൽ വീണ്ടും ശബ്ദിക്കുന്നു. ദീപയാണ്. എന്തിനായിരിക്കും വിളിക്കുന്നത്? എന്തായാലും കുറച്ചു കഴിഞ്ഞ് തിരിച്ച് വിളിക്കാം.

? ഭക്ഷണം കഴിഞ്ഞ് ഫ്ലാറ്റിലേയ്ക്ക് തിരികെ നടക്കുമ്പോൾ റിയാസ് ഓർമ്മിപ്പിച്ചു. ' ഉണ്ണിയേട്ടാ..... നാളത്തെ കാര്യം മറക്കണ്ട കേട്ടോ?'.

? മുറിയിലെത്തി കട്ടിലിലേയ്ക്ക് ചാഞ്ഞതേ ഉള്ളൂ. വീണ്ടും ദീപ. ഇനിയും മിണ്ടാതിരുന്നാൽ മോശമല്ലേ ? സംസാരിക്കാം.

? ' എന്താ ദീപ..എന്താ ഈ നേരത്ത് ?വിശേഷങ്ങൾ എന്തെങ്കിലും? മോൻ ഇപ്പോൾ എന്തു പറയുന്നു?'

? ഒരു കരച്ചിലായിരുന്നു മറുപടി.

? 'എന്താ മോളെ? എന്തായാലും പറ?'

?മകളുടെ സ്ഥാനം മിത്രയ്ക്കു മാത്രമേ നല്കിയിട്ടുള്ളൂ. അവളറിഞ്ഞാൽ പിണങ്ങും. കരയുന്ന ഈ കുട്ടിയെ ഞാനെന്തു പറഞ്ഞ് ആശ്വസിപ്പിക്കും.

? ' ഉണ്ണിയേട്ടാ.. ഇന്ന് അവനെ ഡോക്ടറെ കാണിക്കാൻ കൊണ്ടു പോയിരുന്നു. അവന്റെ നിലയാകെ വഷളായിക്കൊണ്ടിരിക്കുകയാ.ഉടനെ സർജറി വേണംന്നാ ഡോക്ടർ പറയുന്നത്. എന്താ ചെയ്യേണ്ടതെന്ന് ഒരു പിടിയുമില്ല.'

? ' കുട്ടി വിഷമിക്കണ്ട. പണം നമുക്ക് ശരിയാക്കാം. എത്രേം പെട്ടെന്ന് സർജറിയുടെ കാര്യങ്ങൾ അന്വേഷിക്ക് ' .

? പ്രതീക്ഷയോടെയാണ് തന്നെ വിളിക്കുന്നത്. പാവം. എന്തായാലു എത്രയും പെട്ടെന്ന് പണം ശരിയാക്കിക്കൊടുക്കണം.ആ കുഞ്ഞിന്റെ ജീവൻ അപകടത്തിലാണ്.

? രാത്രി ഏറെ വൈകിയിട്ടും അയാൾക്ക് ഉറക്കം വന്നില്ല. പതുക്കെ എഴുന്നേറ്റ് ജനലിനരികിൽ പോയിരുന്നു, കൈയ്യിൽ ആഴ്ച്ചപ്പതിപ്പുമായി.അച്ഛനെക്കുറിച്ച് മിത്രയുടെ ഓർമ്മക്കുറിപ്പുണ്ടതിൽ.

? 'എത്ര തവണ.എത്ര തവണ ഞാനിതു വായിച്ചു. ' അയാൾ സ്വയം ചോദിച്ചു.

? അതെ,


? ആ ഓർമ്മക്കുറിപ്പു തന്നെയല്ലേ അവളെ എന്നിലേയ്ക്ക് ഇത്ര അടുപ്പിച്ചത്.പലരുമായി സംസാരിച്ചിട്ടുണ്ട്. അവരുടെ വിഷമങ്ങൾ കേട്ടിട്ടുണ്ട്. എന്നാൽ ഒരാൾപ്പോലും തന്റെ സങ്കടങ്ങൾ, സന്തോഷങ്ങൾ, സ്വപ്നങ്ങൾ ,ഭ്രാന്തൻ ചിന്തകൾ, കുസൃതികൾ എല്ലാം കേൾക്കാൻ ക്ഷമയോടെ കാത്തിരിക്കുക .അവസാനം 'അമ്പടാ അച്ഛാ... നല്ല തല്ലിന്റെ കുറവുണ്ട്. നല്ല കുട്ടിയായിരുന്നോ. അല്ലേൽ ചെമ്പരത്തിപ്പൂവും ചൂടി നടക്കേണ്ടി വരും .' എന്നും പറഞ്ഞ് സ്മൈലിയും അയച്ച് ഓടുക.

? ശരിയ്ക്കും അവളെനിക്ക് പിറക്കാതെ പിറന്ന മോളായിരുന്നില്ലേ?അവളെപ്പോഴും പറയും, 'അച്ഛാ.. ഈ ദൈവത്തിന് 'കോമൺ സെൻസ്' ഇത്തിരി കുറവാലേ. ചേരേണ്ടത് ചേർക്കില്ല. ഈ അച്ഛന്റെ മോളായിരുന്നെങ്കിൽ ഞാനാരായിരുന്നേനെ! നമ്മൾ രണ്ടും കൈകോർത്ത് പിടിച്ച് എവിടെയൊക്കെ അലഞ്ഞു നടന്നേനെ!'.എന്നിട്ടും.. എ

ന്തിനാണവൾ എന്നെ ഒഴിവാക്കുന്നത്. ചിന്തകൾ കാടു കയറുന്നു. ഗുളികയില്ലാതെ ഇന്നും ഉറങ്ങാനാവുമെന്ന് തോന്നുന്നില്ല.

? ദിവസങ്ങൾ കടന്നു പോവുകയാണ്. ദീപയുടെ മകനുള്ള പണം കണ്ടെത്താനുള്ള ഓട്ടം. എല്ലാം മറന്ന ദിവസങ്ങൾ.' ഹൊ! പണം ആ കുട്ടിയെ ഏല്പിച്ചപ്പോഴാണ് സമാധാനമായത്.

? ഇനി .... ഇനിയെന്ത് എന്ന ചിന്ത ഉണ്ണിക്കൃഷ്ണനെ അലട്ടി. വിനി പോയതിൽ



പ്പിന്നെ മുന്നും പിന്നും നോക്കാതെയുള്ള ഒരു യാത്രയായിരുന്നു.എന്നാൽ മിത്രയെ പരിചയപ്പെട്ടതു മുതൽ ജീവിതത്തിന് എന്തോ ഒരു മാറ്റമായിരുന്നു. വർണ്ണച്ചിറകുകൾ വെച്ചതു പോലെ. പാറിപ്പറന്നു നടക്കാനൊരു മോഹം.വിനിയെപ്പോലും ചിലപ്പോൾ മറന്നു പോകുന്ന അവസ്ഥ. 'എടീ മോളെ, എനിക്ക് വട്ടാവുംന്നാ തോന്നണെ?" എന്നു ഞാൻ പറയുമ്പോൾ അവൾ പറയും, 'വട്ടനച്ഛൻ, ചെമ്പരത്തിപ്പൂവും വെച്ച് നടക്കുന്ന കാഴ്ച്ച എന്തു രസമായിരിക്കും അല്ലേ അച്ഛാ ?'പോരാത്തതിന് നിറയെ സ്മൈലിയും.' അതേടീ, സ്വന്തം തന്തയ്ക്ക് വട്ടു പിടിക്കുമ്പോൾ ചിരിക്കുന്ന ലോകത്തിലെ ആദ്യത്തെ മകൾ നീയായിരിക്കും?' നിറഞ്ഞ ചിരിയായിരിക്കും അവളുടെ മറുപടി.പലപ്പോഴും ശ്രദ്ധിച്ചിട്ടുണ്ട്. എന്റെയും ,അവളുടെയും ചിന്തകൾ ഒരുപോലെയല്ലേ? എന്ന്.ഇവൾ എനിയ്ക്കും,വിനിയ്ക്കും പിറക്കാതെ പോയ മകളല്ലേ എന്ന് സംശയിക്കും. ലോകത്ത് ഇങ്ങനേം സ്നേഹിക്കാൻ ഏതെങ്കിലും അച്ഛനും, മകൾക്കും പറ്റുമോ? എന്നിട്ടും അവൾ......

ഒരു മാസമായി. ഒന്ന് വിളിക്കാമെന്നു വെച്ചാൽ അവളുടെ വീട്ടുകാർ എന്തു കരുതും? അല്ല ഇനി അവൾ എന്നെ ഒഴിവാക്കിയതാവുമോ? ചിന്തകൾ കാടു കയറിക്കൊണ്ടിരിക്കുമ്പോഴാണ് കോളിംഗ് ബെൽ ചിലയ്ക്കുന്നത്. ഉണ്ണിക്കൃഷ്ണൻ പതുക്കെ ച്ചെന്ന് വാതിൽ തുറന്നു. വിശ്വസിക്കാനാവുന്നില്ല. മിത്ര. മിത്ര മോൾ.ഒരിക്കൽപ്പോലും ഫ്ലാറ്റിൽ വരാത്ത എന്റെ പൊന്നുമോൾ. ഒന്നും മിണ്ടാനാവുന്നില്ല. ' അച്ഛാ ..... ' അവൾ ഓടി വന്ന് കൈ പിടിച്ചു.അവളോടൊപ്പം ഭർത്താവും, മക്കളും ഉണ്ടായിരുന്നു. കയറി വരാൻ പറയാതിരുന്നിട്ടും അവൾ അയാളുടെ കൈ പിടിച്ച് അകത്തേക്കു നടന്നു.ഒപ്പം അവളുടെ മക്കളും, ഭർത്താവും . സെറ്റിയിലിരുന്ന് അവൾ പറഞ്ഞു. 'അച്ഛാ..... എന്നോട് പിണക്കമാവും അല്ലേ? ദാ.... നോക്ക്. ഇതു കണ്ടോ?' അപ്പോഴാണ് ഞാനതു ശ്രദ്ധിച്ചത്. അവളുടെ നെറ്റിയിൽ വലിയൊരു മുറിപ്പാട്. ഈശ്വരാ..

അച്ഛാ നമ്മളന്ന് സംസാരിച്ചതിനു ശേഷം ബസ്സിൽ കയറിയതാ. പിന്നെ.. ചെറിയൊരപകടം. മൊബൈലും പോയി.ആ ശുപത്രീലും ആയി. വന്നപ്പോൾ അച്ഛനെ ഒന്നു കാണാൻ തോന്നി. '

സങ്കടം സഹിക്കാനാവുന്നില്ല. എന്റെ മകൾ. പാവം.ഇത്രയധികം എന്നെ സ്നേഹിക്കുന്ന എന്റെ പൊന്നുമോളെയാണോ ഞാൻ ഇത്രയേറെ തെറ്റിദ്ധരിച്ചത്.

സംസാരിച്ചിരുന്നപ്പോൾ നേരം പോയതറിഞ്ഞില്ല. പോകാൻ നേരം പുതിയ മൊബൈലെടുത്ത് അവളെന്റെ നമ്പർ സേവ് ചെയ്തു. എന്നിട്ട് ആരും കാണാതെ അവളെന്റെ ചെവിയിൽ മന്ത്രിച്ചു. 'അച്ഛാ... നമ്മുടെ ആരാധകർക്കൊക്കെ സുഖമല്ലേ? വൈകീട്ട് വിളിക്കാട്ടോ .' യാത്ര പറഞ്ഞ് അവരിറങ്ങുമ്പോൾ കൊച്ചുമക്കൾ വന്ന് നെറ്റിയിൽ ഉമ്മ വെച്ചു.വെളുത്തു മിനുത്ത കഷണ്ടിയിൽ നേർത്ത ചുംബനം.

ഏറെ നേരം നിന്ന നില്പ്പിൽത്തന്നെ നില്ക്കാനേ ഉണ്ണിക്കൃഷ്ണനായുള്ളൂ. താൻ കണ്ടത് സ്വപ്നമോ, മിഥ്യയോ.ജന്മാന്തര ബന്ധങ്ങൾ ...... അല്ലാതെന്തു പറയാൻ.

കഥ



# ജീവകാവ്യം



ഗ്രീഷ്മ അമൽ

**'ജീ.....** ' എയർപോർട്ടിലെ ബഹളത്തിനിടയിലും അധിന്റെ സ്വരം ജീവ തിരിച്ചറിഞ്ഞു.

'ഡാ... അധി.. എത്രകാലമായിടാ ' അധിനെ കെട്ടിപിടിച്ചുകൊണ്ടു ജീവ പറഞ്ഞു.

'ഞാൻ ഇവിടെ തന്നെയുണ്ടായിരുന്നു. നീയല്ലായിരുന്നോ അജ്ഞാതവാസത്തിൽ..

അതും 6 വർഷം... എങ്ങനെ കഴിഞ്ഞു ജീ.. നിനക്ക്.. ' അവന്റെ വയറിൽ കളിയായി ഇടിച്ചുകൊണ്ടവൻ ചോദിച്ചു.

'ആഹാ.. തുടങ്ങിയോ... ഇങ്ങനെയാണെങ്കിൽ ഞാൻ ഇപ്പോൾ തന്നെ തിരിച്ചു പോയേക്കാം.. ' തെല്ലൊരു പരിഭവത്തോടെ ജീവ അവനിൽ നിന്നും അടർന്നുമാറി.

'എന്റെ പൊന്നു മോനെ...എന്റെ സങ്കടം കൊണ്ട് പറഞ്ഞു പോയതാ നീ ക്ഷമീ.... വന്നു വണ്ടിയിൽ കയറ്..' അവന്റെ ലഗേജ് വാങ്ങിക്കൊണ്ടു അധിൻ പറഞ്ഞു.

'അധി... അച്ഛനും അമ്മയും.. ഒക്കെ ' അതുചോദിക്കുമ്പോൾ തന്റെ സ്വരത്തിലെ ഇടർച്ച അധിയറിയാതെയിരിക്കാൻ അവൻ ശ്രദ്ധിച്ചു.

'നിന്റെ വിവരം പ്രവീൺ വിളിച്ചു പറഞ്ഞപ്പോൾ മുതൽ അവിടെ ഒരു ഉത്സവത്തിന്റെ പ്രതീതിയാ മോനേ.വർഷങ്ങൾക്കു ശേഷം അത് ഒരു വീടായി.. ' അത് പറയുമ്പോൾ അവന്റെ കണ്ണിലെ തെളിച്ചം ജീവ ശ്രദ്ധിച്ചു.

'അരവിന്ദൻ മാഷ്.... '

വളരെ വിഷമത്തോടെയാണ് അവനത് ചോദിച്ചത്.

'മാഷ്.. ഇവിടെ ഉണ്ട്.. റിട്ടയർ ആയി... കൃഷി ഒക്കെ ആയി നടക്കുന്നു...' ഓരൊഴുക്കൻ മട്ടിൽ അധി പറഞ്ഞുനിർത്തി.

ഓരോന്നും പറഞ്ഞു യാത്ര തുടർന്നയവർ, പണ്ട് പഠിച്ച സ്കൂളിന്റെ മുന്നിലെത്തിയപ്പോൾ ബ്ലോക്ക് കാരണം വണ്ടി അവിടെ നിർത്തേണ്ടി വന്നു.. അതിലെ നടന്നു പോവുന്ന കുട്ടികളെ കണ്ടപ്പോൾ ജീവയുടെ മിഴികൾ നിറയുന്നത് അധിൻ കണ്ടു.

'എന്താടാ... ജീ.. ഇത്.. ഇപ്പോഴും നീ അതും ഓർത്തിരിക്കുവാണോ...? ' അവന്റെ തോളിൽ കൈവെച്ചുകൊണ്ട് ചോദിച്ചു.

'മറക്കാൻ ശ്രമിക്കുന്തോറും ആ ഓർമ്മകൾ മനസ്സിൽ നിറയുന്നു..

ഞാൻ കാരണമല്ലേ കാത്തു നമ്മളെ വിട്ട്

പോയത്..

അരവിന്ദൻ മാഷിന് ആരുമില്ലാതെ ആയത്.. '

വാക്കുകൾ എണ്ണി പെറുക്കി പറയുന്ന സുഹൃത്തിനെ നിസ്സഹായതയോടെ അധിൻ നോക്കി.

അധിൻ എന്തോ പറയാൻ തുടങ്ങിയെങ്കിലും ജീവയുടെ മുഖം കണ്ടപ്പോൾ പിന്നെ ഒന്നും പറഞ്ഞില്ല. ജീവ സീറ്റിലേക്ക് ചാഞ്ഞു കിടന്നു.

ഓർമ്മയുടെ ആഴങ്ങളിലേക്ക് അവൻ ആഴ്ന്നിറങ്ങി.

കാവ്യാ.. എന്റെ കാത്തു..

അച്ഛന്റെയൊപ്പം ജോലി ചെയ്തിരുന്ന അരവിന്ദൻ മാഷിന്റെ മകൾ. കുപ്പിവളപോലെ അപ്പോഴും ചിരിച്ചു ചുറ്റിലും തന്റെ പ്രസരിപ്പ് പരത്തി നടന്നിരുന്ന ഒരു കാന്താരി.

അധിന്റെ അച്ഛനും ട്രാൻസ്ഫർ ആയി ഈ നാട്ടിലേക്കു വന്നതോടെ ഞങ്ങൾ മൂന്നു പേരും ചങ്കുകൾ ആയി.

കുട്ടികാലം മുതലേ ഒന്നിച്ചു നടന്നിരുന്ന അവളിൽ ചില മാറ്റങ്ങൾ ഞാൻ ശ്രദ്ധിച്ചു തുടങ്ങിയത് +2 ക്ലാസ്സിൽ വെച്ചാണ്. ഞാൻ മറ്റു പെൺകുട്ടികളോട് സംസാരിക്കുപ്പോൾ ആ മിഴികൾ നിറയുന്നത് ഞാനറിഞ്ഞു. എനിക്കൊപ്പം നടക്കുപ്പോൾ ആ കണ്ണിലെ നക്ഷത്രതിളക്കവും. ലോകം കീഴടക്കിയ സന്തോഷമായിരുന്നു. എങ്കിലും അവളെ ദേഷ്യം പിടിപ്പിക്കാൻ വേണ്ടി ഞാൻ വേണിയുമായി കൂട്ടുകുടി.

ഉള്ളിൽ നിറയെ എന്റെ കാത്തുവിനോട് ഉള്ള സ്നേഹമായിരുന്നുവേങ്കിലും അത് പുറത്തുക്കാട്ടതെ വേണിക്ക് ഒപ്പം നടന്നു.

ഇത് കണ്ടു കാത്തുവിന്റെ മിഴികൾ നിറയുമ്പോൾ എന്റെ നെഞ്ചിലെ പിടച്ചിൽ ഞാനറിഞ്ഞു. അവളെ ചേർത്തു പിടിച്ചു.

പെണ്ണേ.. നിന്റെ കണ്ണു നിറയുമ്പോൾ എന്റെ നെഞ്ചാണ് പിടയുന്നതെന്നു പലവട്ടം പറയാൻ കൊതിച്ചുവെങ്കിലും അവളുടെ പിറന്നാൾ വരെ കാത്തിരിക്കാൻ ഞാൻ തീരുമാനിച്ചു. അതു വരെ വേണിക്കു ഒപ്പം തന്നെ നടന്നു. ഇതൊക്കെ കണ്ടു മുഖം വീർപ്പിച്ചു എന്റെ കാത്തുവും.

അങ്ങനെ ഞാൻ കാത്തിരുന്ന ദിവസം എത്തി. എന്റെ കാത്തുവിന്റെ പിറന്നാൾ. പിറന്നാളിന് അവൾ കുന്നുംപുറം കാവിൽ പോകാറുണ്ട്. കാവിനു പുറത്തവളേ കാത്തുനിന്നു, അവളേറെ കൊതിച്ചിരുന്ന നക്ഷത്രക്കല്ലിന്റെ മോതിരവുമായി ഞാൻ നിൽക്കുമ്പോഴാണ് വേണി അതുവഴി വന്നത്. കയ്യിൽ സമ്മാനവുമായി നിൽക്കുന്ന എന്നെ കണ്ടപ്പോൾ അവൾ വന്നു സംസാരിച്ചു. എന്റെ കയ്യിൽനിന്ന് സമ്മാനപ്പൊതി തട്ടിപ്പറിച്ചു ഓടാൻ തുടങ്ങിയവൾ കല്ലിൽ തട്ടി എന്റെ നെഞ്ചിലേക്ക് വീണു. അവളെ പിടിച്ചുയുയർത്താൻ ശ്രമിക്കുമ്പോഴാണ് കാത്തു അമ്പലത്തിൽ നിന്നും ഇറങ്ങി വന്നത്. ഞങ്ങളെ കണ്ടപ്പോൾ അവളാകെ പതറി,കരഞ്ഞു കൊണ്ട് അവൾ അവിടെ നിന്നും ഓടി.

പിന്നാലെ ഞാനും.

പെട്ടന്നാണ് എതിരെ വന്ന ഒരു വാൻ അവളെ ഇടിച്ചുതെറിപ്പിച്ചത്. രക്തത്തിൽ കുളിച്ചു കിടന്നിരുന്ന കാത്തുനെ ആരൊക്കെയോ ചേർന്ന് ആശുപത്രിയിലേക്ക് കൊണ്ടുപോയി. മരിച്ചെന്നു അവിടെ ഉണ്ടായിരുന്ന ആളുകൾ പറയുന്നത് കേട്ടപ്പോൾ ഞാൻ ആകെ തകർന്നു പോയി. അരവിന്ദൻ മാഷിനെയും, അച്ഛനേയും, ഓർത്തപ്പോൾ ആകെ ഒരു മരവിപ്പ്. എങ്ങോട്ടെന്നില്ലതെ ഞാൻ നടന്നു. കിട്ടിയ ഒരു ലോറിയിൽ കയറി ബോംബെയിൽ എത്തി.

കുറേക്കാലം അവിടെയോരോ ജോലി ചെയ്തു. അവിടെ വെച്ചു പരിചയപ്പെട്ട ഒരാൾ വഴി ഗൾഫിൽ ഒരു ജോലി തരപ്പെട്ടുകിട്ടി.

അങ്ങനെ ഞാനും ഒരു പ്രവാസിയായി. നാട്ടിലേക്ക് പോരണമെന്ന് പലപ്പോഴും കരുതിയതാണ്.

എന്നാൽ എല്ലാവരെയും അഭിമുഖീകരിക്കാനുള്ള ധൈര്യമെനിക്കുണ്ടായിരുന്നില്ല. എന്നെ ഗൾഫിൽ വെച്ചു കണ്ട നാട്ടുകാരൻ അധിനെ വിവരം അറിയിച്ചു. അവൻ എന്നെ വിളിച്ചു ഒരുപാട് സംസാരിച്ചു. അവന്റെ നിർബന്ധത്തിനു വഴങ്ങിയാണിപ്പോൾ നാട്ടിലേക്കു വന്നതുപോലും.

'ജീ.. വീടെത്തി'

അധിന്റെ വിളിയാണ് ഓർമ്മകളിൽ നിന്നും എന്നെയുണർത്തിയത്. മുഖമൊന്ന് അമർത്തി തുടച്ചിട്ടു വിറയ്ക്കുന്ന പാദങ്ങളോടെ ജീവ പുറത്തേയ്ക്കിറങ്ങി.

വീട് ആകെ അലങ്കരിച്ചിരിക്കുന്നു.ഒരു കല്യാണ വീടുപോലെ. മുറ്റത്തു പന്തൽ നിറയെ ആളുകൾ.

'എന്താടാ ഇത്..? '

അതിശയത്തോടെ അവൻ ചോദിച്ചു.

അപ്പോഴേയ്ക്കും അച്ഛനുമമ്മയും വന്നു.

' ഇവിടെ ഇങ്ങനെ ഇരുന്നാൽ മതിയോ വേഗം വാ കണ്ണാ.. '

അമ്മ ഓടിവന്നു മകനെ ചേർത്തുപിടിച്ചു.

'ഇതെന്താമ്മേ.. '

വീട്ടിലേക്കു നോക്കിയവൻ ഒരു ചിരിയോടെ അമ്മയോട് തിരക്കി.

‘അതൊക്ക പറയാം നീ വാ..‘ അച്ഛൻ അവനെ ചേർത്തുപിടിച്ചു അകത്തേയ്ക്കു നടന്നു.

മുറിയിൽ എത്തിയ ജീവയോട് അച്ഛൻ പറഞ്ഞു.

‘കണ്ണാ.. ഇന്ന് നിന്റെ കല്യാണമാണ്. വേഗം ഒരുങ്ങി താഴേക്കു വാ.

നിനക്ക് വേണ്ടതെല്ലാം ആ അലമാരിയിലുണ്ട്. ആളുകൾ ഒക്കെയെത്തിക്കഴിഞ്ഞു.വേഗം വേണം.‘


അച്ഛൻ പറഞ്ഞു നിർത്തി.

‘അച്ഛാ..

എന്താ ഈ പറയുന്നേ...ഞാൻ.. എനിക്ക്.... ‘

അവന് എന്തൊക്കെയോ പറയണമെന്നുണ്ടായിരുന്നു എന്നാൽ അച്ഛന്റെ വാക്കുകൾ തീർത്ത ഞെട്ടലിൽ നിന്നും അവനിപ്പോഴും പുറത്തു വന്നിട്ടില്ല.

‘പറയുന്നത് കേൾക്കൂ കണ്ണാ. വേഗം ഒരുങ്ങി താഴേക്കു വാ എല്ലാരും കാത്തിരിക്കുന്നു ‘



അത്രയും പറഞ്ഞു അച്ഛൻ പുറത്തേക്കു പോയി.

മറ്റു വഴിയില്ല എന്നു മനസ്സിലായ ജീവ ഒരുങ്ങി മണ്ഡപത്തിലേക്ക് ചെന്നു. ചുറ്റും നടക്കുന്നത് കണ്ടു അവനാകെ അന്തംവിട്ട് ഇരിക്കുകയാണ്. ഇപ്പോഴും എന്താ നടക്കുന്നതെന്നു അവന് പൂർണ്ണമായി മനസ്സിലായില്ല.

അച്ഛനുമമ്മയും കൂടിയവനെ മണ്ഡപത്തിലേക്കു കൊണ്ടുപോയിരുത്തി.

‘ദേ.. പെണ്ണ് വന്നല്ലോ.‘

ആരോ പറയുന്നത് കേട്ടു ജീവ അങ്ങോട്ട് നോക്കി. അവനു തന്റെ കണ്ണുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല. നവവധുവായി വരുന്നത് കാത്തുവാണ്. അവൻ അമ്പരപോടെ എല്ലാവരെയും നോക്കി. ഒരുവേള സ്വന്തം കണ്ണുകളെപ്പോലും വിശ്വസിക്കാനാവാതെ അവനിരുന്നു.

അവന്റെയായിരുപ്പ് കണ്ട് അച്ഛനും അമ്മയും ചിരിയോടെ പറഞ്ഞുതുടങ്ങി.

‘കണ്ണാ.. അന്ന് കാത്തുവിനു കുറച്ചു പരിക്ക് പറ്റിയതല്ലാതെ മറ്റൊന്നും സംഭവിച്ചിട്ടില്ല മോനെ ‘ അരവിന്ദൻ മാഷ് മകളെ നോക്കി ചിരിച്ചുകൊണ്ട് പറഞ്ഞു.‘ആളുകൾ ഓരോന്ന് പറയുന്നത് കേട്ടു എന്റെ കുട്ടി വെറുതെ ഭയന്നുപോയല്ലേ.. 6 വർഷം ഞങ്ങൾ കുടിച്ച കണ്ണീർ എത്രയെന്നു അറിയോ നിനക്ക്... ‘

അമ്മ അവനെ ചേർത്തുപിടിച്ചു നിറകണ്ണുകളോടെ പറഞ്ഞു. അച്ഛനും അവനെ സങ്കടത്തോടെ നോക്കി.

‘അമ്മേ.. ഞാൻ. ‘

ജീവ വാക്കുകൾക്കായി ഉഴറി.

‘മതി, പഴയകഥയൊക്കെ പിന്നെ. ഇപ്പോൾ കെട്ടു നടക്കട്ടെ.‘ അധിൻ ചിരിയോടെ പറഞ്ഞു.

‘ടാ.. ദുഷ്ടാ അധി.. നിനക്കെങ്കിലും ഒരു വാക്കു പറഞ്ഞു കൂടായിരുന്നോ..? ‘ സുഹൃത്തിനെ നോക്കി പല്ലിറുമിക്കൊണ്ട് ജീവ ചോദിച്ചു.

‘സോറി അളിയാ.. പറഞ്ഞിരുന്നേൽ ഈ കാന്താരി എന്നെ കൊന്നേനെ... ‘ ഒരു ചിരിയോടെ കാവ്യയെ ചേർത്തുനിർത്തിയവൻ പറഞ്ഞു.

ഒരു നിമിഷം ജീവ കാത്തുവിനെ നോക്കി. അവരുടെ മിഴികൾ ഇടഞ്ഞു.

‘ഇത്രയും കാലം എന്നെ വിഷമിപ്പിച്ചതിന്.. ഇത്ര എങ്കിലും ഞാൻ ചെയ്യേണ്ടേ കണ്ണേട്ടാ.

ഇത് ഓർമ്മയുണ്ടോ..?‘ അവൾ തന്റെ വലതു കൈ നീട്ടി കാണിച്ചുകൊണ്ടു പൊട്ടിച്ചിരിച്ചു.

അന്ന് പിറന്നാളിന് കാത്തുവിനായി വാങ്ങിയ മോതിരം. അവൾ ഒരു കള്ളച്ചിരിയോടെ അവനെ നോക്കി.

അവൻ അവളെ നെഞ്ചോടുചേർത്തണച്ചു.

എല്ലാവരുടെയും അനുഗ്രഹത്തോടെ നിറഞ്ഞ മനസ്സോടെ അവരൊന്നായി സുന്ദരമായ ഒരു ജീവകാവ്യം എഴുതുവാനായി...! ●



# മുത്തശ്ശൻ



ഇന്ദു.പി.കെ.

'മുത്തശ്ശാ, ഇപ്പോൾ എവിടെ എത്തി?'

'ഞാൻ എന്നത്തേയും പോലെ നമ്മുടെ പുത്തൻ പള്ളിയുടെ മുറ്റത്ത് ഇരുന്ന് കാറ്റ് കൊള്ളുന്നു:..'

'മതി, മുത്തശ്ശാ, തിരിച്ച് നടക്കാറായില്ലേ?'

'ആ വരട്ടെ, മോളെ.... 10 മിനിറ്റ് ഇരുന്ന് ഇവിടത്തെ കാറ്റ് കൊണ്ടാലേ, മുത്തശ്ശന് സമാധാനം ആവുള്ളൂ, എന്ന് പറയാതെ തന്നെ മോൾക്കറിയാല്ലോ?'

മുത്തശ്ശന്റെ മറുപടി കേട്ട ഉമ, മൊബൈൽ അരികത്ത് വച്ചിട്ട് ചാരുപടിയിൽ വെറുതെ ഇരുന്നു...

ദിവസവും രാവിലെ എഴുന്നേറ്റ ഉടനെ, മുഖം പോലും കഴുകാതെ, ഉമ എന്നും കുറച്ചു നേരം വരാന്തയിൽ വന്ന് ഇരിക്കും...

അത് കുട്ടിക്കാലം മുതലേ, അവൾ അങ്ങനെയാണ്...

കിളികളുടെ കലപില ശബ്ദവും കേട്ട് കുറച്ചു നേരം വെറുതെ അങ്ങനെ...

അവളുടെ മുത്തശ്ശൻ എന്നും വളരെ ആക്ടീവ് ആയിരുന്നു... മുത്തശ്ശൻ, എന്നും വൈകുന്നേരങ്ങളിൽ അമ്മമ്മയെയും കൊണ്ട് നടക്കാനിറങ്ങും ... വഴിയിൽ കാണുന്ന എല്ലാവരോടും നാട്ടു വിശേഷങ്ങളൊക്കെ അന്വേഷിക്കും... നാട്ടിലെ എല്ലാവരോടും , പ്രായഭേദമന്യേ, ലിംഗഭേദമന്യേ, ഒരേ രീതിയിൽ പെരുമാറുന്ന മുത്തശ്ശനെ എല്ലാവർക്കും ഒരു പാട് ഇഷ്ടമായിരുന്നു...

ജോലിയിൽ നിന്നും വിരമിച്ചതിന് ശേഷം, രാവിലെ കൂട്ടുകാരോടൊത്തും മുത്ത

ശ്ശൻ നടക്കാനിറങ്ങിത്തുടങ്ങി ... വീട്ടിൽ നിന്ന് 5 കി.മീ ദൂരെയുള്ള തേക്കിൻകാട് മൈതാനം വരെ മുത്തശ്ശൻ നടക്കും... അതിനു ശേഷം, വടക്കും നാഥന്റെ പടിഞ്ഞാറെ ഗോപുരനടയിലുള്ള ആൽച്ചുവട്ടിൽ കുറച്ച് വിശ്രമം... അര മണിക്കൂറിന് ശേഷം തിരിച്ചുള്ള നടത്തം... പലപ്പോഴും പുത്തൻ പള്ളിയിലെ മുറ്റത്തും ഉള്ള വിശ്രമം...

ഇതായിരുന്നു, മുത്തശ്ശന്റെ ദിനചര്യ...

ഇപ്പോൾ 80 കഴിഞ്ഞ മുത്തശ്ശൻ, മുൻപത്തെ പോലെ തന്നെ ഊർജ്ജസ്വലനാണ്.... കാലത്തുള്ള നടത്തവും അമ്മമ്മയോടൊപ്പം ഉള്ള സായാഹ്ന സവാരിയും, മുറയ്ക്ക് തന്നെ നടക്കുന്നുണ്ട്...

പക്ഷേ, കോവിഡ് 19 എന്ന മഹാമാരി എല്ലാറ്റിനേയും മാറ്റി മറയ്ക്കുകയായിരുന്നു...

സദാ സമയവും ഊർജ്ജസ്വലനായ മുത്തശ്ശന് വീട്ടിൽ തന്നെ ഒതുങ്ങിക്കൂടേണ്ടി വന്നു...

എല്ലാ മാസവും റേഷൻ കടയിൽ കിറ്റ് വാങ്ങാൻ പോകുന്നതാണ്, മുത്തശ്ശന്റെ ഏക ആശ്വാസം... അതിനെ വിലക്കാൻ അമ്മമ്മയ്ക്കോ, അവൾക്കോ പറ്റിയിരുന്നില്ല...

ഉമയുടെ ക്ലാസ്സുകൾ എല്ലാം ഓൺലൈനാക്കി... ഹോസ്റ്റലിൽ താമസിച്ചിരുന്ന അവൾ എത്രയും പെട്ടെന്ന് , വീട്ടിലേക്ക് തിരിച്ചെത്തി... ഹോസ്റ്റലിലെ ഭക്ഷണം, അവൾക്ക് അത്രയധികം മടുപ്പുളവാക്കിയിരുന്നു...

പഠനം ഓൺലൈനായതോടു കൂടി, ഉമയുടെ രാവിലെയുള്ള വരാന്തയിലെ ഇരിപ്പിന്റെ സമയം കൂടിയതേ ഉള്ളൂ... 7 മണിക്ക് എഴുന്നേറ്റാൽ തന്നെ ധാരാളം സമയമാണ്... 9 മണിക്കാണ് ക്ലാസ്സ് തുടങ്ങുന്നത് ... അവൾ, കുളി കഴിഞ്ഞ് അമ്പലത്തിൽ പോയി വരുമ്പോഴേക്കും മുത്തച്ഛൻ, കാലത്തെ നടത്തവും കഴിഞ്ഞ് എത്തിയിട്ടുണ്ടാകും...

നടത്തം കഴിഞ്ഞു വന്നാൽ മുത്തച്ഛന് ഒരു ചായ വേണം... അപ്പോഴാണ് അവളുടെ കോഫി വിത്ത് ബ്രേക്ക് ഫാസ്റ്റ്... ഉമ എന്നും ഒരു കോഫി പ്രിയയായിരിന്നു ...

മുത്തശ്ശനുള്ള ചായയും അവൾക്കുള്ള കാപ്പിയുമായി അമ്മമ്മയും അവരുടെ കൂടെ ഇരിക്കും, മുത്തച്ഛന്റെ അന്നത്തെ വിശേഷങ്ങൾ കേൾക്കുവാനായി... പതിവു പോലെ മുത്തച്ഛൻ, തന്റെ ചായയുടെ ഒരു പങ്ക് അമ്മമ്മയ്ക്ക് കൊടുക്കും...

മിക്കവാറും മൊബൈലിൽ ഇരിക്കുന്ന ഉമയെ കാണുമ്പോൾ, മുത്തച്ഛന് പലപ്പോഴും ഒരു കുസൃതി തോന്നാറുണ്ട് ...

'ഇത് ഞാനും ഒന്ന് ഉപയോഗിച്ച് നോക്കിയാലോ....'

ഒരു ദിവസം ഉമയുടെ ഫോൺ കൈയിൽ എടുത്തു കൊണ്ട് മുത്തശ്ശൻ പറഞ്ഞു...

'എനിക്കും ഇതൊന്ന് തോണ്ടാൻ പഠിപ്പിച്ചു തര്യോ...'

കൊച്ചു കുട്ടികളെ പോലെയുള്ള മുത്തശ്ശന്റെ നിഷ്കളങ്കമായ ചോദ്യം കേട്ട് അവൾ പറഞ്ഞു...

'വല്യമ്മയോട് പറഞ്ഞ് ഒരു ച്ചെ് സ്ക്രീൻ മൊബൈൽ വാങ്ങിത്തരാൻ പറയാം, ട്ടോ...'

ഇതായിരുന്നു അവളുടെ മുത്തശ്ശൻ...

രണ്ടു മൂന്ന് മാസങ്ങൾ വീട്ടിൽ ഇരുന്ന ഉമയ്ക്ക് വല്ലാത്ത മടുപ്പ് തോന്നിത്തുടങ്ങി...അവൾ, വീണ്ടും സംഗീത ക്ലാസ്സിന് ചേർന്നു...

മാഷുടെ അമ്മയ്ക്ക് ഏകദേശം 70 വയസ്സ് ആയിക്കാണും... അവർക്ക് ഉമയെ വലിയ ഇഷ്ടമായിരുന്നു...

പലപ്പോഴും, പാട്ട് മാഷ് പുറത്ത് പോയി വരാൻ താമസിക്കുന്ന ദിവസങ്ങളിൽ, മാഷുടെ അമ്മ അവൾക്ക് കാപ്പിയും ദോശയും ചട്ണിയും കൊടുക്കും...

ഒരു ദിവസം മാഷുടെ അമ്മ അവളോട് ചോദിച്ചു...

ഉമയും അനിയത്തിയും കൂടി, പുത്തൂര് സ്കൂളിൽ നിന്ന് നടന്നല്ലേ വരാറുള്ളത് ? എനിക്ക് ഇപ്പോഴും ഓർമ്മയുണ്ട്, ട്ടോ...

ഉമയ്ക്ക് ആ ചോദ്യത്തിൽ എന്തോ ഒരു പന്തികേട് തോന്നി...

അല്ല, അമ്മേ... അത് എന്റെ അമ്മയും വല്യമ്മയും ആണല്ലോ... ഞാൻ ദേവിയുടെ മകൾ, ഉമ...

അവൾ മാഷുടെ അമ്മയ്ക്ക് തിരുത്തി

ക്കൊടുത്തു...

പെട്ടെന്ന് അമ്മയ്ക്ക് തന്റെ അബദ്ധം മനസ്സിലായി...

ആ, ശരിയാ ട്ടോ... പെട്ടെന്ന് എന്തോ എനിക്ക് ഓർമ്മ വന്നില്യ... പ്രായായില്ല്യേ, കുട്ട്യേ...

അവൾ ഓർത്തു...

'മാഷുടെ അമ്മയ്ക്ക് മുത്തശ്ശനേക്കാൾ പത്തോ, പതിനഞ്ചോ വയസ്സ് കുറവാണല്ലോ....'

'ഈശ്വരാ, തന്റെ മുത്തശ്ശനും അമ്മമ്മയ്ക്കും ഒക്കെ ഇതു പോലെ ഓർമ്മക്കുറവ് വരുമോ?'

പലപ്പോഴും ഈ ചിന്ത അവളെ അലട്ടുവാൻ തുടങ്ങി...

കോവിഡിന്റെ താണ്ഡവം ഒന്നൊതുങ്ങിയപ്പോൾ, മുത്തശ്ശൻ മുൻപത്തെ പോലെ പ്രഭാതസവാരി തുടങ്ങി... പക്ഷേ, പണ്ടത്തെ പോലെ ഇപ്പോൾ കൂട്ടുകാരൊന്നും ഇല്ല...

ഇല്ലാതെയല്ല... ഇപ്പോൾ പ്രായമായവർക്കൊന്നും മുൻപത്തെ പോലെ സ്വാതന്ത്ര്യം കുറവാണ്... ഇല്ലെന്ന് തന്നെ പറയാം... കോവിഡ് വന്നപ്പോൾ ഉണ്ടായ നിയന്ത്രണങ്ങൾ..... ഇപ്പോഴും പലർക്കും, വീടിന് പുറത്തിറങ്ങാൻ പോലും , മക്കളുടെ അനുവാദം കിട്ടിയിട്ടില്ല...

മുത്തശ്ശനാണെങ്കിൽ കുറച്ച് വാശി ഉള്ള പ്രകൃതക്കാരനാണ്...

'ഞാൻ മാസ്ക് ഇട്ടിട്ടല്ലേ പോകുന്നത്? പിന്നെന്തിനാ പേടിക്കുന്നെ? ആരോടും അധികം സംസാരിക്കാനും നിൽക്കാറില്ലല്ലോ...'

ഇങ്ങനെയാണ് ന്യായീകരണം...

അതു കൊണ്ട് തന്നെ, അവളുടെ അമ്മമ്മയും അമ്മയും, മുത്തശ്ശന്റെ പ്രഭാത സവാരിക്ക് തടസ്സം പറയാനും മുതിർന്നിരുന്നില്ല...

ചിന്തകളിൽ നിന്നും ഉണർന്ന ഉമ, മൊബൈൽ എടുത്ത് നോക്കി...

'സമയം 9 മണി ആവാറായല്ലോ?'

'മുത്തശ്ശൻ ഇത്ര നേരമായിട്ടും എന്തേ തിരിച്ചു വരാത്തത്? ഇനി പരിചയക്കാരെ കണ്ട് സംസാരിച്ചിരിക്കുന്നുണ്ടാകുമോ?'

അവൾക്ക് വല്ലാത്ത വേവലാതിയായി..

വീണ്ടും മൊബൈൽ എടുത്ത് മുത്തശ്ശന്റെ നമ്പറിൽ വിളിച്ചു...

'മുത്തശ്ശാ, ഇതുവരെ അവിടെ നിന്നും തിരിച്ചു നടക്കാൻ തുടങ്ങിയില്ലേ?'

'ഏ...ഞാൻ, ഞാൻ... ഞാനോ?'

'ഞാൻ എവിടെയാണെന്ന് മനസ്സിലാവ്ണില്യല്ലോ, കുട്ട്യേ...'

'എന്താ, മുത്തശ്ശാ ഈ പറയണേ?'

'തിരിച്ച് വീട്ടിലേക്ക് നടന്നു തുടങ്ങിയില്ലേ?'

'എനിക്ക് ഒന്നും മനസ്സിലാവ്ണില്യല്ലോ, കുട്ട്യേ...'

'മുത്തശ്ശാ, മുത്തശ്ശാ....'

മുത്തച്ഛന്റെ മറുപടിയിൽ എന്തോ പന്തികേട് തോന്നിയ അവൾ, പരിഭ്രമത്തോടെ അമ്മയെ വിളിച്ചു ...

'അമ്മേ, അമ്മേ....'

'എന്താ, മോളേ?'

'മോള് വല്ലാതെ വിയർത്തിരിക്കുന്നുവല്ലോ?'

'എന്താ,എന്തെങ്കിലും കണ്ട് പേടിച്ചുവോ?'

ആരുടെയോ ശബ്ദം കേട്ട്, അവൾ കണ്ണു തുറന്നു...

മുൻപിൽ മുത്തശ്ശൻ നിൽക്കുന്നു...

'എന്താ മോളേ, ഉറക്കം മതിയായില്ലേ?'

'വരാന്തയിൽ ഇരുന്നാണോ ഉറങ്ങുന്നത്?'

മുത്തച്ഛൻ അവളെ ചേർത്തു പിടിച്ചു കൊണ്ട് പറഞ്ഞു,

'മോൾ വേഗം പല്ലു തേച്ച് വന്ന്, കാപ്പി കുടിക്കാൻ വാ... ഞാൻ നിനക്ക് ഇന്നത്തെ വിശേഷങ്ങൾ പറഞ്ഞു തരാം...'

അപ്പോഴാണ്, താൻ കണ്ടത് വെറുമൊരു ദു:സ്വപ്നമായിരുന്നുവെന്ന യാഥാർത്ഥ്യം അവൾക്ക് മനസ്സിലായത്...

മുത്തശ്ശന്റെ ആയുരാരോഗ്യത്തിന് വേണ്ടി, തൃക്കൂരപ്പനെ പ്രാർത്ഥിച്ചു കൊണ്ട് അവൾ വാഷ് ബേസിനടുത്തേക്ക് നടക്കുമ്പോൾ, അന്നത്തെ പത്രം വായിച്ചു കേൾപ്പിക്കാനായി , മുത്തശ്ശൻ അടുക്കളയിൽ ബ്രേക്ക് ഫാസ്റ്റ് ഒരുക്കിക്കൊണ്ടിരുന്ന, അമ്മമ്മയുടെ അരികിലേക്ക് നടന്നു....

# നിമിഷം



വാനിൽ നിന്നും ഒരു
മഞ്ഞ സൂര്യൻ മെല്ലെയിറങ്ങി വരുന്നു.
ശുഭ്രവികാരങ്ങളുടെ
ഊഷ്മളനിശ്വാസങ്ങളിലേക്ക് ഒരുഭ്രാന്തൻ
സ്വപ്നവുമായി കടന്നുവരുന്നു.
വിദൂരതയിലൊരു കൊള്ളിയാൻ
വസന്തത്തിന്റെ അടർന്നു വീണ വർണ്ണദളങ്ങളിൽ
ഒരു ഹർഷമായി ഉണരുന്നു
വെറുങ്ങലിച്ച മോഹങ്ങളിൽ
ഹേമന്തംമഞ്ഞുപൊഴിക്കുന്നു.
രാവിന്റെ ഇടനാഴികളിൽ
മരണം കമിഴ്ന്നു കിടക്കുന്നു.
വിശുദ്ധിയുടെ പറുദീസകളിൽ
വിവശതയായും
ഇടറുന്ന മനസ്സുകളിൽ
കാരുണ്യത്തിന്റെ ഉറവയായും
കത്തുന്ന കണ്ണുകളിൽ
ആർദ്രതയുടെ നനവായും
ഇന്ദ്രിയങ്ങളിൽ ഇന്ദ്രജാലമായും
പച്ചനിറമാർന്ന മഴ ഇരമ്പിപ്പെയ്യുന്നു..



**കെ.ആർ ജോൺസൺ**



# ഒരു വാക്ക്

കവിത

എന്നും നടന്നിടും വഴികളിലെവിടെയോ
എന്നോ ഒരിക്കൽ നാം കണ്ടു
പിന്നിടും പാതയിൽ പിന്നെ പരസ്പരം
പിന്നേയും പിന്നേയും കണ്ടു

ഒന്നുമുരിയാടാതെത്രയോനാളുകൾ
ഒരുമിഴിനോട്ടമെറിഞ്ഞു
പിന്നെ കടന്നുപോകുന്നോരു വേളയിൽ
പുഞ്ചിരിമൊട്ടും വിടർന്നു

ഒരുദിനം കാണാതിരിക്കുവാൻ വയ്യാത്ത
ഒരു മൂകപ്രണയമായ് തീർന്നു
എന്നിട്ടുമെന്നിട്ടും ഒരുവാക്കു ചൊല്ലാതെ
എത്രയോ കാലം നടന്നു

വഴിയിലെ പൂമരച്ചില്ലയിൽ പലകുറി
തളിരിട്ടു പിന്നെ കരിഞ്ഞു.
വേനലും വർഷവും ഹേമന്ത ശിശിരവും
വേഗത്തിലോടിമറഞ്ഞു

ഒരുദിനംവഴിയിൽ പരസ്പരം കാണവെ
ആദ്യമായെന്നോടു ചൊല്ലി
''അവസാനയാത്രയാണീ മൗനവഴികളിൽ
ഇനി നമ്മൾ കാണുകയില്ല! ''

മിഴിയിൽ പൊടിയുമീയശ്രുബിന്ദുക്കളെ
മെല്ലെത്തുടച്ചവളോതി
''നാളെ ഞാൻ പോകുന്നു, ദൂരദേശത്തേയ്ക്കു-
കാണുമോയിനിയറിയില്ല"

ഒരുവഴിയിരുവഴിയായി പിരിയവേ
മനമൊന്നു തേങ്ങി ഞാൻ ചൊല്ലി
"ഒന്നുചോദിക്കട്ടെയെന്നെ നീയോർക്കുമോ?
നിന്നെഞാൻ സ്നേഹിച്ചിരുന്നു !



കൃഷ്ണകുമാർ മാപ്രാണം

കവിത


# ഇപ്പോൾ പറന്നകലുന്നത് വെളുത്ത പക്ഷികളാണ്

രാത്രിയാണു ഞാൻ വന്നത്
ഒറ്റയടിപ്പാത കടന്ന് ....
നാളുകളായി ഒരേ കാഴ്ച
ജനലിലൂടെ കണ്ടുകണ്ട്
തിരിഞ്ഞും മറിഞ്ഞും
കിടന്ന്,
പറവകളെയും പുഴുക്കളെയും പറ്റി
ചിന്തിച്ച്
ഈആശുപത്രിയിൽ ...
എല്ലാവരും
കിടക്ക ഉപേക്ഷിച്ച്
ഇടനാഴിയിലൂടെ നടന്നും
ചിരിച്ചും കരഞ്ഞും
കിളികളെ വായിച്ചും
സമയം പോക്കുന്നു.
ഞാൻ മാത്രം രോഗി!

നീ പറയൂ ....
എന്റെ അസുഖം മാറിയെന്ന്
ലോകത്തിലെ
എല്ലാ വേദനകളും
സ്വപ്നങ്ങളായ് മാറിയെന്ന് !
എന്റെ വിരൽ തിന്നു തീർക്കാൻ
ഏതോ ജീവി ഒളിച്ചിരിപ്പുണ്ട് .
എല്ലിൻ കഷണത്തിനു വേണ്ടി
രാവിലെ തന്നെ നായകൾ
കടിപിടി തുടങ്ങിക്കാണും
സന്ധ്യയായാൽ പിന്നെ യുദ്ധമില്ല.!
ഓരോരുത്തർക്കും
ഓരോ താവളം
രാത്രി വരുന്നതും കാത്ത്
സ്വപ്നത്തിന്റെ കൈകളിൽ
എല്ലാ വേദനകളും
ഒരുങ്ങിയിരിപ്പുണ്ട്.
ഒറ്റയടിപ്പാതയിലൂടെ
ആരോ വരുന്നു ;
എന്റെ കിടക്ക സ്വന്തമാക്കാൻ !
നോക്കൂ
ഇപ്പോൾ പറന്നകലുന്നത്
വെളുത്ത പക്ഷികളാണ് .....




**ഉണ്ണിക്കൃഷ്ണൻ മുതുകുളം**



കവിത

# അവളുടെ കിടപ്പുമുറി



അവളുടെ കിടപ്പുമുറിക്കെപ്പോഴും
തണുത്തുറഞ്ഞ ചാരത്തിന്റെ
നരച്ച നിറമാണ്...
പ്രതീക്ഷയുടെ അവസാന കനലും
കെട്ടടങ്ങി നിരാശ നിഴലിക്കുന്ന
തിമിരത്തിന്റെ അതേ ചാര നിറം!

അവിടമെപ്പോഴും കുത്തിനിറച്ച
നോവോർമ്മകളുടെ ഗന്ധമാണ്...
പൊടിപ്പിടിച്ച കിനാവുകളുടേയും
മാറാല കെട്ടിയ പുഞ്ചിരിയുടേയും
ക്ലാവ് പിടിച്ച സന്തോഷങ്ങളുടേയും
മടുപ്പിക്കുന്ന മണം!

അവളുടെ കിടപ്പുമുറിക്കെപ്പോഴും
കൈപ്പു നിറഞ്ഞ ഉപ്പു രുചിയാണ്...
തളർന്നു മയങ്ങാൻ നേരവും
വരിഞ്ഞു മുറുക്കി പിഴിഞ്ഞെടുക്കുന്ന
വിയർപ്പു കണങ്ങളുടെയും,
മിഴിനീരാഴങ്ങളിൽ നിന്നും നീറ്റി
കുറുക്കിയെടുത്ത ഉള്ളുരുക്കങ്ങളുടേയും
കട്ടിയുള്ള ഉപ്പു രുചി!

അവളുടെ കിടപ്പുമുറിക്കെപ്പോഴും
അടക്കിപ്പിടിച്ച വിതുമ്പലുകളുടെ സ്വരമാണ്...
നഷ്ട സ്വപ്നങ്ങളുടെ നെടുവീർപ്പുകളും
ഒറ്റപെട്ടുപോയതിന്റെ നിലവിളികളും
അടക്കി പിടിച്ച തേങ്ങലിന്റെ സ്വരം!

അവളുടെ കിടപ്പുമുറിക്കെപ്പോഴും
മരവിച്ച മോർച്ചറിയുടെ നീലിച്ച ഭാവമാണ്...
അമാവാസി രാത്രികളുടെ നിഗൂഢതയാണ്...
ഒരിറ്റു മിന്നാമിനുങ്ങിന്റെ വെട്ടം പോലും
കൂട്ടിനില്ലാത്ത ഭീതിയുടെയും,
പല്ലിളിച്ചു കാട്ടുന്ന കൂർത്ത നോട്ടങ്ങളുടെയും
അസഹനീയമായൊരു നിഗൂഢ ഭാവം!

എങ്കിലും
കുഞ്ഞു പ്രണയത്തിന്റെ വെളുത്ത
നിശാഗന്ധി പൂവുകളും
വിട്ടുകൊടുക്കലിനാൽ നിറഞ്ഞു
കത്തുന്നൊരു സ്നേഹ വിളക്കും
സഹനത്തിന്റെ മഹാ രൂപത്തോടൊപ്പം
അവിടെ അതിജീവിക്കുന്നുണ്ട്.



ഷബ്ന അബൂബക്കർ

# കറുത്ത പൂച്ചകൾ



കറുത്ത നിറമുള്ള പൂച്ചകൾ
ഇടയ്ക്കിടെ
മതിലിനു മുകളിലൂടെ
ഉലാത്തുന്നു
പുരപ്പുറത്തുകയറുന്നു
മുറ്റത്തും
പുമുഖത്തും
തിണ്ണയിലും
ഒരു കൂസലുമില്ലാതെ
വഴിയടഞ്ഞു കിടക്കുന്നു
തക്കം കിട്ടിയാൽ
അടുക്കളയിൽ
കയറിപറ്റുന്നു
എത്ര ആട്ടിയോടിച്ചാലും
പിന്നേയും വരും
തുറിച്ചുനോക്കും
കാത്തിരുപ്പാണ്
കട്ടുതിന്നാൻ
അടുക്കളയിലൂടെ
അത്
അകത്തേയ്ക്കും
കിടപ്പറയിലേയ്ക്കും
വന്നാലോ എന്നാണ് ഭയം !
വെറുപ്പാണ്
ഈ കറുത്ത പൂച്ചകളെ



അശ്വതി. വി. വി.

# പൊരുൾ



ശിവൻ തലപ്പുലത്ത്

പല്ലിൽ വിഷം നിറച്ച്
ഈഴഞ്ഞിഴഞ്ഞ്
വരുന്നുണ്ട്
വിഷപാമ്പുകൾ

പല്ലിളിച്ചു പൂരപുറപ്പാടിന്
കോപ്പുക്കൂട്ടുന്നുണ്ട്
ഒളികണ്ണുകൾ


ഒരിറ്റു വറ്റിന്റെ
ഗീർവാണം
മുഴക്കുന്നുണ്ട്
നവരാജാവ്

ആർപ്പുവിളികൾ
ആഘോഷമാക്കുന്നുണ്ട്
രാജക്കിങ്കരൻമാർ

ഇരുട്ടിന്റെ നിഴലിനും
വിലപ്പറയുന്നുണ്ട്
തൂവെള്ളകല്പനകൾ


ആരെയോ തിരയുന്ന
നിലവിളികൾ
അരങ്ങു തകർക്കുന്നുണ്ട്

മേളം കൊഴുപ്പ് കൂട്ടിക്കൊണ്ട്
അരങ്ങൊരുക്കുന്നുണ്ട്
പോലും



കവിത

# സദാചാരം



ഹണി ഹർഷൻ

വായിച്ചുകൊണ്ടിരുന്ന
വിശ്വസാഹിത്യത്തിൽ നിന്ന്
കണ്ണെടുത്തുകൊണ്ട് ഞാൻ
ജനൽ പടിയിലേക്ക് ഒന്നുകൂടെ നോക്കി

ഇല്ല പോയിട്ടില്ല
അതുങ്ങൾ അവിടെത്തന്നെയുണ്ട്

പുസ്തകങ്ങളുടെ മറവിൽ
വലിയ സല്ലാപത്തിലാണ്


കുറച്ചു കഴിഞ്ഞു ഒന്നുകൂടെ നോക്കി

ഇതിനൊന്നും ഉറക്കമില്ലേ എന്ന് ഞാൻ....

വായന നിർത്തി.. ജനൽ പാളി വലിച്ചടച്ചു..

മനപ്പൂർവം ആയിരുന്നില്ല..
കൊല്ലണമെന്ന് കരുതിയതല്ല..
പല്ലിച്ചെറുക്കൻ പാളികൾക്ക് ഇടയിൽ
അമർന്ന് ഞെരിഞ്ഞു പോയി..

അവൾ വാലു മുറിച്ച് പ്രതിഷേധം
അറിയിച്ചു കൊണ്ട്
എങ്ങോട്ടോ ഓടി..



അതിന്റെ വിധി.. അല്ലാതെന്താ..

എങ്കിലും അതുതന്നെ ഓർത്തു കിടന്നു..
എങ്കിലും അവർ എന്തായിരിക്കും
പറഞ്ഞുകൊണ്ടിരുന്നത്..

ഇളം മഞ്ഞപ്പൂക്കളുള്ള
താഴ്‌വരയിൽ,
പല്ലികളുടെ സൗഹൃദം..
പല്ലികളുടെ പ്രണയം..
പല്ലികളുടെ വഴക്ക് ..
പല്ലികളുടെ പരിഭവം..

എപ്പോഴോ പതിയെ ഉറങ്ങിപ്പോയി..
ഉറക്കത്തിൽ ഒരു കൂട്ടം പല്ലികൾ
ചത്ത പല്ലിയുടെ ജഡവുമായി
എന്റെ പെരുവിരൽ വഴി
കണ്ണുകളിലേക്ക് മാർച്ച് ചെയ്യുന്നു..

ഞാൻ വിക്കി വിക്കി പറഞ്ഞൊപ്പിച്ചു..
ഞാനൊന്നും അറിഞ്ഞതല്ല..
അസമയത്ത് പെൺ സുഹൃത്തുമായി
കണ്ടതിനാൽ
ആൾക്കൂട്ട മർദ്ദനമായിരുന്നു പോലും..

കൂട്ടത്തിൽ ഒരുത്തി ഒറ്റക്കടിയ്ക്ക്
എന്നെ കൊന്നു കളഞ്ഞു.

പിറ്റേന്ന് നീലിച്ചു വിറങ്ങലിച്ചു കിടക്കുന്ന
എന്റെ ശരീരം കണ്ട്
നിങ്ങൾക്ക് തോന്നിയേക്കാം,
ഒരു പല്ലിക്കയ്ക്കൊക്കെ ഇത്രയും
വിഷം ഉണ്ടാകുമോ..??

അതിലും അധികം മാരകവിഷമുള്ള
മനുഷ്യരുണ്ടെന്ന്
ഞാൻ പറഞ്ഞാൽ
ചിലപ്പോൾ നിങ്ങൾ
അംഗീകരിക്കില്ലേ...???

# മൂന്നാം മരണം

കവിത



രാജലക്ഷ്മി മഠത്തിൽ

 വിടരുന്ന യൗവനം മാന്തി കീറി,
കനവിന്റെ കൂടിൽ വീണടിയുന്ന
ആദ്യ മരണത്തിന് തീച്ചൂളയുടെ നിറമാണ്.
കറുത്ത ചാരം മൂടിയ മരങ്ങൾക്കിടയിൽ
തുറിച്ച കണ്ണുകളിൽ മരണത്തിന്റെ
ഈച്ചകൾ വട്ടമിട്ടു പറക്കും.
 ജ്വാലകൾ പടർത്തിയ കാട്ടിലെ തീ
നാമ്പിൽ കത്തി തീരാത്ത പകയുടെ
ഞരമ്പുകൾ തെറിച്ചു വീഴും.
സുകൃതാക്ഷരങ്ങൾ അലറിക്കരഞ്ഞ
രാവുകളിൽ കണ്ണീർത്തടം കെട്ടി
ഞരമ്പുകൾ വീർത്തിരിക്കും.
 പാതി മരണത്തിന്റെ മുറിയുന്ന
ചില്ലകളിൽ തേങ്ങുന്ന രാപ്പാടി
ചിറകുയർത്തി പറക്കും.
 രണ്ടാം മരണത്തിന്റെ ശവമഞ്ചത്തിനരികെ,
മരുഭൂമിയിലെ ഉഷ്ണക്കാറ്റിൽ, ഒറ്റപ്പെട്ട
മുൾച്ചെടിയിൽ നീറിപ്പുകയുന്ന കാറ്റിൽ,
നിശ്വാസത്തിന്റെ ഏകാന്തതാളം. പുകമറയ്ക്കുള്ളിൽ,
തീക്കാറ്റു പറ്റുന്ന ദൈന്യത.
ചാവുകടലിൻ തീരങ്ങളിൽ ശൂന്യമാകുന്ന
പൊള്ളത്തരങ്ങളിൽ, മുങ്ങിത്താഴാനാവാത്ത നിസ്സംഗത.
 മരണം കാത്തുകിടക്കുന്ന അന്തരാള
ജന്മങ്ങളിൽ വിരഹത്തിന്റെ തേങ്ങൽ.
തീരാനോവ് കനംവച്ച, മാറാല
കൂട്ടിലെ മൂടപ്പെട്ട മൗനക്ഷരങ്ങൾ.
നിലാവിനൊപ്പം പെയ്തിറങ്ങുന്ന,
ചിന്താക്ഷരങ്ങളിൽ അവസാനിക്കാത്ത നനവ്.
 മൂന്നാം മരണത്തിന്റെ കണ്ണിൽ
വേനൽ അരിഞ്ഞിട്ട, നിറമുള്ള പച്ചിലകൾ.
 മരണത്തിന്റെ കണ്ണിലേക്ക് കറുത്ത
ചിറകുകൾ വീശി, മരണപ്പാട്ടുമായി തണുത്ത കൈകൾ .
 കാലം കാത്തിരിക്കുന്ന വീഴ്ചയുടെ
ഇലത്താളിലേക്ക്, മരണത്തിന്റെ മൂന്നാം കണ്ണ്.



# പൊട്ടിയ കുപ്പിവളകൾ

കവിത



നിബിൻ കള്ളിക്കാട്

ഒടുവിലെവാർത്തയും അവളുടെയാകുന്നു
അതിലൂടവൾ പിന്നെയോ ദുർബലയാകുന്നു,
അതിലൊരു വേട്ടക്കാരനുന്നം പിഴക്കാതെ
ഇരയുടെ മാംസത്തിൽ വിശപ്പാറ്റിനിൽക്കുന്നു ...
എവിടെയോ നീതിക്കിരതേടി നോക്കുന്നൊരാ
വാർത്തകളന്ധമായി നിത്യവും കാണുന്നു,
തെരുവിൽ രാത്രിയിലൊറ്റയ്ക്കൊരാൽ മര -
നിഴലുകൾ പോലുമിന്നവളെ വരയ്ക്കുന്നു,
ഇന്നലെയേതോ കുടിലിൽ നിന്നൊരു തുള്ളി -
വെള്ളത്തിനായിവിടം തേടി വന്നതുമാകാം,
തെളിവിന്നൊരു സാക്ഷി കുപ്പിവളപ്പൊട്ടുകൾ -
ചിതറിക്കിടക്കുന്നതും രക്തത്തിൽ മാത്രം ,
അരവയറെരിയുമ്പോൾ അറിയാതെയവളുടെ
കൈവിരലൊരുപൊതിക്കായി നീണ്ടതുമാകാം ,
ഒടുവിൽ വിശപ്പറ്റു നിലച്ചൊരീ ജഡത്തിലെ
നിയമത്തിൻ ക്രൂരത ചുമടിലൂടൂർന്നതുമാകാം,
അറിയാത്തൊരുവന്റെ സ്നേഹത്തിനൊരു
വിശപ്പിന്റെ മരണത്തിൻ നിലവിളിയുമാകാം,
വന്യവേട്ടകളിരയായി നീളുന്ന നിയമത്തിലൊരു
പിടയുന്ന തുടിപ്പിലിന്നലെ തെറിച്ചതുമാകാം,
അകലെയൊരു ഭീകര നിലവിളികൾക്കപ്പുറം
ആശ്വാസവാക്കിൽ പൊട്ടിത്തെറിച്ചതുമാകാം,
ഉടയരില്ലാത്തവർ ദുർവ്വിധിയേതുമാകാം,
ഇന്നവൾ സ്വസ്ഥതയോടുറങ്ങുന്ന മണ്ണിൽ
അമ്മതൻ ഭീതിയുറങ്ങാതെ കാവലുമാകാം,
ഇന്നാകിലെന്തുനാളെയാകിലുമെന്തെന്നു ചിന്തിച്ച
പിന്നത്തെനാൾ നിൻ മക്കളിലൊരുവളുമാകാം
അന്നു കാണുന്നോരീ വളപൊട്ടവളുടെതാകാം,
ഏറെ പ്രിയപ്പെട്ട സുഹൃത്തേയീ ദുർവ്വിധിയൊന്നു
ക്രൂരമാണെന്ന് പറയുന്നതിൻ മുൻപൊരു വട്ടം
ഏറുക കയ്യിലായുധം വേട്ടക്കാരന്റെ ജീവന് -
അവസാനമെഴുതി ചരിത്രം തിരുത്തുവാൻ
ഇനിയൊരുമുഖമോർത്തു കരയാത്ത വീട്ടിൽ
കുപ്പിവളക്കിലുക്കങ്ങൾ പൊട്ടിച്ചിരിക്കുവാൻ,
ഉയരുന്നയിരയുടെ ചരിത്രത്തിൽ പേരുകൾ
വേരുകളില്ലാതെ വെട്ടിത്തകർക്കുവാൻ...!.



കവിത

# മിഴിനീർ തുള്ളികൾ



കയ്യുമ്മു കോട്ടപ്പടി

ഒരു നിമിഷമെങ്കിലും
നീയെനിക്കായ്
വിടർന്നിരുന്നെങ്കിലെന്ന്
ഞാനാശിച്ചു പോയ് സഖേ ..
കടുത്ത വിഷാദചിന്തയിൽ
നിന്നെയും കാത്ത് ഞാനീ
മൺകുടിലിൽ കാത്തിരിപ്പതായ് .....

നനഞ്ഞു കുതിർന്നൊരു
തൂവൽപ്പക്ഷിയായ്....
ഇരിപ്പതായ് ....
എൻ ചിരി ഞാനെന്നേ
മായ്ച്ചു കളഞ്ഞരോർമ്മ -
യെന്നിൽ നിറയുന്നുണ്ടല്ലൊ
സഖേ .....

എൻ വിരലിനാൽ ചേർന്ന
നിൻ മുഖം എന്റെ കവിതയിൽ ഞാനെന്നേ
പുതപ്പിച്ചിരുന്നു ....
കടുത്ത വിഷാദച്ചിരിയിലും
മൂകമായ് പാടി രസിച്ചു പോയ് ....
ആഴങ്ങളിൽ മുങ്ങി എൻ
പ്രാണനാരും എടുത്തില്ലയെങ്കിലിനിയും
ഞാനീ നദീ തീരത്തെ
മൺകുടിലിന്നരികെ
മിഴിനീർ തൂവാതെ
നോക്കി നിന്നിടാം



# നിളാനദി കേഴുന്നു



അവളൊരു നദിയായിരുന്നു
അവൾ സ്വച്ഛന്ദം ഒഴുകിയിരുന്നു
നിളയെന്നുപേരുള്ള ഭാരതപ്പുഴ .
അവളുടെ പേരിലൊരു മഹാസംസ്കൃതി
ഒളിഞ്ഞിരിപ്പതും നിങ്ങൾ മറന്നു .
ചുറ്റിലും മരതകപ്പച്ചിലക്കാടുതീർക്കാ-
നവൾക്കു കഴിഞ്ഞിരുന്നു .
ചിരിച്ചും കളിച്ചും കുളിരാർന്നും
കുളിരേകിയും മലയാളനാട്ടിൽ
തെളിമയാൽ കരകവിഞ്ഞൊഴുകിയവൾ .
ഇന്നവൾ ദുരമൂത്ത മർത്യർ നിമിത്തം
ദുസ്സഹം ദുരിതപൂർണ്ണം ജീവിതം .
നിളയുടെ ഗർഭപാത്രംവരെ മാന്തിക്കുഴിച്ചവർ
മൃത്യുവിനെ കൺമുന്നിൽക്കണ്ടവൾ
ഭയമോടെ മിഴികളിൽ നിണമൊഴുക്കുന്നു .
കവിതതൻ നേർത്തവരികൾ
കേട്ടുതഴമ്പിച്ച കർണ്ണങ്ങൾ
കേൾക്കുന്നു യന്ത്രത്തിനൊച്ചമാത്രം
സായന്തനങ്ങളിൽ കുളിർകാറ്റുകൊള്ളാൻ
സ്വറ പറഞ്ഞിരിക്കുവാനെത്തും
സൗഹൃദങ്ങളും ഇന്നെത്തുന്നില്ല
എത്രയെത്ര പ്രണയജോഡികൾ
നിത്യം വന്നുപോയിരുന്നു
കനകനിലാവത്ത് എന്റെ തീരത്ത്
പിറവിയെടുത്തെത്രയോ
കഥയും കവിതയും പിന്നെ നോവലും
ഇന്നോ ഇടനെഞ്ച് പൊട്ടി
നിളാനദി കേഴുന്നിതാ ........



**അജിത രതീഷ്**

കവിത

# വിത്തിന്റെ പക



ആന്റണി കൈതാരത്ത്

മണ്ണിന്റെ മാറ് പിളർന്നൊരു
വിത്തുപൊട്ടുന്നു
വിഷം തീണ്ടിയ ഭ്രൂണമൊന്നു
ഉയിരെടുക്കുന്നു
പച്ച കുത്തിയനാമ്പൊന്ന്
തലയുയർത്തുന്നു
പേറൊടുങ്ങിയധരണിനെഞ്ച-
ലച്ചുകരയുന്നു
ഇരുട്ടുതിന്ന ആകാശം
കണ്ണുപൊത്തുന്നു
കുളിർപ്പു വറ്റി മെലിഞ്ഞ പുഴ
ഒലിവു മറക്കുന്നു
തിരയടങ്ങിയ കടൽ അഴൽ
മണലിലൊളിക്കുന്നു
മർത്യഗർവ്വം യാനമായി
ഉയരെ മദിക്കുന്നു
പച്ചകുത്തിയ നാമ്പുയർന്നു
ചുറ്റും നോക്കുന്നു
മഞ്ഞു പുതച്ചുനഗ്നയായി
അമ്മവിറക്കുന്നു
നരൻ ചൂഴ്ന്നമുറിവിൽനിന്ന്
പുഴുക്കളിഴയുന്നു
പച്ചകുത്തിയ പുതുനാമ്പിൻ
കണ്ണു ചുവക്കുന്നു
വൈരം പെരുത്ത ഇളം നാമ്പത്
കറുത്തു വളരുന്നു
ശ്യാമ ശാഖികൾ കൂർത്തു നീണ്ട്
വാനം തുളയ്ക്കുന്നു
ഇരുട്ടു പൂത്ത വാനമാകെ
തകർന്നു വീഴുന്നു
ഇടിഞ്ഞ വാനം മനുഷ്യ ഗർവ്വം
കുഴിച്ചു മൂടുന്നു
വൈരമടങ്ങിയപച്ചനാമ്പത്
വിത്തിലൊളിക്കുന്നു
മഞ്ഞു പുതപ്പിൽ നൂണ്ടിറങ്ങി
സ്വസ്ഥമുറങ്ങുന്നു
പുനർജനിയുടെഒലീവിലകൾ
സ്വപ്നം കാണുന്നു



# വൃക്ഷം

കവിത

ഒരു വൃക്ഷം പുഞ്ചിരി
തൂകിയാടി തന്റെ
ശിഖകളാൽ വരവേറ്റു
ശരൽക്കാലത്തെ..
കാറേറ്റു കൊഴിഞ്ഞു  പോയാ ശിഖരങ്ങളിൽ
പേരിനു പോലും ഇലകളില്ല.
അക്കാലമോർത്തവൾ
പുഞ്ചിരിച്ചു
ശരത്ക്കാലമായിലകൾ തളിർത്തുവല്ലോ.
ജീവിതമീവിധം കണ്ണീരിനാൽ
പുഞ്ചിരിയാൽ
സമ്മിശ്രമല്ലോ.
വിശ്രമവേളകൾ ആനന്ദമാക്കുവാൻ
കിളികളതാ കൂടുകൂട്ടുന്നു
ഒരു പഴംപാട്ട് മൂളിടുന്നു
അതു കേട്ട് വൃക്ഷത്തിനുത്സവമായ് .
ഒരു കൊച്ചുകാറ്റ് വീശീടുന്നു..
മരച്ചില്ലയിൽ ഫലങ്ങൾ ആടിടുന്നു.
തേൻമാവിൻ മാമ്പഴം
ചപ്പിക്കുടിക്കുവാൻ
കുട്ടിക്കൂട്ടമവിടെ യെത്തിടുന്നു.
അതു കണ്ടു വൃക്ഷം ആറാപ്പു വിളിക്കുന്നു..
ഒരു ശീൽക്കാര ശബ്ദത്തോടെ...



ജിഷ മേനോത്തുപറമ്പിൽ



കവിത

# വിളിക്കാതെ യാത്രയായവർ

മാനവമക്കൾ മനുഷ്യത്വമില്ലാതാകവേ-
നിരാലംബരാം മാതാപിതാക്കളെ ത്യജിക്കവേ
മക്കൾതൻ തനയരെ ത്യജിക്കവേ-
ആശ്രയമില്ലാതാം സ്വജീവൻത്യജിക്കവേ.

ദൈവതുല്യരാം തനയരെ മറന്നുപോകവേ
അച്ഛനും അമ്മയെ മരണത്തിലേക്കു നയിക്കുന്നവരാം.
ദൈവത്തിൻ സ്വന്തമെന്നു ആഹ്ലാദിക്കവേ-
അക്ഷരാർത്ഥത്തിൽ അക്ഷരശൂന്യരാകവേ

വരുംകാലത്തിൻ ഭവിഷ്യത്തുക്കൾ അറിയാൻ കഴിയാത്തവരാം
അന്ധതയിൽ അലഞ്ഞുനടക്കവേ-
അന്ധകാരശക്തിയാൽ അന്ധരാകവേ-
കാലചക്രത്തിൻ ഇരുളിൽ പരതിനടക്കവേ-

വിവേകമില്ലാതെ വാർദ്ധക്യത്തിൽ കഴിയവേ
അവസാന സമ്മാനത്തിനായി അണിനിരക്കവേ
ദൈവത്തിൻ കരാളഹസ്തങ്ങളിൽ അന്തിയുറങ്ങവേ
ദൈവവിധിയാൽ വധിക്കപ്പെടവേ

തൻ മക്കളാൽ ചോദ്യമുയരവേ
ഉത്തരമില്ലാവേളയിൽ ഉഴലവേ
ദൈവവിചാരണയാൽ വശംവദരാകവേ
തങ്ങൾതൻ മാതാക്കളുടെ ദീനരോധനം ശ്രവിക്കവേ

ദൈവം നിസ്സഹായകത കാണിക്കവേ
പശ്ചാതാപത്തിനോ, പ്രായശ്ചിത്തത്തിനോ,
സ്വന്തം മാതാപിതാക്കളെ ത്യജിച്ചവരാം
തൻ മക്കളാൽ ദുരിതത്തിലാകവേ

മാനവരേ, പറഞ്ഞക്കൂ നിൻ ജീവിതത്തിൻ നേരാംവഴികൾ
മാളോരേ, സ്വന്തമാക്കൂ, നിൻ സാന്ത്വനത്തിൻ ദിനചര്യകൾ
മറക്കരുതേ, വന്ന നിൻ വഴികൾ
ത്യജിക്കരുതേ, നിൻ ജീവതുല്യരാം മാതാപിതാക്കളെ



കുന്നംകുടത്തു
ഈനാശു പോൾ






കുട്ടികളുടെ മഷിപ്പച്ച പംക്തിയിലേക്ക് എഴുത്തുവഴിയിലെ

# പുതുനാമ്പുകൾക്ക് സ്വാഗതം

**സ്നേ**ഹത്തിന്റെ മഞ്ഞുതുള്ളിയായി ഈ വാക്കുകൾ, നിങ്ങളിൽ നിറയ്ക്കുക, എന്ന സദുദ്ദേശ്യത്തോടെ  മഷിപ്പച്ച മാസികയിലെ ബാലപംക്തിയുടെ ദളങ്ങൾ നിങ്ങളുടെ മുന്നിൽ വിടർത്തുന്നു. ഇതിലെ ഓരോ വരികളും ഓരോ ചിത്രവും മുന്നോട്ടുള്ള, നിങ്ങളുടെ ജീവിതത്തിന് കരുതലും പ്രചോദനവുമാകട്ടെ...

കനിവിന്റെ ബാലപാഠങ്ങൾ,  നന്മയുടെ വിളനിലങ്ങൾ, എന്നിവ അക്ഷരങ്ങളിലൂടെ ചേർത്തുവച്ച്  മുന്നോട്ടു നയിക്കാൻ കുട്ടികളുടെ മഷിപ്പച്ച എന്ന ഈ പംക്തിക്ക് കഴിയുമെന്ന് പ്രതീക്ഷയുണ്ട്.

'സ്നേഹമാണഖിലസാരമൂഴിയിൽ' എന്ന കവി വാക്യത്തിൽ നിന്ന് തന്നെ നമുക്ക് ആരംഭിക്കാം. മുന്നിൽ കാണുന്ന എല്ലാ സഹജീവികളെയും സ്നേഹത്തോടെയും കരുണയോടെയും ഇഷ്ടത്തോടെയും ചേർത്തുവച്ച്, മുന്നോട്ടുപോകാൻ എന്റെ കുരുന്നുകൾക്ക് ആകട്ടെ, നന്മയുടെ പൂവാടിയിൽ നിങ്ങൾ വിതറുന്ന  ഓരോ ചെറിയ  വിത്തുകളും മരമായും പൂവായും കായായും ഭൂമിക്ക് തണലേകട്ടെ... മാനവരാശിക്ക് അനശ്വര  മാതൃകയാവട്ടെ...

കുട്ടികളുടെ  മഷിപ്പച്ച വായിക്കുന്ന നിങ്ങളിൽ, തിരിച്ചറിവിന്റെ നനുത്ത പൂക്കൾ വിടരട്ടെ...

ഇനി മുന്നോട്ടുള്ള ജീവിതത്തിൽ ഈ അക്ഷരക്കൂട്ടുകൾ നിങ്ങൾക്ക് തുണയാവട്ടെ..  വളർന്നു വലുതാവുമ്പോൾ വന്ന വഴികൾ മറക്കാതിരിക്കുക... മറ്റുള്ളവർക്ക് മാർഗദീപങ്ങൾ ആവുക...  ഭൂമിയിലെ വിലയേറിയ മുത്തുകളാവുക... നമുക്കൊരുമിച്ച് മുന്നേറാം.

*** *** ***

**മ**ഷിപ്പച്ച മാസികയിൽ, 15 വയസിനു താഴെയുള്ളവരുടെ രചനകളാണ്  ഉൾപ്പെടുത്തുക. 94462 30972 എന്ന നമ്പറിൽ രചനകൾ വാട്സപ്പ് അയക്കാം. vyaparakeralam@gmail.com എന്ന  ഐഡിയിലേക്ക് ഇമെയിൽ ആയും രചനകൾ അയക്കാം.

കവിത /കഥ / യാത്രാവിവരണങ്ങൾ / ചിത്രങ്ങൾ / അനുഭവക്കുറിപ്പുകൾ / എന്നിവ ചെറിയ രചനകൾ ആയി പഠിക്കുന്ന ക്ലാസ് / സ്കൂൾ / ഫോൺനമ്പർ സഹിതം അയക്കുക

**അശോകേട്ടൻ**
എഡിറ്റർ,
കുട്ടികളുടെ മഷിപ്പച്ച

# കുട്ടിവരകൾ





നീലാഞ്ജൻ . T. V.
class. 4 , S MLPS ചൂലിശ്ശേരി.




ഭഗിനി നിവേദിത .V.B ക്ലാസ്സ് – 3
SMLPS ചൂലിശ്ശേരി




അഭിനവ് . P.B class. 2
SMLPS ചൂലിശ്ശേരി.




വിജയ വൈഷ്ണവി
Std 8, മാർ ഇവാനിയോസ് ബഥനി
പബ്ലിക് സ്കൂൾ, ചേറ്റുകുഴി



ജൊവാൻ മേരി എൻ ജെ
Std 3, St Mary s CBPS Kottekkadu




അഭിജിത്. ടി, Std 9,
മാർ ഇവാനിയോസ് ബഥനി പബ്ലിക്
സ്കൂൾ, ചേറ്റുകുഴി



ഷോൺ എബി ഏബ്രഹാം, Std 8, മാർ ഇവാനിയോസ് ബഥനി പബ്ലിക് സ്കൂൾ, ചേറ്റുകുഴി




റോഷൻ . P. D class 1.
SMLP S ചൂലിശ്ശേരി.

# വിഷുപാട്ട്

മേടം വന്നു വിഷു വന്നു.
വിഷുവിന്റന്ന് കണികണ്ടു.

കൊന്നപ്പൂക്കണ കാലമിതാ
നെല്ല് കൊയ്യണ കാലമിതാ
കൊക്കുകളും താറാവുകളും
കൂടെക്കളിക്കണ കാലമിതാ

മേടം വന്നു വിഷു വന്നു.
വിഷുവിന്റന്ന് കണികണ്ടു.

**നന്ദന രാൾജിൻ**
3rd Std
ഇൻഫെന്റ് ജീസസ് ഗേൾസ്
എൽ പി സ്കൂൾ, അരണാട്ടുകര

# വർഷക്കാലം.

കാറ്റു വന്നു , ഇടിയും മഴയും വന്നല്ലോ.
പാരിലാകെ സന്തോഷത്തിൻ നാമ്പുണർന്നല്ലോ.
ചാഞ്ഞുറങ്ങും നൽപൂച്ചെടികൾ ഉണർന്നുവന്നല്ലോ.
പൂക്കൾ തൻ സൗരഭ്യത്താൽ രാവുണർന്നല്ലോ.
വെയിൽകൊണ്ടു കരിഞ്ഞു പോയ പുൽപ്പരപ്പുകൾ,
മഴനനഞ്ഞു പച്ചപിടിച്ചു ഭംഗിയായല്ലോ.
പുതുമഴയിൽ ആമോദത്താൽ കുട്ടികളെല്ലാം ,
കുടനിവർത്തി അങ്ങുമിങ്ങും ഓടീടുന്നു.
മാനത്ത് മഴക്കാറ് തിങ്ങി നിറഞ്ഞപ്പോൾ ,
താഴത്ത് മയിലുകളിന്ന് നർത്തനം ചെയ്യുന്നു.
ഹാ മഴ -- ഹാ മഴ വന്നു പോയല്ലോ ,
മഴവെള്ളത്തിൽ തുള്ളിച്ചാടി കളിച്ചിടാമല്ലോ!

**പ്രത്യുഷ സന്തോഷ്.**
Std 7 St. Pauls C.E.H.S. school Kuriachira